സെപ്തംബർ 2018

Price ₹ 25

# ജീവനും വെളിച്ചവും



**ഏറ്റവും നിസ്സഹായരായ
സഹോദരങ്ങളെ സഹായിക്കുമ്പോഴാണ്
ഉപാധികളില്ലാത്ത സ്നേഹം നാം അനുഭവിക്കുന്നത്**

– ഫ്രാൻസിസ് പാപ്പ



പരിശുദ്ധ വേളാങ്കണ്ണിമാതാ ദൈവാലയം
നമ്പ്യാതി, തിരുവനന്തപുരം ലത്തീൻ അതിരൂപത
ദൈവാലയ ആശീർവാദം
2018 സെപ്തംബർ 8 വൈകുന്നേരം 3 ന്
മോസ്റ്റ് റവ. ഡോ. സൂസപാക്യം എം.
തിരുവനന്തപുരം അതിരൂപതാ മെത്രാപ്പൊലീത്ത
ഇടവക മദ്ധ്യസ്ഥ തിരുനാൾ
2018 സെപ്തംബർ 9 മുതൽ 16 വരെ
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.
തിരുവനന്തപുരം അതിരൂപതാ സഹായ മെത്രാൻ
ഏവർക്കും സ്വാഗതം
ഫാ. വിക്ടർ എവരിസ്റ്റസ്
ഇടവക വികാരി
പാരിഷ് കൗൺസിൽ

## ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2018 സെപ്തംബർ
പുസ്തകം - 42 ലക്കം - 9
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. എഡിസൺ വൈ.എം.
ഫാ. ലോറൻസ് കുലാസ്
ഫാ. ഡൈസൺ
ഫാ. ലെനിൻ രാജ്
ഫാ. മൈക്കിൾ തോമസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
ഫാ. ദീപക് ആന്റോ
എം. ആർക്കാഞ്ചലോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
ഡോ. ഐറിസ്
ലോറൻസ് ഫെർണാണ്ടസ്
സി. ലിസ്യൂ വർഗ്ഗീസ് എസ്.വി.സി.
അഡ്വ. എം.എ.ഫ്രാൻസിസ്
ബർണാഡ് മൊറായിസ് ജെ.
**ഓഫീസ് നിർവ്വഹണം**
സി. ലീല മൂഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ


# ദുരന്ത ഭൂവിൽ നിന്ന് നവകേരളത്തിലേക്ക്

നമ്മുടെ നാട് സമാനതകളില്ലാത്ത വൻ ദുരന്തത്തിലൂടെ കടന്നുപോവുകയാണ്. സംസ്ഥാനത്തിന്റെ ദുരന്ത പട്ടികയിൽ അതിരൗദ്രഭാവം പൂണ്ട് ആഞ്ഞുവീശിയ ചുഴലിക്കൊടുങ്കാറ്റിനെ തുടർന്നുണ്ടായ പേമാരിയും, ഉരുൾപൊട്ടലും, വെള്ളപ്പൊക്കവും ഉയർത്തുന്ന വെല്ലുവിളികൾ അതീവ ഗൗരവമുള്ളതാണ്.

2017 നവംബർ 29 ന് ആഞ്ഞുവീശിയ ചുഴലിക്കൊടുങ്കാറ്റിൽ തിരുവനന്തപുരം, കന്യാകുമാരി ജില്ലകളിൽ നിന്നുമാത്രം 350 ലേറെ ജീവനുകളാണ് പൊലിഞ്ഞുപോയത്. അതിലുമേറെ ജീവനപഹരിച്ച്, തിമിർത്ത് പെയ്ത പേമാരിയും, ഉരുൾപൊട്ടലും നൽകുന്ന പാഠങ്ങൾ മലയാളി മനസ്സ് ഉൾക്കൊള്ളണം. ലോകചരിത്രത്തിനു തന്നെ മാതൃകയാകുന്ന സാമൂഹ്യകൂട്ടായ്മയിലൂടെയും, ജാഗ്രതയോടെയുള്ള ഭരണസംവിധാനത്തിന്റെ ഇടപെടലിലൂടെയും നടന്ന ദരുന്തനിവാരണ പ്രവർത്തനം ശ്ലാഘനീയമാണ്. ഈ രംഗത്ത് മത്സ്യത്തൊഴിലാളികൾ കാണിച്ച അതിസാഹസികവും കരളലിയിപ്പിക്കുന്നതുമായ രക്ഷാപ്രവർത്തനം തങ്കലിപികളിൽ രേഖപ്പെടുത്തണം.

1972-ൽ സ്റ്റോക് ഹോമിൽ ചേർന്ന 107 രാഷ്ട്രങ്ങളുടെ പ്രതിനിധികൾ ഒരുമിച്ചു കൈക്കൊണ്ട ധീരമായ നിലപാടാണ്, 'പ്രകൃതിയെ വരും തലമുറക്കായി സംരക്ഷിച്ചുകൊണ്ടാകണം വികസനം' എന്നത്. തുടർന്ന് നടന്ന ലോകപരിസ്ഥിതി സമ്മേളനങ്ങളുടെ പട്ടികയിൽ 2014 ൽ ചേർന്ന പാരീസ് കാലാവസ്ഥാ സമ്മേളനം, കാർബൺ വാതക ബഹിർഗമനത്തിൽ രാഷ്ട്രങ്ങൾ കൈക്കൊള്ളേണ്ട ഉറച്ച നിലപാട് വ്യക്തമാക്കി. എന്നാൽ വികസനത്തിന്റെ പേരുപറഞ്ഞ്, അത്യാർത്തിപൂണ്ട മനുഷ്യൻ കടലമ്മയെയും, ഭൂമീദേവിയേയും തകർത്തുതരിപ്പണമാക്കിക്കൊണ്ടിരിക്കുകയാണ്. കസ്തൂരിരംഗൻ റിപ്പോർട്ട് ലോലമായ പ്രകൃതിയെപ്പോലും വന്ധ്യംകരിക്കുന്ന മലയാളി മനസ്സുകൾക്ക് വെല്ലുവിളി ഉയർത്തുന്നു.

ദൈവത്തിന്റെ സ്വന്തം നാട്ടിൽ നിന്നും നിഷ്കാസിതമായ ദൈവ-മനുഷ്യ മുഖം വീണ്ടെടുക്കാനുള്ള ആഹ്വാനമാണ്, നാം നേരിടുന്ന പ്രകൃതിദുരന്തം. കാലം നൽകുന്ന സൂചനകളെ ശിരസ്സാവഹിച്ച്, ദുരന്തമുഖത്ത് പൊതുസമൂഹവും, ഭരണ-പ്രതിപക്ഷ സംവിധാനങ്ങളും കൈക്കൊണ്ട സമർത്ഥമായ ഇടപെടൽ ലോകസമൂഹങ്ങൾ നൽകുന്ന പിൻബലത്തോടെ നവകേരള സൃഷ്ടിക്കായി വിനിയോഗിക്കാനാകണം. രാജ്യത്തിന്റെ പ്രധാനമന്ത്രിമാരായിരുന്ന വി.പിയോടും, പി.വിയോടും ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ പറഞ്ഞതോർക്കുന്നു: 'ഈ രാജ്യം ഭരിക്കാനുള്ള രസതന്ത്രം മെനയാൻ ചെയ്ബാസയിലെയും, ഛത്തിസ്ഗഡിലെയും ആദിവാസി സമൂഹത്തിന്റെ രീതിശാസ്ത്രങ്ങൾ പഠിക്കണമെന്ന്.' എന്നതുപോലെ, ഈ ദുരന്തമുഖത്ത് തുറന്ന മനസ്സോടെ ഇടപെട്ട ദളിത്-ആദിവാസി-മത്സ്യത്തൊഴിലാളി-കർഷക-പ്രകൃതി-മനുഷ്യാവകാശ-യുവജന സ്ത്രീ-കൂട്ടായ്മകളുടെ സഹകരണത്തോടെയാവണം നവകേരളമാനങ്ങൾ തീർക്കേണ്ടത്.

ദുരന്തഭൂമിയിൽ ആശങ്കകളോടെ കടന്നുപോകുന്നവരോടുള്ള ഐക്യദാർഢ്യത്തിൽ...

- പത്രാധിപർ




## എന്നും നമ്മോടൊപ്പം

മാതാവിന്റെ സ്വർഗാരോപണ തിരുനാളിനോടനുബന്ധിച്ച് സി.ജോസഫച്ചന്റെ ലേഖനം തിളക്കമുള്ളതായിരുന്നു. ലോകത്തെ ഒന്നിപ്പിക്കുന്ന അമ്മയാണ് പരിശുദ്ധ കന്യകാമറിയം. ആ ആശ്വാസം തേടിയാണ് ലോകമെങ്ങുമുള്ള മരിയൻ തീർത്ഥാടന കേന്ദ്രങ്ങളിൽ ജനലക്ഷങ്ങൾ അണയുന്നത്. കാലിത്തൊഴുത്തുമുതൽ കാൽവരി വരെ ഈശോയോടൊപ്പവും സെഹിയോൻശാല മുതൽ ഇന്നത്തെ നമ്മുടെ സന്ധ്യാപ്രാർത്ഥിയിൽവരെ യേശുവിനോടൊപ്പം പരിശുദ്ധ അമ്മയും സന്നിഹിതയാണ്. യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ വക്താവാണ് കന്യകാമറിയം.

സ്വർഗം തേടിയുള്ള ക്രൈസ്തവ യാത്രയിൽ വെളിച്ചം പകരുന്ന വിളക്കുകൂടിയാണ് പരിശുദ്ധ അമ്മ. നന്മ നിറഞ്ഞ മറിയമേ എന്ന് കൂടുതൽ പ്രത്യാശയോടെ ജപമാല ചൊല്ലാൻ സഹായിക്കുന്നതായിരുന്നു അച്ചന്റെ ലേഖനം. അഭിനന്ദനങ്ങൾ.

- റീനാ ലൂഷ്യസ്, മംഗലപുരം

## ഭാരതം എങ്ങോട്ട്: പ്രസക്തമായ ചോദ്യം

ആഗസ്റ്റ് ലക്കം ജീവനും വെളിച്ചവും മാസകയിലെ മുഖപ്രസംഗം അർത്ഥവത്തായി. ഭാരതം എങ്ങോട്ട് എന്ന ചോദ്യം പ്രസക്തമാണ്. 72-ാം സ്വാതന്ത്ര്യദിനം ആഘോഷിച്ച ഓരോ ഇന്ത്യാക്കാരനും നെഞ്ചോട് കൈവച്ച് ചോദിക്കേണ്ട ചോദ്യം. നമുക്ക് സ്വാതന്ത്ര്യം നേടിത്തന്ന ധീരോദാത്തരായ മഹാത്മാക്കൾ സ്വപ്നം കണ്ട ഇന്ത്യയല്ല ഇന്നുള്ളത്. എന്തൊക്കെയോ അസ്വസ്ഥതകളുടെ പുകമഞ്ഞിലാണ് എന്റെ ഇന്ത്യ. പുതിയ നിയമങ്ങളും നിയന്ത്രണങ്ങളും വരുമോയെന്ന് ആശങ്കയോടെ ജനങ്ങൾ ഉറ്റുനോക്കുന്നു. അസഹിഷ്ണുതയുടെയും ഏകാധിപത്യത്തിന്റെയും സ്വേച്ഛാധിപത്യത്തിന്റെയും നീരാളിക്കൈകൾ ഭരണഘടനയുടെ പരിപാവനതയുടെ മേൽ പിടിമുറുക്കുന്നുവോ? ജാതി മതവർഗവർണങ്ങളുടെ പേരിലുള്ള അരുംകൊലകൾ ലോകരാഷ്ട്രങ്ങളുടെ ഇടയിൽ ഇന്ത്യയുടെ യശസ്സിന് കളങ്കം ചാർത്തിക്കഴിഞ്ഞു. പകുതിയിലേറെ ഇന്ത്യക്കാരും ദാരിദ്ര്യത്തിൽ, അജ്ഞതയിൽ ആണ്ടുകിടക്കുമ്പോൾ സ്വാതന്ത്ര്യദിനാഘോഷങ്ങൾക്ക് എന്തെങ്കിലും പ്രസക്തിയുണ്ടോ. ചന്ദ്രനിലും സൂര്യനിലും ആളെ അയച്ച് ഇന്ത്യ അതികേമനാകാൻ പെടാപ്പാട് പെടുമ്പോൾ അന്നവും അഭയവുമില്ലാതെ ആയിരങ്ങളുടെ യാത്ര കാലപുരിയിലേക്കാണ്. പണക്കാരും അതിസമ്പന്നരും വീണ്ടും മഹാപണക്കാരാകുന്ന ഇന്ത്യാ മഹാരാജ്യത്തെക്കുറിച്ച് ഭരണാധികാരികൾ ഊറ്റംകൊള്ളുന്നു. കോരന്റെ കുമ്പിളിൽ പോഷകപ്രധാനമായ നല്ല കഞ്ഞിയെങ്കിലും നൽകാൻ അധികാരികൾക്ക് കഴിയുന്നില്ലെങ്കിൽ എന്ത് ജനാധിപത്യം? എന്ത് പരമാധികാര റിപ്പബ്ലിക്കും ഏകത്വവും?

- ജെറാൾഡ് ബി.മിരാൻഡ

## പ്രതികരണങ്ങൾ ക്ഷണിക്കുന്നു

ജീവനും വെളിച്ചവും മാസികയുടെ വായനക്കാരിൽ നിന്നും പ്രതികരണങ്ങൾ ക്ഷണിക്കുന്നു. മാസികയിൽ പ്രസിദ്ധീകരിക്കുന്ന എല്ലാ സൃഷ്ടികളെക്കുറിച്ചും അവയിലൂടെ പ്രകടിപ്പിക്കപ്പെടുന്ന ആശയങ്ങളെക്കുറിച്ചും സമകാലിന വിഷയങ്ങളെക്കുറിച്ചും വായനക്കാർക്ക് പ്രതികരിക്കുകയും വിമർശിക്കുകയും ചെയ്യാം. പ്രതികരണങ്ങളിൽ യോഗ്യമായവ മാസിയുടെ അടുത്ത ലക്കങ്ങളിൽ പ്രസിദ്ധീകരിക്കുന്നതുമാണ്.

- പത്രാധിപർ

## മോദിയുടെ ഭരണനേട്ടം!

ഇന്ത്യ കുതിക്കുന്നു, തിളങ്ങുന്നു, വിളങ്ങുന്നു എന്നൊക്കെയാണ് കെ.സുരേന്ദ്രന്റെ വാദം. സാധാരണ ഇന്ത്യക്കാരന്റെ ആപ്പീസ് പൂട്ടിക്കാനായി എന്നതുമാത്രമാണ് മോദിയുടെ ഭരണ നേട്ടം.

കേന്ദ്ര-കേരള സർക്കാരുകളുടെ ഭരണനേട്ടപ്രളയത്താൽ രാജ്യമെങ്ങും തേനും പാലും സമ്പത്തും കവിഞ്ഞൊഴുകുകയാണ്. രാജ്യസഭയിൽക്കൂടി ഭൂരിപക്ഷം കിട്ടിയാൽ ഇന്ത്യ എടുത്തുമറിക്കുമെന്നാണ് മോദി അനുകൂലികളുടെ വാദഗതി. മോദി പാവപ്പെട്ടവരെ ഉയർത്തി ഉയർത്തി ആകാശത്തിൽ മുട്ടാറായി. രാജ്യത്തെ ദാരിദ്ര്യം പെരുപ്പിക്കാനേ മോദിക്ക് കഴിഞ്ഞുള്ളൂ. ഇങ്ങനെയാണെങ്കിൽ 2019 ലെ പൊതു തെരഞ്ഞെടുപ്പിൽ മോദിയുടെ ആപ്പീസ് ജനങ്ങൾ പൂട്ടിക്കും.

- വിയാനോ, പാളയം

# താളുകളിൽ

## ലേഖനം

10 വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസം
രാജൻ എം.

12 കുട്ടികളുടെ സമഗ്ര വികസനത്തിന് സ്റ്റുഡൻസ് ഫോറങ്ങൾ
ഫാ. ലെനിൻ ഫെർണാണ്ടസ്

16 കാരുണ്യ വിശുദ്ധിയിൽ
അശ്വതി അഗസ്റ്റിൻ

18 അറിവും അക്ഷരവും അതല്ലേ എല്ലാം?
ആബേൽ എം.ചെറിയമുട്ടം

24 കഥ: തലോടൽ
സിസ്റ്റർ മേരി എസ്റ്റൽ സി.സി.ആർ

26 ഒരു അധ്യാപികയുടെ അനുഭവപാഠങ്ങൾ
ജൂലിയറ്റ് അഗസ്റ്റിൻ

## സ്ഥിരം പംക്തികൾ

20 തുടർമഴ
ഫാ. ലെനിൻ ഫെർണാണ്ടസ്

22 വർത്തമാനം
അഗസ്റ്റിൻ കണിപ്പിള്ളി

27 അടിസ്ഥാന ക്രൈസ്തവ സമൂഹം

28 വാർത്തകൾ

30 നീർച്ചാലുകൾ

35 അജപാലനം

36 വചനജ്വാല

39 കാനോൻ നിയമത്തിൽ

40 ഇളംതൂവൽ

42 നേർക്കാഴ്ച
ജെ.സി.

# കർമ്മധീരരായ മത്സ്യത്തൊഴിലാളി



പ്രളയദുരന്ത ജീവരക്ഷാ പ്രവർത്തനത്തിലൂടെ ലോകത്തിന് മാതൃക സൃഷ്ടിച്ച തിരുവനന്തപുരം ലത്തീൻ അതിരൂപതാംഗങ്ങളായ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ, മന്ത്രി കടകംപള്ളി സുരേന്ദ്രൻ, ജില്ലാ കളക്ടർ ഡോ. വാസുകി ഐഎഎസ്, ഫാ.

# കൾക്ക് അതിരൂപതയുടെ ആദരം



മത്സ്യത്തൊഴിലാളികൾക്ക് തിരുവനന്തപുരം അതിരൂപത അഭിമാനപൂർവ്വം നൽകിയ ആദരവ്.  ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം, ലെനിൻരാജ്, ഫാ. തിയോഡേഷ്യസ് ഡിക്രൂസ് എന്നിവർ കർമ്മധീരരായ മത്സ്യത്തൊഴിലാളികളോടൊപ്പം.



**അഭിമാനപൂർവ്വം ഈ ആദരം....** പ്രളയ ജീവരക്ഷാ പ്രവർത്തനത്തിൽ പങ്കെടുത്ത മത്സ്യത്തൊഴിലാളികളെ ലത്തീൻ അതിരൂപത സംഘടിപ്പിച്ച സമ്മേളനത്തിൽ മത്സ്യത്തൊഴിലാളികളുടെ ധീരോദാത്തമായ സഹകരണത്തെയും അഭിനന്ദിച്ചുകൊണ്ട് ജില്ലാ കളക്ടർ ഡോ. വാസുകി ഐ.എ.എസ് കൂപ്പുകൈകളോടെ ആദരം അർപ്പിക്കുന്നു.

# അഭിമാനപൂർവ്വം ഈ ആദരം

**തിരുവനന്തപുരം:** പ്രളയരക്ഷാ പ്രവർത്തനത്തിൽ ലോകത്താകെ മാതൃക സൃഷ്ടിച്ച മത്സ്യത്തൊഴിലാളികളെ തിരുവനന്തപുരം ലത്തീൻ അതിരൂപത ആദരിച്ചു.

വെള്ളയമ്പലം ലിറ്റിൽ ഫ്ളവർ പാരീഷ് ഹാളിൽ അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ് ഡോ. സൂസ പാക്യത്തിന്റെ അധ്യക്ഷതയിൽ നടന്ന ആദരിക്കൽ സമ്മേളനം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. ബിഷപ്പ് ഡോ. ക്രിസ്തുദാസ് സ്വാഗതം ആശംസിച്ച ചടങ്ങിൽ ജില്ലാ കളക്ടർ ഡോ. വാസുകി രക്ഷാപ്രവർത്തനത്തിൽ മത്സ്യത്തൊഴിലാളികൾ നൽകിയ ധീരോദാത്തമായ സഹകരണത്തിന് കൂപ്പുകൈകളോടെ നന്ദിപറഞ്ഞു. റ്റി.എം.എഫ്. ഡയറക്ടർ ഫാ. ഷാജിൻ ജോസ്, പ്രസിഡന്റ് ജോൺ ബോസ്കോ, കെ.സി.വൈ.എം. പ്രസിഡന്റ് എം.എ. ജോണി, മത്സ്യത്തൊഴിലാളി പ്രതിനിധികളായ നെൽസൺ - അഞ്ചുതെങ്ങ്, ഇഗ്നേഷ്യസ്-വലിയതുറ, പാൺസ്-കോവളം, ജോണി ചെക്കിട്ട - പുല്ലുവിള എന്നിവർ പ്രസംഗിച്ചു.

ചടങ്ങിൽവച്ച് ആർച്ച്ബിഷപ്പ് ജീവൻ രക്ഷാപതക്കം അണിയിച്ചു. സഹായമെത്രാൻ മെമന്റോകൾ നൽകിയും മത്സ്യത്തൊഴിലാളികളെ ആദരിച്ചു.



ആദരിക്കാൻ തിരുവനന്തപുരം
ജീവരക്ഷാ പ്രവർത്തനത്തെയും

# മത്സ്യത്തൊഴിലാളികൾ ലോക മാതൃക: മന്ത്രി കടകംപള്ളി

**തിരുവനന്തപുരം:** രക്ഷാപ്രവർത്തനത്തിൽ ഒരിക്കലും വിസ്മരിക്കാനാവാത്ത പേരാണ് മത്സ്യത്തൊഴിലാളികളുടേതെന്നും രക്ഷാപ്രവർത്തനത്തിൽ അവർ ലോകത്തിന് ഒരു പുതിയ മാതൃക സൃഷ്ടിച്ചിരിക്കുകയാണെന്നും മന്ത്രി കടകംപള്ളി സുരേന്ദ്രൻ. കേരള ചരിത്രത്തിൽ ഇതുവരെയുണ്ടാകാത്ത വലിയ ദുരന്തത്തെയാണ് കേരളം നേരിട്ടതെന്നും അതിൽ കൂട്ടായ പരിശ്രമം വിജയം കണ്ടുവെന്നും, ലോകം ഇന്ന് കേരളത്തിന് മുന്നിൽ സഹായഹസ്തവുമായി നിൽക്കുകയാണെന്നും മന്ത്രി പറഞ്ഞു. അതിരൂപത സംഘടിപ്പിച്ച മത്സ്യത്തൊഴിലാളി ആദരിക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മന്ത്രി. മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി അതിരൂപതാ നേതൃത്വം മുന്നോട്ടുവച്ച നിർദ്ദേശങ്ങളിൽ അനുഭാവപൂർവ്വമായ തീരുമാനങ്ങൾ ഉണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

# വികസനത്തിന് മദ്യാസക്തി ഉപേക്ഷിക്കണം

**തിരുവനന്തപുരം:** മദ്യാസക്തിയെ നിയന്ത്രിക്കാനും ഉപേക്ഷിക്കാനും കഴിഞ്ഞാൽ മറ്റാരെക്കാളും വികസനത്തിന്റെ പാതയിൽ മുന്നേറാൻ തീരദേശവാസികൾക്ക് സാധിക്കുമെന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപതാ അധ്യക്ഷൻ ഡോ. സൂസപാക്യം എം. പ്രളയ ജീവരക്ഷാ പ്രവർത്തനത്തിൽ പങ്കെടുത്ത മത്സ്യത്തൊഴിലാളികളെ ആദരിക്കുന്ന ചടങ്ങിലാണ് രൂപതാധ്യക്ഷൻ ഈ ആഹ്വാനം നടത്തിയത്.

കടമ്പകൾ ധാരാളമുണ്ടെങ്കിലും ജനങ്ങളുടെ മദ്യാസക്തിയെ ചൂഷണം ചെയ്യാതെ തങ്ങളെപ്പോലുള്ളവരുമായി സഹകരിച്ചുകൊണ്ട് ജനങ്ങളോട്, പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികളോട് ദയകാണിക്കണമെന്നാണ് സർക്കാരിനോട് അപേക്ഷിക്കാനുള്ളത്. സർക്കാരിന്റെ ഒരു പിടി നല്ല പ്രവർത്തനങ്ങളെ വിസ്മരിക്കുന്നില്ല. പലപ്പോഴും മദ്യനയത്തിന്റെ കാര്യത്തിലാണ് ഞങ്ങൾക്ക് സർക്കാരുമായി ഏറ്റുമുട്ടേണ്ടിവരുന്നതെന്നും ആർച്ച്ബിഷപ്പ് പറഞ്ഞു.

# ഓഖി: വാഗ്ദാനങ്ങൾ നിറവേറ്റണമെന്ന് ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം

**തിരുവനന്തപുരം:** ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ വാഗ്ദാനങ്ങൾ എത്രയും വേഗം നിറവേറ്റണമെന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപതാ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം എം. പ്രളയദുരന്ത രക്ഷാപ്രവർത്തകരായ മത്സ്യത്തൊഴിലാളികളെ ആദരിക്കുന്ന പരിപാടിയിൽ അധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. ഭയാനകമായ ഓഖി ദുരന്തത്തിന്റെ ആഘാതത്തിൽ നിന്ന് നിരന്തരമായ കടലേറ്റത്തിന്റെ കെടുതികളിൽ നിന്നും തീരദേശവാസികൾ ഇനിയും മോചിതരായിട്ടില്ല.

സർക്കാർ ചെയ്ത എല്ലാ നല്ല കാര്യങ്ങൾക്കും അനുഭാവപൂർവ്വമായ സമീപനത്തിനും നൽകിയ വാഗ്ദാനങ്ങൾക്കും നന്ദിയുണ്ട്. എന്നാൽ വാഗ്ദാനം നിറവേറ്റുന്നതിൽ നേരിടുന്ന കാലതാമസം ഒഴിവാക്കണം. തീരദേശവാസികൾക്ക് നൽകിയ വാഗ്ദാനങ്ങളും അവർക്കായി ആസൂത്രണം ചെയ്ത പദ്ധതികളും പ്രളയത്തിൽപ്പെട്ടുപോകരുതെന്ന ആത്മാർത്ഥമായ അപേക്ഷ തങ്ങൾക്കുണ്ട്.

സർക്കാർ രൂപീകരിക്കാനുദ്ദേശിക്കുന്ന ഡിസാസ്റ്റർ മാനേജ്മെന്റ് ടീമിൽ മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തുകയും കോസ്റ്റ് ഗാർഡ്, മറൈൻ എൻഫോഴ്സ്മെന്റ് എന്നിവയിലെ നിയമനങ്ങളിൽ കുറഞ്ഞത് 50 ശതമാനമെങ്കിലും മത്സ്യത്തൊഴിലാളികളുടെ മക്കൾക്കായി സംവരണം ചെയ്യുകയും വേണമെന്നും അദ്ദേഹം പറഞ്ഞു.

ലേഖനം

രാജൻ എം.



# വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസം

**വിദ്യാർത്ഥീ കേന്ദ്രീകൃതമായ ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് ഇന്ന് ലോകത്തിന് അഭികാമ്യമായിട്ടുള്ളത്. അറിവിന്റെ ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഉൾക്കൊള്ളാൻ വിദ്യാർത്ഥീ കേന്ദ്രീകൃത വിദ്യാഭ്യാസ പദ്ധതിക്ക് മാത്രമേ കഴിയൂ.**

ലോകം മുൻപെങ്ങും കണ്ടിട്ടില്ലാത്തവിധം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. പുതിയ തലമുറയിൽപ്പെട്ട സ്ഥാപനങ്ങൾ പുത്തൻ സാങ്കേതികവിദ്യ ഉപയോഗിച്ച് ആഗോളതലത്തിൽ പ്രവർത്തിക്കുകയും, ധ്രുതഗതിയിൽ സാമ്പത്തികരംഗത്ത് മേധാവിത്വം നേടുകയും ചെയ്യുന്നു. അസ്ഥിരത, അനിശ്ചിതത്വം, സങ്കീർണ്ണത, അവ്യക്തത എന്നീ വാക്കുകളാണ് സമകാലിക ലോക സാമ്പത്തിക അവസ്ഥയെ വിവരിക്കാൻ ഉപയോഗിക്കുന്നത്. ഇത്തരം മാറ്റങ്ങൾ തൊഴിൽ മേഖലയെ നേരിട്ട് സ്വാധീനിക്കുന്നതിനാൽ വിദ്യാഭ്യാസ പ്രക്രിയയിലും പരിവർത്തനം അനിവാര്യമാണ്.

ഇന്ത്യയിൽ ഓരോ വർഷവും 2.4 കോടി ആളുകൾ 21 വയസ്സ് പൂർത്തിയാക്കുന്നു. അതിൽ 1.7 കോടി പേരും തൊഴിൽ അന്വേഷകരാണ്. ഇവരുടെ സംഖ്യ പ്രതിവർഷം പത്തുശതമാനം വർധന രേഖപ്പെടുത്തുന്നു. എന്നാൽ ഇന്ത്യയിൽ 55-60 ലക്ഷം തൊഴിൽ അവസരങ്ങളാണ് ലഭ്യമാകുന്നത്. അതിനാൽ കടുത്ത മത്സരത്തിലൂടെ കഴിവുറ്റ യുവജനങ്ങൾക്ക് മാത്രമേ മികച്ച തൊഴിൽ ലഭിക്കുകയുള്ളൂ. തൊഴിൽ നേടാൻ ആവശ്യമായ വൈദഗ്ധ്യം നേടുക എന്ന വെല്ലുവിളി ആണ് യുവജനങ്ങൾ ഏറ്റെടുക്കേണ്ടത്.

കേരളം ലോകത്തിനുമുന്നിൽ മികച്ച വികസന മാതൃക ആയി മാറുമ്പോഴും ഇവിടെ വസിക്കുന്ന ലത്തീൻ കത്തോലിക്കരും ആദിവാസി സമൂഹവും ഏറ്റവും ദുർബലവിഭാഗത്തിൽപെടുന്നു. കേരളത്തിലെ

സാമൂഹ്യ സാമ്പത്തിക ക്രമത്തിൽ വലിയ മാറ്റങ്ങൾ സംഭവിക്കുന്നു. സേവന മേഖലയിലാണ് കേരളത്തിൽ നിക്ഷേപം നടക്കുന്നതും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതും കാലാനുസൃതമായ മാറ്റങ്ങൾ വിദ്യാഭ്യാസത്തിലും സമീപനത്തിലും, മനോഭാവത്തിലും വരുത്തുന്നതിലൂടെ മാത്രമേ യുവജനങ്ങൾക്ക് മികച്ച തൊഴിൽ അവസരങ്ങൾ ലഭിക്കുകയുള്ളൂ.

ഭാഷാപരിജ്ഞാനം, ശാസ്ത്രവിഷയങ്ങളിലും, ഗണിതത്തിലും ഉള്ള പ്രാവീണ്യം വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രാഗത്ഭ്യം എന്നിവയ്ക്കൊപ്പം നേതൃത്വപാടവം, ആശയവിനിമയത്തിനുള്ള കഴിവ് എന്നിവയിലും ഊന്നൽ നൽകിയുള്ള പഠനമാണ് അഭികാമ്യം. പ്രൈമറിതലത്തിൽ വിവിധ വിഷയങ്ങളിൽ താല്പര്യം സൃഷ്ടിക്കുകയും ആസ്വദിച്ചു പഠിക്കുന്നതിന് അവസരം നൽകുകയും ചെയ്യുന്നതിലൂടെ വിദ്യാഭ്യാസം ആയാസരഹിതമാക്കാം. വിദ്യാർത്ഥിഫോറം, ബി.സി.സി, ഇടവക എന്നിവയിൽ പഠനവിഷയവുമായി ബന്ധപ്പെട്ട മത്സരങ്ങൾ സംഘടിപ്പിച്ചു പഠനനിലവാരം ഉയർത്തുന്നതിനൊപ്പം വിദ്യാർത്ഥികളിൽ ആത്മവിശ്വാസം വർധിപ്പിക്കാനും സാധിക്കും.

വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസം വിജയിക്കാൻ പ്രൈമറിതലം മുതലെങ്കിലും കൃത്യമായ ലക്ഷ്യം വച്ച് പരിപാടി ആസൂത്രണം ചെയ്യുകയും ബി.സി.സികളിൽ കൂട്ടായ ശ്രമത്തിലൂടെ നടപ്പിൽ വരുത്തുകയും വേണം. വിദ്യാഭ്യാസ ശുശ്രൂഷ പ്രതിനിധിക്ക് ഈ മാതൃകയിൽ നിർണായക പങ്ക് വഹിക്കാനുണ്ട്. ഇടവകയിലെ എല്ലാ വിദ്യാഭ്യാസ ശുശ്രൂഷ പ്രതിനിധികളും ചേർന്ന് വിദ്യാഭ്യാസ സമിതിക്ക് രൂപം നൽകണം. ഈ സമിതി ഇടവകയിലെ എല്ലാ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുകയും സ്റ്റുഡന്റ്സ് ഫോറം കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യണം.

ഒന്നാം ക്ലാസിലെ എല്ലാ വിദ്യാർത്ഥികളും ഒന്നുമുതൽ നൂറുവരെ തെറ്റ് കൂടാതെ ഉറക്കെ എണ്ണാൻ സ്റ്റുഡന്റ് സ് ഫോറത്തിലും ബിസിസിയിലും അവസരം നൽകണം. ശരിയായി എണ്ണാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് വീണ്ടും വീണ്ടും അവസരം നൽകണം. ശരിയായി എണ്ണിക്കഴിയുമ്പോൾ അഭിനന്ദിക്കുകയും, സദസിന് മുന്നിൽവച്ച് ഒരു സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യണം. ഇത്തരത്തിൽ രണ്ടാം ക്ലാസിലെ വിദ്യാർത്ഥികളും മലയാളത്തിലേയും ഇംഗ്ലീഷിലെയും അക്ഷരമാല സദസിൽ ഉറക്കെ ചൊല്ലാനും തെറ്റ് കൂടാതെ എഴുതാനും സാധിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യണം. ക്ഷമയോടെ, എല്ലാവരുടെയും കൂട്ടായ ശ്രമത്തിലൂടെ എല്ലാ കുട്ടികൾക്കും പഠനത്തിൽ മുന്നേറാനും ആത്മവിശ്വാസം വർധിപ്പിക്കാനും അവസരം ലഭിക്കും.

മൂന്നാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥി രണ്ടക്കമുള്ള സംഖ്യ കൂട്ടാനും കുറയ്ക്കാനും ഗുണിക്കാനും ഹരിക്കാനും പഠിക്കണം. നാലം ക്ലാസിൽ അക്ഷര തെറ്റ് കൂടാതെ മലയാളവും ഇംഗ്ലീഷും എഴുതാൻ പഠിക്കണം. അഞ്ചാം ക്ലാസിൽ അക്ഷര തെറ്റ് കൂടാതെ ഹിന്ദി എഴുതാൻ പഠിക്കണം. ആറാം ക്ലാസിൽ ഗണിതശാസ്ത്രത്തിലും ഏഴാം ക്ലാസിൽ ശാസ്ത്രവിഷയങ്ങൾക്കും ഊന്നൽ നൽകണം. ഇതിന് ആവശ്യമായ ടെസ്റ്റ് നടത്താനും, എല്ലാ വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ച് വിജയം ഉറപ്പുവരുത്താനും, സർട്ടിഫിക്കറ്റ് നൽകി അംഗീകരിക്കാനും വിദ്യാഭ്യാസ ശുശ്രൂഷ പ്രതിനിധികളും, വിദ്യാഭ്യാസ സമിതിയും നേതൃത്വം നൽകണം.

എട്ടാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള പഠനകാലത്ത് വിദ്യാർത്ഥികൾക്ക് വിവിധ തൊഴിലുകളെ പരിചയപ്പെടാൻ അവസരം ലഭിക്കണം. വിവിധ മത്സരപരീക്ഷകളെ കുറിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കണം. ഓരോ തൊഴിലിനും ആവശ്യമായ പഠനവിഷയങ്ങൾ, കോഴ്സുകൾ, സ്ഥാപനങ്ങൾ, സ്വായത്തമാക്കേണ്ട വൈദഗ്ധ്യങ്ങൾ എന്നിവ വിദ്യാർത്ഥികൾക്ക് ലഭ്യമാകണം. സ്റ്റുഡന്റ്സ് ഫോറത്തിന്റെ സജീവ പ്രവർത്തനത്തിലൂടെ വിദ്യാർത്ഥികളിൽ നേതൃത്വപാടവം, ആത്മവിശ്വാസം, ആശയവിനിമയത്തിനുള്ള കഴിവ് എന്നിവ വർധിപ്പിക്കാനാകും. കലാ-കായിക രംഗത്ത് പ്രാഗത്ഭ്യം തെളിയിക്കുന്നവർക്ക് അതിനുള്ള പരിശീലനത്തിന് അവസരം ഒരുക്കണം. പത്താംക്ലാസിൽ എല്ലാ വിദ്യാർത്ഥികളും ഏറ്റവും കുറഞ്ഞത് 60 ശതമാനം മാർക്ക് നേടുന്നതിന് എല്ലാവരും കൂട്ടായ ശ്രമം നടത്തണം. പഠനസാഹചര്യം ഒരുക്കുന്നതിനും വിഷമം ഉള്ള വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് സഹായം നൽകുന്നതിനും



എല്ലാവരും സഹകരിച്ചു പ്രവർത്തിക്കണം. പത്താം ക്ലാസ് പരീക്ഷ കഴിഞ്ഞ അവധിക്കാലത്ത് വിവിധ പ്ലസ്-ടു വിഷയങ്ങളെക്കുറിച്ചും തൊഴിൽ അവസരങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തണം.

പ്ലസ്-ടു തുടങ്ങി വിവിധ കോഴ്സുകളുടെ അപേക്ഷകൾ നൽകേണ്ടതും പ്രവേശന വിവരങ്ങൾ അന്വേഷിക്കേണ്ടതും ഓൺലൈൻ ആയിട്ടാണ്. വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും വിദ്യാഭ്യാസ തൊഴിൽ സംബന്ധമായ സേവനങ്ങൾ നൽകാ ൻ ഒരു സേവനകേന്ദ്രം ആരംഭിക്കാവുന്നതാണ്. ഈ കേന്ദ്രത്തിന്റെ സേവനം മറ്റ് ശുശ്രൂഷകർക്കും ഉപയോഗിക്കാവുന്നതാണ്.

പ്ലസ്-ടു വിദ്യാർത്ഥികൾക്ക് വിവിധ പ്രവേശന പരീക്ഷകൾക്ക് ആവശ്യമായ പരിശീലനം ഏർപ്പാട് ചെയ്യണം. കേരളത്തിലും അഖിലേന്ത്യാതലത്തിലും ഉള്ള വിവിധ സ്ഥാപനങ്ങളുടെ പ്രവേശനവിവരങ്ങൾ ശേഖരിക്കാനും വിദ്യാർത്ഥികളെയും മാതാപിതാക്കളെയും സമയാസമയം അറിയിക്കാനും കഴിയണം. പ്ലസ്-ടു കഴിഞ്ഞയുടനെ എല്ലാ വിദ്യാർത്ഥികളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യണം. പ്ലസ്-ടു കഴിഞ്ഞ എല്ലാ വിദ്യാർത്ഥികളെയും ഇടവകയിലെ യുവജനപ്രസ്ഥാനങ്ങളിൽ സജീവ പ്രവർത്തകരാക്കണം ഇത്തരം പ്രവർത്തനങ്ങൾക്ക് യുവജനശുശ്രൂഷയുടെ സഹകരണം ഉറപ്പ് വരുത്തണം.

വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസ മാതൃക വിജയിക്കുന്നതിന് സജീവമായി പ്രവർത്തിക്കുന്ന സ്റ്റുഡന്റ്സ് ഫോറം, ബി.സി.സി. ഇടവക വിദ്യാഭ്യാസ സമിതി, രൂപത വിദ്യാഭ്യാസ സമിതി എന്നിവ അത്യാവശ്യമാണ്. ബി.സി.സിയിലെ വിദ്യാഭ്യാസ പ്രതിനിധിക്ക് വളരെ നിർണായക പങ്ക് വഹിക്കാനുണ്ട്. കുടുംബങ്ങളിൽ സാമ്പത്തിക അച്ചടക്കം പാലിക്കാനുള്ള പരിശീലനം, വിദ്യാഭ്യാസ ലോൺ നേടാനുള്ള മാർഗ്ഗനിർദ്ദേശം നൽകൽ, സ്കോളർഷിപ്പ് നൽകൽ, വിദ്യാഭ്യാസ നിധി/ഫണ്ട് രൂപീകരിക്കൽ എന്നിവ അഭിലഷണീയമായ പ്രവർത്തനങ്ങളാണ്. ■

ലേഖനം

ഫാ. ലെനിൻ ഫെർണാണ്ടസ്



# കുട്ടികളുടെ സമഗ്ര വികസനത്തിന് സ്റ്റുഡൻസ് ഫോറങ്ങൾ

മുതിർന്നവർ ജീവിതഭാരങ്ങളുടെ പിന്നാലെ നെട്ടോട്ടമോടുമ്പോൾ തൊടിയിലെ പൂക്കളോട് സംസാരിച്ചു നിൽക്കുന്ന ബാലൻ നമുക്ക് ഒരു വിസ്മയമാകുന്നു. വക്രബുദ്ധികളായ മനുഷ്യർ എങ്ങനെ കുറച്ചു പണം സമ്പാദിക്കാം എന്ന് ചിന്തിച്ച് തലപുണ്ണാക്കുമ്പോൾ കൈയൊടിഞ്ഞ പാവക്കുട്ടിയെ താരാട്ടുപാടി ഉറക്കുന്ന 'ജെസ്മി' എന്ന മകൾ അവരുടെ ലോകം എത്രയോ ലളിതമാണ് എന്ന് നമ്മെ പഠിപ്പിക്കുന്നു. അവരുടെ ആദ്യത്തെ ഹീറോ ആയ അപ്പനും ആദ്യത്തെ വിശുദ്ധയായ അമ്മയും നിസാര കാര്യങ്ങൾക്ക് വഴക്കുകൂടി തല്ലിപ്പിരിഞ്ഞിരിക്കുമ്പോൾ വികാരങ്ങളും വിചാരങ്ങളും വാക്കുകളായി കൂട്ടിയോജിപ്പിക്കാൻ കഴിയാതെ എല്ലാം ഉള്ളിലൊതുക്കി എന്നെങ്കിലും പൊട്ടിത്തെറിക്കേണ്ട ലാവകളായി അവർ പരുവപ്പെടുന്നു. ഈ ലോകത്തെ കുട്ടികളുടെ അവസ്ഥയാണിത്. പണ്ടുകാലങ്ങളിൽ മാതാപിതാക്കൾക്ക് കൂടുതൽ മക്കളുണ്ടായിരുന്നു. അപ്പോൾ സഹോദരങ്ങൾ പരസ്പരം ഗുണപാഠങ്ങൾ അവർ അറിയാതെ കൈമാറി. ഇന്ന് ഒട്ടുമിക്കവരും ഒറ്റയ്ക്കായി പോയി. പലതും അവർക്ക് അവ്യക്തമാണ്. ചിന്ത

കൾ അവരെ കൂടുതൽ കൺഫ്യൂഷനിലേക്ക് നയിക്കുന്നു. ഇവിടെയാണ് സ്റ്റുഡൻസ് ഫോറം എന്ന ആശയത്തിന്റെ പ്രസക്തി. ഈ ആശയവുമായി ബന്ധപ്പെട്ട 4 ചോദ്യങ്ങളാണ് ഇവിടെ ചർച്ചചെയ്യുന്നത്.

### 1. എന്താണ് സ്റ്റുഡൻസ് ഫോറങ്ങൾ?

ഒന്നാം സ്റ്റാൻഡേർഡു മുതൽ ഏഴാം സ്റ്റാൻഡേർഡുവരെ (വയസ്സ് 5-12) യുള്ള കുട്ടികളുടെ ഒരു കൂടിവരവാണിത്. ഈ പ്രായത്തിലുള്ള കുട്ടികൾ 20 ഉം 25 ഉം അംഗസംഖ്യയുള്ള ഫോറങ്ങളായി രൂപപ്പെടുന്നു. മാസത്തിൽ ഏതെങ്കിലും ഒരു ദിവസം വൈകുന്നേരം 5 മുതൽ 6.30 വരെയുള്ള സമയം ഒരുമിച്ചുകൂടുന്നു. അവരെ നയിക്കുവാനായി ഒരു ആനിമേറ്ററും കഴിയുമെങ്കിൽ ഒരു സഹ ആനിമേറ്ററും ഒരുക്കപ്പെടുന്നു. മേൽപ്പറഞ്ഞിട്ടുള്ള പ്രായപരിധിയിൽ ഉള്ള കുട്ടികൾ മാത്രമേ ഇതിന്റെ ഭാഗമാകാവൂ. മുതിർന്ന കുട്ടികളെ ഉൾപ്പെടുത്തിയാൽ ഒരു പക്ഷേ ഈ ലേഖനത്തിന്റെ അവസാനം പറയുന്ന പലതും നമുക്ക് നേടിയെടുക്കാൻ സാധിക്കില്ല. കുട്ടികളുടെ സമഗ്രമായ വളർച്ചയെ ലക്ഷ്യംവച്ചുകൊണ്ട് അവരുടെ ജീവിത നൈപുണ്യങ്ങൾ ശക്തമാക്കാനായി അവരറിയാതെ അവരെ ഒരുക്കുന്ന തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ഒരു സ്വപ്ന ചിന്താ പദ്ധതിയാണ് സ്റ്റുഡൻസ് ഫോറങ്ങൾ.

### 2. സ്റ്റുഡൻസ് ഫോറങ്ങൾ എങ്ങനെ രൂപീകരിക്കണം

സ്റ്റുഡൻസിനെ ഫോറങ്ങളായി രൂപീകരിക്കുന്നതിനുമുൻപ് ഇടവകയിലെ അദ്ധ്യാപക ഫോറം രൂപീകരിക്കണം. ആവശ്യത്തിന് അധ്യാപകരില്ലെങ്കിൽ ബിരുദധാരികളായവരെ ആ സ്ഥാനത്ത് കരുതാവുന്നതാണ്. അതിരൂപതയുടെ സുപ്രധാന ഘടനയായ ബി.സി.സികൾ വഴിയാണ് കുട്ടികളെ ഗണമായി തിരിക്കേണ്ടത്. 20-25 എന്ന അംഗസംഖ്യയാണ് ഏറ്റവും ഉചിതം. ആയതിനാൽ അത്രയും കുട്ടികളെ സ്വരൂപിക്കാൻ പറ്റുന്ന തരത്തിൽ ബി.സി.സികൾ തരംതിരിച്ച് കുട്ടികളെ ഗണങ്ങളായി രൂപീകരിക്കുന്നു. ഒരുമിച്ചുകൂടുന്ന കുട്ടികളെ കൊണ്ടുതന്നെ ഫോറത്തിന് ഉചിതമായ ഒരു പേര് നൽകുക. ഏറ്റവും സുപ്രധാനമായി നാം ഓർക്കേണ്ട ഒരു കാര്യം സ്റ്റുഡൻസ് ഫോറങ്ങൾ നിർബന്ധിതമായി പ്രാർത്ഥിപ്പിക്കാനോ പാഠ്യഭാഗങ്ങൾ മാനപ്പാഠമാക്കാനോ ഉള്ള സ്ഥലമല്ല. മറിച്ച് ആശയവിനിമയങ്ങളിലൂടെ അവരിലെ കഴിവുകൾ പരിപോഷിപ്പിക്കാനും സാമൂഹ്യ പ്രതിബദ്ധത വളർത്താനും നല്ല ശീലങ്ങൾ രൂപപ്പെടുത്താനുമുള്ള വേദികളാണ്.

### 3. സ്റ്റുഡൻസ് ഫോറങ്ങൾ എങ്ങനെ പ്രവർത്തിക്കണം?

പ്രവർത്തനമാണ് സ്ഥായിയായി നടക്കേണ്ടത്. ഫോറത്തിന്റെ, പ്രവർത്തനങ്ങൾ വ്യക്തമായി നടത്തിയാലേ ഫോറത്തിൽ നിന്ന് ഉണ്ടാകുന്ന നല്ല ഫലങ്ങൾ നേടിയെടുക്കാൻ സാധിക്കൂ. എല്ലാ കുട്ടികളുടെയും ഏറെ പ്രത്യേകിച്ച് മേൽപ്പറഞ്ഞ പ്രായപരിധിയിലെ കുട്ടികളുടെ ഏറ്റവും വലിയ ഇഷ്ടം അവരെ ഉത്തരവാദിത്തങ്ങൾ ഏൽപ്പിക്കുകയും അതിലൂടെ സമൂഹമദ്ധ്യേ അവർ അംഗീകരിക്കപ്പെടുകയും ചെയ്യുക എന്നതാണ്. ആയതിനാൽ ഓരോ ഫോറത്തിലും കുട്ടികളെ തന്നെ ഫോറം പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ എന്നീ തസ്തികകളിലേക്ക് തെരഞ്ഞെടുക്കുന്നു. അവരുടെ ഉത്തരവാദിത്തങ്ങൾ ചുവടെ ചേർക്കുന്നു.

**പ്രസിഡന്റ്:** ഫോറത്തിന്റെ അധ്യക്ഷനായിരിക്കും. മൂന്നു മിനിട്ടുവരുന്ന അധ്യക്ഷ പ്രസംഗം എല്ലാ ഫോറത്തിലും ഒരുങ്ങി അവതരിപ്പിക്കണം. ഫോറം അംഗങ്ങളുടെ അച്ചടക്കവും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതും പ്രസിഡന്റിന്റെ ചുമതലയാണ്.

**വൈസ് പ്രസിഡന്റ്:** പ്രസിഡന്റിനോടൊപ്പം ഫോറത്തിന്റെ പ്രവർത്തനങ്ങൾക്ക് അയാൾ ചുക്കാൻ പിടിക്കണം. കൂടാതെ ഫോറം അംഗങ്ങളുടെ ജന്മദിനാഘോഷങ്ങൾ ഏതെങ്കിലും നേട്ടങ്ങൾ ഉണ്ടാക്കുന്നവരെ ആദരിക്കൽ എന്നിവയ്ക്ക് നേതൃത്വം കൊടുക്കേണ്ടത് വൈസ് പ്രസിഡന്റിന്റെ ചുമതലയാണ്.

**സെക്രട്ടറി:** മാസയോഗങ്ങളിൽ കഴിഞ്ഞ മാസത്തെ റിപ്പോർട്ടും പ്രവർത്തന റിപ്പോർട്ടും അവതരിപ്പിക്കുക ഒപ്പം ഭവനങ്ങളിൽ പോയി കുട്ടികളെ യോഗത്തിന് ക്ഷണിക്കുക എന്നിവ സെക്രട്ടറിയുടെ ചുമതലയാണ്.

**ജോയിന്റ് സെക്രട്ടറി:** സെക്രട്ടറിയെ സഹായിക്കുക എന്ന ചുമതലയും യോഗത്തിനിടയിലെ പ്രധാന അജണ്ടയായ 'ചർച്ച' നയിക്കേണ്ടതും ജോയിന്റ് സെക്രട്ടറിയുടെ കടമയാണ്.

**ട്രഷറർ:** കുട്ടികളുടെ ചെറുനിക്ഷേപങ്ങളോടൊപ്പം അതിരൂപതയുടെ ഷെയറും ചേർത്ത് ഒരു പൊതു വിദ്യാഭ്യാസനിധി രൂപപ്പെടുത്താനുള്ള സാധ്യതയുണ്ട്. കുട്ടികളുടെ ഉപരിപഠനം ലക്ഷ്യമാക്കിയുള്ള ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ആനിമേറ്ററെ ട്രഷറർ സഹായിക്കേണ്ടതാണ്. കൂടാതെ ദൈനംദിന പരിപാടികളുടെ കണക്കു വിവരങ്ങളും സൂക്ഷിക്കേണ്ടത് ട്രഷററുടെ ജോലിയാണ്. ഇടവകയിലെ ഞായർ അറിയിപ്പുകളിൽ കുട്ടികളെ സംബന്ധിക്കുന്നവ ഫോറത്തിൽ അറിയിപ്പു രൂപത്തിൽ ചെയ്യേണ്ടതും ട്രഷററുടെ ഉത്തരവാദിത്തമാണ്.

**ആനിമേറ്റർമാർ:** അവരാണ് യഥാ



ർത്ഥത്തിൽ ഓരോ ഫോറത്തിന്റെയും നടത്തിപ്പ്. മേൽപ്പറഞ്ഞ ഭാരവാഹികൾ ഓരോ കാര്യങ്ങളും ചെയ്യണമെങ്കിൽ അവരെ അതിനായി ഒരുക്കേണ്ടത് ആനിമേറ്റർമാരുടെ ഉത്തരവാദിത്തമാണ്. അവർ കുട്ടികളെ പ്രോത്സാഹിപ്പിക്കണം. നേതൃത്വനിരയിലേക്ക് കൊണ്ടുവരണം. ചർച്ചകൾ എകോപിപ്പിക്കണം. ഫോറം മദ്ധ്യേയുള്ള അവരുടെ ഭാഷയിലും പ്രവർത്തനങ്ങളിലും ഉണ്ടാകുന്ന തകരാറുകളെ ചൂണ്ടിക്കാണിക്കണം, സ്കൂൾ പ്രോഗ്രസ് റിപ്പോർട്ട് വിലയിരുത്തി അവരെ പഠനത്തിൽ പ്രോത്സാഹിപ്പിക്കണം. ഓരോ കുട്ടികളുടെയും മൂന്നു ഭാഷകളിലും (ഇംഗ്ലീഷ്-ഹിന്ദി-മലയാളം) ഉള്ള എഴുത്ത്, വായന എന്നിവയ്ക്ക് സർട്ടിഫിക്കറ്റ് നൽകണം. സർവ്വോപരി അവരെ സ്നേഹിക്കണം.

### 4. സ്റ്റുഡൻസ് ഫോറങ്ങളിലൂടെ സമുദായം എങ്ങനെ മെച്ചപ്പെടും?

അനേകം കഴിവുകൾ ഉള്ള കുട്ടികളാണ് നമ്മുടേത്. അവസരങ്ങളും പ്രോത്സാഹനങ്ങളും നല്ല നിർദ്ദേശങ്ങളും സ്വന്തം ഭവനങ്ങളിൽ നിന്ന് ഭൂരിപക്ഷം മത്സ്യമേഖലയിലെ കുട്ടികൾക്കും കിട്ടുന്നില്ല എന്നതാണ് വസ്തുത. കാരണം, നമ്മുടെ സമുദായം അടിസ്ഥാനപരമായി വിദ്യാഭ്യാസത്തിനല്ല പ്രാധാന്യം കൊടുക്കുന്നത്. മറിച്ച് ആഘോഷങ്ങൾക്കാണ്. ഓരോ ഇടവകയിലേയും മധ്യസ്ഥന്റെയും സഹമാധ്യസ്ഥന്റെയും തിരുനാളുകളും അതിനായുള്ള ഒരുക്കങ്ങളും ആഗമനകാല തിരുക്കർമ്മങ്ങളും ക്രിസ്മസും പിന്നെ തപസ്സു കാലവും ഒക്കെ ആചരിച്ചും ആഘോഷിച്ചും കഴിയുമ്പോൾ വർഷത്തിലെ മൂന്നുമാസം പോയിക്കഴിയും. വിദ്യാഭ്യാസം മാനവ വികസനത്തിന്റെ അടിസ്ഥാന തത്വമാണ് എന്ന തിരിച്ചറിവ് തർക്കമില്ലാത്ത രീതിയിൽ കുട്ടികളിലേക്ക് പകർന്നുകൊടുക്കാനുള്ള ഏറ്റവും സുന്ദരവും ലളിതവുമായ ഒരു പ്രക്രിയയാണ് സ്റ്റുഡൻസ് ഫോറങ്ങൾ.

കടലിന്റെ കരുത്തും കടൽ തീരത്തിന്റെ കാഠിന്യവും നമ്മുടെ കുട്ടികളുടെ പുഞ്ചിരി പോലും മാച്ചുകളയുന്നു. മറ്റു മനുഷ്യരോട് സരസ്സമായും മധുരതരമായും ഇടപഴകാനോ അവരെ ഉൾക്കൊള്ളാനോ നമ്മുടെ പല കുട്ടികൾക്കും സാധിക്കുന്നില്ല. അക്കാരണത്താൽ അവർക്ക് വന്നുചേരേണ്ട പല നല്ല അവസരങ്ങളും മറ്റുള്ളവർ കൊണ്ടുപോകുന്നു. സ്റ്റുഡൻസ് ഫോറങ്ങളിലെ നിരന്തര ആശയവിനിമയങ്ങളും പരസ്പര സമ്പർക്കവും അവരെ എങ്ങനെ വ്യക്തികളോട് പ്രതികരിക്കണമെന്നും പ്രശ്നങ്ങൾ കൈകാര്യം ചെയ്യണമെന്നും അവരറിയാതെ പഠിപ്പിക്കുന്നു. അങ്ങനെ നമ്മുടെ അടുത്ത തലമുറയെ, മുഖ്യധാരാ സമൂഹത്തിന്റെ ഭാഗമാക്കാൻ ഈ സംരംഭത്തിന് സാധിക്കും.

ഭൂരിഭാഗം കുട്ടികളും പഠനത്തെ വിരസമായ ഒരു പ്രക്രിയ ആയാണ് കണക്കാക്കുന്നത്. എന്നാൽ ഫോറത്തിന്റെ അനുക്രമമായ നടത്തിപ്പിലൂടെ കുട്ടികളുടെ (ഇംഗ്ലീഷ്-ഹിന്ദി -മലയാളം) ത്രിഭാഷാ അറിവ് വർധിക്കുകയും പ്രോഗ്രസ് റിപ്പോർട്ടിന്റെ അവലോകനത്തിലൂടെ കുട്ടികൾക്ക് ചില വിഷയങ്ങൾക്ക് ലഭിക്കുന്ന നല്ല മാർക്കുകൾ മറ്റുവിഷയങ്ങൾക്കും ശ്രമിച്ചാൽ വാങ്ങാം എന്ന് അവരെ ബോധ്യപ്പെടുത്തി പഠനം ആസ്വാദ്യകരമാക്കാൻ സാധിക്കുകയും ചെയ്യും.

സ്റ്റുഡൻസ് ഫോറങ്ങൾ ഉന്നംവയ്ക്കുന്ന ഫലം ഉണ്ടാകണമെങ്കിൽ ആനിമേറ്റർമാർ നന്നായി പരിശീലിക്കപ്പെടുകയും ഓരോ മാസത്തേയും യോഗക്രമങ്ങളും അതിൽ ഉൾച്ചേർന്നിരിക്കുന്ന വിഷയാവതരണവും അടങ്ങിയ മൊഡ്യൂളുകൾ യഥാവിധി അച്ചടിച്ച് നൽകുകയും വേണം. ചുവടെചേർക്കും വിധം ആയിരിക്കണം യോഗം ക്രമീകരിക്കേണ്ടത്,

1. പ്രാർത്ഥനാഗാനം (ഒരേ ഗാനം എല്ലാ ഫോറത്തിലും ആലപിക്കണം.)
2. പ്രാർത്ഥന/ബൈബിൾ വായന
3. സ്വാഗതം
4. അധ്യക്ഷ പ്രസംഗം : പ്രസിഡന്റ്
5. റിപ്പോർട്ട് : സെക്രട്ടറി
6. മൂല്യാധിഷ്ഠിത ഗെയിം : ആനിമേറ്റർ/സ്റ്റുഡന്റ്
7. ആക്ഷൻ സോംഗ് : ആനിമേറ്റർ / സ്റ്റുഡന്റ്
8. ജന്മദനാഘോഷങ്ങൾ : വൈസ് പ്രസിഡന്റ്
9. ചർച്ച: ജോയിന്റ് സെക്രട്ടറി / കുട്ടികൾ അറിഞ്ഞിരിക്കേണ്ട ഒരു വിഷയത്തെ ആസ്പദമാക്കി.
10. ത്രിഭാഷാ യജ്ഞം
11. പഠന വിശേഷങ്ങൾ.
12. ഇടവകയുടെ വിദ്യാഭ്യാസ സംബന്ധമായ അറിയിപ്പുകൾ : ട്രഷറർ
13. വീട്ടുവിശേഷങ്ങൾ
14. പ്രാർത്ഥന/സമാപനം.

ഇപ്രകാരം യോഗങ്ങൾ ക്രമീകരിക്കുന്നതിലൂടെ കുട്ടികളുടെ നേതൃപാടവം, വ്യക്തിത്വ വികാസം എന്നിവ നാം പ്രതീക്ഷിക്കുന്നതിനേക്കാൾ കൂടുതൽ വളരും. അവരിലെ നാണം, പേടി, ഏകാന്തത, ആത്മവിശ്വാസമില്ലായ്മ എന്നിവ മാറി ആശയവിനിമയശേഷി അതിവേഗം വളരും, വിരസത മാറി ഉന്മേഷമുള്ളവരായിത്തീരും. ഈ ആശയം യാഥാർത്ഥ്യമാക്കാൻ സാധിക്കുമോ എന്ന് സംശയം വേണ്ട. കാരണം പള്ളിത്തുറ, മേരിമഗ്ദലേന ദേവാലയത്തിൽ സ്റ്റുഡൻസ് ഫോറങ്ങൾ രൂപീകരിക്കപ്പെട്ടുകഴിഞ്ഞു. 12 ഫോറങ്ങളിലായി 300 ലധികം കുട്ടികൾ ഇതിൽ അംഗങ്ങളാണ്. എല്ലാം രണ്ടാം ബുധനാഴ്ചകളിലും 5 മുതൽ 6.30 വരെ വിവിധ ഭവനങ്ങളിലാണ് കുട്ടികൾ ഒരുമിച്ചു കൂടുന്നത്. കുട്ടികളുടെയും അധ്യാപകരുടെയും താല്പര്യം പരിഗണിക്കുമ്പോൾ മറ്റിടങ്ങളിലും ഇത് ഉപകാരപ്രദമായ ഒരു സംരംഭം ആയിത്തീരും എന്ന് വിശ്വസിക്കുന്നു.

മടിച്ചുനിൽക്കാതെ സ്റ്റുഡൻസ് ഫോറങ്ങളെ നിങ്ങളുടെ ഇടവകയിലേക്ക് സ്വാഗതം ചെയ്യാൻ എല്ലാ ഇടവക നേതൃത്വ നിരയിൽ നിൽക്കുന്നവരേയും ആഹ്വാനം ചെയ്യുന്നു. നാം ഒരു മൃഗശാലയിൽ പോയാൽ എല്ലാ ജന്തുജാലങ്ങളുടേയും അടുക്കൽ പോയാലേ അതിന്റെ വ്യത്യസ്തതകളെ തിരിച്ചറിയാൻ സാധിക്കൂ. അതുപോലെ നമ്മുടെ അനേകം സംവിധാനങ്ങളോടൊപ്പം ഏറ്റവും ഫലപ്രദമാകാൻ സാധ്യതയുള്ള സ്റ്റുഡൻസ് ഫോറങ്ങൾ നമുക്കു രൂപീകരിക്കാം. തിരുവനന്തപുരം അതിരൂപതയുടെ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഒരു സുപ്രധാന ഏടായി സ്റ്റുഡന്റ്സ് ഫോറങ്ങൾ മാറട്ടെ എന്ന ശുഭപ്രതീക്ഷയോടെ ഈ കുറിപ്പ് അവസാനിപ്പിക്കുന്നു. ■



വിശുദ്ധ കൊച്ചുത്രേസ്യ ദൈവാലയം
വെള്ളയമ്പലം, തിരുവനന്തപുരം
ഇടവക മദ്ധ്യസ്ഥ
തിരുനാൾ
2018 സെപ്തംബർ 30 മുതൽ
ഒക്ടോബർ 7 വരെ
തിരുന്നാൾ കൊടിയേറ്റ്
സെപ്തംബർ 30 രാവിലെ 8 ന്
തിരുന്നാൾ ദിനം
ഒക്ടോബർ 7
രാവിലെ 11 ന് – പൊന്തിഫിക്കൽ ദിവ്യബലി
മുഖ്യകാർമികൻ
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
സഹായ മെത്രാൻ, തിരു. ലത്തീൻ അതിരൂപത.
കൊടിയിറക്ക്.

ലേഖനം

അശ്വതി അഗസ്റ്റിൻ

## സെപ്തംബർ 5 വി. മദർ തെരേസയുടെ തിരുന്നാൾ

# കാരുണ്യ വിശുദ്ധിയിൽ

**ലോകാരാധ്യയായ വി. മദർ തെരേസയെ ലക്ഷ്യംവച്ചുള്ള അവഹേളന ശ്രമങ്ങൾക്ക് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. നൊബേൽ സമ്മാനം കിട്ടിയപ്പോഴും ഭാരത രത്ന നൽകിയപ്പോഴും ചില വർഗീയ സംഘടനകൾ വിശുദ്ധയ്ക്കെതിരെ വിമർശനവുമായി രംഗത്തെത്തിയിരുന്നു**

അഗതികളുടെ അമ്മയായ മദർ തെരേസയെ വിശുദ്ധയായി പ്രഖ്യാപിച്ചിട്ട് രണ്ടുവർഷം പൂർത്തിയായിരിക്കുന്നു. 2016 സെപ്തംബർ നാലാം തീയതി ഫ്രാൻസിസ് മാർപാപ്പയാണ് ആ പുണ്യവതിയെ വിശുദ്ധരുടെ ഗണത്തിലേക്ക് ചേർത്തത്. ലോകമെങ്ങുമുള്ള ലക്ഷക്കണക്കായ ജനങ്ങൾക്ക് പ്രതീക്ഷയും മധ്യസ്ഥയുമാണിന്ന് വിശുദ്ധ മദർ തെരേസ. നിരാലംബർക്കായി സ്വജീവിതം സമർപ്പിച്ച മദറിനെ ഇന്നത്തെ ലോകം ഒരു വിശുദ്ധയായിക്കണ്ട് ആദരിച്ചിരിക്കുന്നു. ലോകത്തെ ഏറ്റവും വലിയ പുരസ്കാരമായ നൊബേൽ സമ്മാനവും ഇന്ത്യയിലെ പരമോന്നത പുരസ്കാരമായ ഭാരതരത്നവും നൽകിയാണ് ലോകം മദറിനെ സ്നേഹിച്ച് ബഹുമാനിച്ചത്. എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട, സമൂഹത്തിലെ ഏറ്റവും ദുർബലരും രോഗികളും ആശ്രയമറ്റവരുമായ ലക്ഷക്കണക്കിന് മനുഷ്യജീവിതങ്ങൾക്ക് പരിചരണവും, സ്നേഹവും ആദരവും അന്തസ്സും പകർന്നു നൽകിയ ഉദാത്തമായ ജീവിതശൈലിയാണ് തെരേസയെ ലോകത്തിന്റെയാകെ മദർ തെരേസയാക്കിയത്. തന്റെ കാരുണ്യ പ്രവർത്തികൾ തുടരുന്നതിനാണ് മദർ തെരേസ മിഷണറീസ് ഓഫ് ചാരിറ്റി സ്ഥാപിച്ചത്. 139 രാജ്യങ്ങളിലായി 760 ഭവനങ്ങൾ മിഷണറീസ് ഓഫ് ചാരിറ്റിക്കുണ്ട്. അവിടങ്ങളിൽ 5167 സന്യാസിനികൾ എണ്ണയിട്ടയന്ത്രം പോലെ മദർതെരേസ തുടങ്ങിവച്ച് സ്നേഹശുശ്രൂഷയിൽ വ്യാപൃതരാണ്. ഈ ഭവനങ്ങളിൽ 244 എണ്ണവും പ്രവർത്തിക്കുന്നത് ഇന്ത്യയിൽ തന്നെയാണ്. അനാഥ ശിശുക്കൾ, അവിവാഹിതരായ അമ്മമാർ, കുഷ്ഠരോഗികൾ, എയ്ഡ്സ്- ടി.ബി.രോഗികൾ, മാനസിക-ശാരീരിക ന്യൂനതകൾ നേരിടുന്നവർ എന്നിവർക്ക് ശുശ്രൂഷയും സ്നേഹവും പകർന്നുനൽകി സംരക്ഷിക്കുന്ന മിഷണറീസ് ഓഫ് ചാരിറ്റിയുടെ പ്രവർത്തനങ്ങളെ ജാതി-മത-രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാവരും അംഗീകരിക്കുന്നു.

എന്നാൽ മനുഷ്യകുലത്തിനാകെ മാതൃകയായ പുണ്യപ്രവർത്തികൾ ചെയ്തുവരുന്ന മിഷനറീസ് ഓഫ് ചാരിറ്റീസിനെ ഒറ്റപ്പെടുത്തി അവഹേളിക്കാനും പീഡിപ്പിക്കാനും ചില വർഗീയ ശക്തികൾ ശ്രമിച്ചത് അതീവ വേദനാജനകമാണ്. മദർ തെരേസ വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുന്നതിന് മുൻപുതന്നെ മദറിനെതിരെ മതപരിവർത്തനം ആരോപിച്ച് രംഗത്തുവന്ന ദുഷ്ടശക്തികൾ തന്നെയാണ് ഇപ്പോഴും ആ ശ്രമം തുടരുന്നത്.



ജാർഖണ്ഡിലെ റാഞ്ചിയിൽ മിഷണറീസ് ഓഫ് ചാരിറ്റി നടത്തുന്ന നിർമ്മൽ ഹൃദയ് എന്ന ശിശു സംരക്ഷണ സ്ഥാപനത്തിൽ നിന്ന് അവിടുത്തെ ഒരു ജീവനക്കാരി പണം വാങ്ങി കുഞ്ഞിനെ വിറ്റുവെന്നാരോപിച്ചാണ് മിഷണറീസ് ഓഫ് ചാരിറ്റിയെ ചെളിവാരിയെറിഞ്ഞ് കളങ്കപ്പെടുത്താൻ ശ്രമം നടക്കുന്നത്. ഈ സംഭവത്തിന്റെ പേരിൽ രണ്ടു സന്യാസിനികളെ അറസ്റ്റുചെയ്തു. ഒരാളെ പിന്നീട് വിട്ടയച്ചു. നിർമ്മൽ ഹൃദയിൽ ഉണ്ടായിരുന്ന എല്ലാ കുഞ്ഞുങ്ങളെയും സർക്കാർ നിർദ്ദേശ പ്രകാരം മറ്റു സ്ഥാപനങ്ങളിലേക്ക് മാറ്റുകയും ചെയ്തു.

അനിമ ഇന്ദ് വാർ എന്ന ജീവനക്കാരി ചെയ്ത ഈ നടപടിയിൽ നിർമ്മൽ ഹൃദയിലെ സന്യാസിനിമാർക്ക് യാതൊരറിവും ഇല്ലെന്നും ഏതന്വേഷണത്തെയും തങ്ങൾ സ്വാഗതം ചെയ്യുന്നുവെന്നും, അതിനോട് സഹകരിക്കുമെന്നും മിഷണറീസ് ഓഫ് ചാരിറ്റീസ് സു

**ജാർഖണ്ഡിലെ റാഞ്ചിയിൽ മിഷണറീസ് ഓഫ് ചാരിറ്റി നടത്തുന്ന നിർമ്മൽ ഹൃദയ് എന്ന ശിശു സംരക്ഷണ സ്ഥാപനത്തിൽ നിന്ന് അവിടുത്തെ ഒരു ജീവനക്കാരി പണം വാങ്ങി കുഞ്ഞിനെ വിറ്റുവെന്നാരോപിച്ചാണ് മിഷണറീസ് ഓഫ് ചാരിറ്റിയെ ചെളിവാരിയെറിഞ്ഞ് കളങ്കപ്പെടുത്താൻ ശ്രമം നടക്കുന്നത്.**

പ്പീരിയർ ജനറൽ സിസ്റ്റർ എം.പ്രേമ വ്യക്തമാക്കിയിട്ടും, മിഷണറീസ് ഓഫ് ചാരിറ്റീസിൽ അംഗമല്ലാത്ത മറ്റൊരാളുടെ വ്യക്തിപരമായ നടപടിയുടെ പേരിൽ ജുഡീഷ്യൽ നടപടി പുരോഗമിക്കുമ്പോഴും, വ്യാജവാർത്തകളും അടിസ്ഥാന രഹിതമായ ആരോപണങ്ങളും തെറ്റായ കഥകളും പ്രചരിപ്പിച്ച് മിഷണറീസ് ഓഫ് ചാരിറ്റീസിനെ മോശമായി ചിത്രീകരിക്കാനുള്ള ശ്രമം വി. മദർ തെരേസയെ വണങ്ങുന്ന ആർക്കും സഹിക്കാനും അംഗീകരിക്കാനും കഴിയില്ല. ദുഷ്ടലാക്കോടെയുള്ള ഈ പീഡനങ്ങൾക്ക് പിന്നിൽ കേന്ദ്രത്തിലെയും ജാർഖണ്ഡിലെയും ബിജെപി സർക്കാരുകളാണെന്നതാണ് ഏറെ ഖേദകരം.

2017 ജൂൺ അവസാനത്തോടുകൂടിയാണ് നിർമ്മൽ ഹൃദയിനെ ചുറ്റിപ്പറ്റി ആരോപണങ്ങൾക്കും കള്ള പ്രചരണങ്ങൾക്കും തുടക്കം കുറിക്കുന്നത്. ജൂൺ 29 ന് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ സീമയുടെ നേതൃത്വത്തിലുള്ള അഞ്ചംഗസംഘം നിർമ്മൽ ഹൃദയയിൽ എത്തി സ്ഥാപനത്തിലെ രജിസ്റ്ററുകൾ പിടിച്ചെടുത്തു. കരിഷ്മ ടോപ്പോ എന്ന യുവതിയെയും അവരുടെ കുഞ്ഞിനെയും കുറിച്ചായിരുന്നു അവരുടെ അന്വേഷണം. 2017 ജൂൺ ആറിന് നിർമ്മൽ ഹൃദയന്റെ ചുമതലയേറ്റ സിസ്റ്റർ കൺസീലിയിലേക്ക് ഒഴിവില്ലാത്ത അവസരങ്ങളിൽ അവിടത്തെ സ്റ്റാഫ് അനിമ ഇന്ദ് വാറായിരുന്നു കുട്ടികളുടെയും അമ്മാമാരുടെയും ഉത്തരവാദിത്തപ്പെട്ട ചൈൽഡ് വെൽഫയർ കമ്മിറ്റി ഓഫീസിൽ എത്തിച്ചിരുന്നത്.



ഈ അനിമ ഇന്ദ് വാറും കരിഷ്മ ടോപ്പോയും ചേർന്ന് കുഞ്ഞിനെ സി.ഡബ്ല്യൂ.സിക്ക് കൈമാറിയെങ്കിലും അപ്പോഴേക്കും കുപ്രചരണങ്ങൾ വ്യാപകമായിക്കഴിഞ്ഞിരുന്നു. ഇതിന്റെ പേരിൽ സിസ്റ്റർ മരിയ ഡീനിനെയും സിസ്റ്റർ കൺസീലിയായേയും പോലീസ് ചോദ്യം ചെയ്തുശേഷം സിസ്റ്റർ കൺസീലിയായെ അറസ്റ്റുചെയ്തു. അന്നുതന്നെ അവിവാഹിതരായ അമ്മമാരെ സി.ഡബ്ല്യു.സിയിലേക്ക് മാറ്റുകയും ചെയ്തു.

സത്യവുമായി പുലബന്ധം പോലുമില്ലാത്ത ആരോപണത്തിന്റെ മറവിൽ കരുണയുടെ കരങ്ങൾ തല്ലിയൊടിക്കാനാണ് പോലീസ്, സർക്കാർ ശ്രമം. കേന്ദ്ര സർക്കാരിന്റെ പിന്തുണയും ഈ നുണപ്രചരണത്തിന് പിന്നിലുണ്ടെന്നതിന് തെളിവാണ് പിന്നീട് കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രി മേനക ഗാന്ധിയിൽ നിന്നുണ്ടായ പ്രതികരണം. കുട്ടികൾ ദത്തുനൽകുന്നതിനുള്ള ചുമതല കളക്ടർക്കും ജില്ലാ മജിസ്ട്രേറ്റിനും നൽകി ജുവനൈൽ ജസ്റ്റിസ് നിയമം ഭേദഗതി ചെയ്യുമെന്ന നിർദ്ദേശവും മിഷണറീസ് ഓഫ് ചാരിറ്റിയുടെ മാത്രം സ്ഥാപനങ്ങൾ തെരഞ്ഞുപിടിച്ച് പരിശോധന നടത്താനുള്ള നിർദ്ദേശവും. എന്നാൽ രാജ്യത്തെ മറ്റ് ശിശുപരിപാലന കേന്ദ്രങ്ങളിൽ പരിശോധനയോ നടപടികളോ നിർദ്ദേശിച്ചിട്ടില്ല. സെൻട്രൽ അഡോപ്ഷൻ റിസോഴ്സസ് അതോറിറ്റിയുടെ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടവയാണ് മിഷനറീസ് ഓഫ് ചാരിറ്റിയുടെ സ്ഥാപനങ്ങൾ. എന്നാൽ 4000 ത്തിലേറെ ഇത്തരം സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടെന്നതാണ് വസ്തുത. രജിസ്റ്റർ ചെയ്തതും അല്ലാത്തതുമായ ശിശുസംരക്ഷണ കേന്ദ്രങ്ങളിലായി 232937 കുട്ടികൾ രജിസ്റ്റർ ചെയ്തവരും അല്ലാത്തവരുമായി കഴിയുന്നുണ്ടെന്നാണ് കണക്ക്.

കുട്ടിക്കടത്തുമായി ബന്ധപ്പെട്ട് മറ്റിതരസ്ഥാപനങ്ങൾക്കും വ്യക്തികൾക്കും എതിരെ വ്യാപകമമായി നടക്കുന്ന പരാതികൾക്കും ആരോപണങ്ങൾക്കും മറയിടാനും കുറ്റവാളികളെ രക്ഷിക്കാനും നിയമപരവും ലാഭേച്ഛ കൂടാതെയും അർപ്പണ മനോഭാവത്തോടെയും പ്രവർത്തിക്കുന്ന മിഷണറീസ് ഓഫ് ചാരിറ്റിയുടെ സ്ഥാപനങ്ങളെ കരുവാക്കുന്ന ബിജെപി-സംഘപരിവാർ ശ്രമം അപലപനീയവും വേദനാജനകവുമാണ്. ■

ലേഖനം

ആബേൽ എം. ചെറിയമുട്ടം



**സെപ്തംബർ 5 അധ്യാപക ദിനം. മുൻ ഇന്ത്യൻ പ്രസിഡന്റ് ഡോ. എസ്. രാധാകൃഷ്ണന്റെ ജന്മദിനമാണ് ഭാരതം അധ്യാപകദിനമായി ആചരിക്കുന്നത്. അധ്യാപനത്തിന്റെ സവിശേഷതകൾ വിളിച്ചോതുന്നതാണ് ഓരോ അധ്യാപക ദിനങ്ങളും**

# അറിവും അക്ഷരവും അതല്ലേ എല്ലാം?

കാലപ്പഴക്കം കൊണ്ട് അപ്രസക്തമാകാത്തതാണ് അറിവും അക്ഷരവും. നൂറ്റാണ്ടുകൾക്കപ്പുറം ഭാരതീയ ഋഷിവര്യന്മാർക്കുണ്ടായ ദർശനമാണ് അറിവ്. ഗുരു ശിഷ്യന്മാരുടെ അധരങ്ങളിൽ മന്ത്രങ്ങൾ ഉരുവിടാൻ ഉപദേശിച്ചു. കാലം കഴിഞ്ഞപ്പോൾ അത് അനശ്വരമായി. ശിഷ്യന്മാരെ കൂടെ താമസിപ്പിച്ച് വിദ്യ അഭ്യസിപ്പിക്കുന്ന രീതിക്ക് ഏറെ മാറ്റങ്ങൾ വന്നിരിക്കുന്നു. ഏതൊരു ശാസ്ത്രത്തിന്റെയും അടിസ്ഥാനം ഭാഷ തന്നെയാണ്. വിജ്ഞാനപ്രദമായ എന്തും ഗ്രഹിക്കുന്നത് ഭാഷ നൈപുണ്യത്തിലൂടെയാണ്. വാക്കുകൾ കോർത്തിണക്കി നവ്യപദങ്ങൾ ചേർത്ത് വാക്യങ്ങളായി മാറുമ്പോൾ അവ കേൾക്കാനും ഉരുവിടാനുമുള്ള സുന്ദരവചനമായി മാറുന്നു. ഉദാഹരണമായി ഒരു കുഞ്ഞ് ഉച്ചരിച്ച് തുടങ്ങുന്നത് അമ്മയെന്ന വാക്കുകൊണ്ടാണ്. അമ്മയെന്ന രണ്ടക്ഷരവും ഭാഷയെന്ന വാക്കും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

നമ്മുടെ അറിവില്ലായ്മ മഹാസമുദ്രം പോലെയാണ്. അതിലെ ഒരു മണൽത്തരിയായിരിക്കാം നാം. മറ്റുള്ളവരുടെ മുമ്പിൽ അറിവിന്റെ ആധിപത്യം നേടിക്കഴിഞ്ഞവരായി നമ്മൾ ഭാവിക്കുന്നു. ആയതിനാൽ മറ്റെന്തു തന്നെ നൽകിയില്ലെങ്കിലും നാമെല്ലാവരും ഉദാരമായി നൽകുന്നു. നമ്മുടെ അജ്ഞതയെക്കുറിച്ചുള്ള അറിവോടെ മാത്രം മറ്റുള്ളവരെ ഉപദേശിക്കുകയും സഹപ്രവർത്തകരിൽ നിന്നുള്ള വിജ്ഞാനത്തെ ഉൾക്കൊള്ളുകയും ചെയ്യുമ്പോഴാണ് അറിവിന്റെ ലോകം വികസിക്കുന്നത്.

ഇന്നലെയുടെ പാഠങ്ങളിൽ നിന്നാവണം ഇന്നിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത്. ആയതിനാൽ ഓരോ ദിവസത്തെയും വർത്തമാന നിമിഷങ്ങളോരോന്നും പ്രയോജനപ്പെടുത്തി മുന്നേറുക.

ഒരു അധ്യാപകൻ നൂറ് പുസ്തകങ്ങൾക്ക് തുല്യനാണ്. ജീവിത കർമ്മപദങ്ങളിൽ നമുക്ക് ജ്ഞാന സംസ്കാരവും വൈകാരിക ശുദ്ധീകരണവും നിർബന്ധമായും വേണ്ടിവരും. ആത്മപരിശോധന നടത്തി താൻ ആരെന്നും എന്തെന്നും തിരിച്ചറിയേണ്ടതാണ് അധ്യാപകൻ. നമ്മുടെ ജീവിതം അറിവിൽ നിന്നാണ് ആരംഭിക്കുന്നത്. മുന്നേറേണ്ടതും ഒടുവിൽ സാഫല്യം കണ്ടെത്തുന്നതും അറിവിലൂടെ തന്നെ. ജാഗരൂഗത, വിചിന്തനം, സ്വാംശീകരണം, സംയമനം എന്നീ ഘടകങ്ങളെ പ്രാവർത്തികമാക്കേണ്ടതുണ്ട്.

ജീവന് ജലം പോലെയാണ് മനുഷ്യന് അറിവ്. മനുഷ്യൻ സംസ്കാര സമ്പന്നനാകണമെങ്കിൽ അറിവിനെ

കൂടെ കൂട്ടണം. അറിവ് നേടിയെടുക്കേണ്ടതും മറ്റുള്ളവരിലേക്ക് പകരേണ്ടതുമാണ്. ആകാശത്തിൽ പാറി നടക്കുന്ന മേഘം ആയാസരഹിതമായാണ് സഞ്ചരിക്കുന്നത്. സമുദ്ര ജലത്തെ മേഘം നീരാവിയായി വലിച്ചെടുക്കുന്നതുപോലെ അറിവും കഴിയുന്നത്ര ഉൾക്കൊള്ളണം മനംനിറഞ്ഞ് മഴത്തുള്ളിയെപ്പോലെ അത് വർഷിക്കുകയും ചെയ്യും. ഇത്തരത്തിലായിരിക്കണം തന്റെ മുന്നിൽ ജ്ഞാനത്തിനുവേണ്ടി ആകാംക്ഷയോടെ കാത്തിരിക്കുന്ന വിദ്യാർത്ഥികൾക്ക് അറിവ് പകർന്നു നൽകേണ്ടത്.

കളഞ്ഞുപോയ ധനമാണ് വിജ്ഞാനം. അത് എവിടെ നിന്നുവീണു കിട്ടിയാലും സ്വന്തമാക്കണമെന്ന് മുഹമ്മദ്നബി ഉപദേശിക്കുന്നു.

വെളിച്ചം പോലെയാണ് വിജ്ഞാനം. അത് അന്ധകാരത്തെ അകറ്റുന്നു. ഇരുളിനും വെളിച്ചത്തിനും തമ്മിൽ തികഞ്ഞ വ്യത്യാസം ഉണ്ട്. ഒന്ന് അകപൊരുളായി ഉൾക്കൊള്ളേണ്ടപ്പോൾ മറ്റേത് അകറ്റി ഒഴിവാക്കുക തന്നെ വേണം. ഇക്കാര്യം വ്യക്തമാക്കുന്നത്, അറിവ് ലഭിച്ചവനെയും ലഭിക്കാത്തവനെയും തിരിച്ചറിയുവാൻ എളുപ്പമാണ്. യോഗീവര്യനായ ശ്രീബുദ്ധന് ബോധിവൃക്ഷത്തിന് താഴെ തപസ് അനുഷ്ഠിച്ചപ്പോൾ ബോധോദയം ലഭിച്ച ശേഷം ഏഷ്യൻ ഭൂഖണ്ഡമാകെ വെളിച്ചമേകി. ശിഷ്യന്മാരിൽ തന്റെ ജ്ഞാനത്തെ എത്തിക്കുകവഴി ലോകത്താകെയും തലമുറകളോളം സൗഖ്യദായകമായ ആത്മീയ ഉണർവ് ഉണ്ടാക്കിയെടുത്തു.

**ഇന്നലെയുടെ പാഠങ്ങളിൽ നിന്നാവണം ഇന്നിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത്. ആയതിനാൽ ഓരോ ദിവസത്തെയും വർത്തമാന നിമിഷങ്ങളോരോന്നും പ്രയോജനപ്പെടുത്തി മുന്നേറുക.**

### അറിവ് ഒരിക്കലും നശിക്കുന്നില്ല

വിജ്ഞാന പ്രകടനങ്ങൾ രാജസദസ്സുകളിൽ അരങ്ങേറിയിരുന്നു. മഹാഭാരതത്തിൽ യക്ഷൻ യുധിഷ്ഠിരനോട് ചില ചോദ്യങ്ങൾ ചോദിക്കുന്നതും വിക്രമാദിത്യ സദസ്സിൽ വരരുചിയോട് രാമായണത്തിലെ ശ്ലോകമേതെന്ന് ചോദിക്കുന്നതുമെല്ലാം ഉദാഹരണങ്ങളാണ്. വസിഷ്ടനും വിശ്വാമിത്രനും തമ്മിലുള്ള മത്സരവും പുരാണനിർമ്മിതമാണ്. എല്ലാത്തിന്റെയും അടിസ്ഥാനം നമ്മുടെ അറിവാണ്. അറിവുണ്ടായിട്ടും ഉത്തരം പറയുമ്പോൾ നമുക്ക് ചില പിഴവുകൾ സംഭവിച്ചേക്കാം. ഇത് ഒരുപക്ഷേ അമിതമായ ആത്മവിശ്വാസം കൊണ്ടാകാം. താൻ എല്ലാറ്റിലും അറിവുള്ളവനാണെന്ന് ഒരിക്കലും നടിക്കരുത്.

### ജീവിതത്തിന്റെ പാരമ്യം ഈശ്വരനെ അറിയുന്നതിലാണ്

വിശുദ്ധ ബൈബിളിൽ അറിവിനെക്കുറിച്ച് ഇങ്ങനെ പരാമർശിക്കുന്നു. വിജ്ഞാനം കണ്ടെത്തുകയും ധാരണാശേഷി നേടുകയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ. അതിൽ നിന്നുള്ള ലാഭം വെള്ളിയിൽ നിന്നുള്ള ലാഭത്തേക്കാൾ ഉത്തമമാണ്. അതിന്റെ ആദായം സ്വർണത്തെക്കാൾ ശ്രേഷ്ഠമാണ്. ആഫ്രിക്കൻ പഴമൊഴി ഇങ്ങനെ "അറിവ് ഒരു തോട്ടം പോലെയാണ്. കൃഷി ചെയ്തില്ലെങ്കിൽ അറിവ് അവിടെ നിന്ന് വിളവെടുക്കാൻ പറ്റില്ല." പ്രത്യേകിച്ച് അദ്ധ്യാപകഗണത്തിന് അറിവ് ആഗ്രഹത്തിന്റെ കണ്ണാകുമ്പോഴാണ് ആത്മാവിന്റെ മാർഗദർശനമാകുന്നത്.

അധ്യാപകർ ശ്രദ്ധിക്കേണ്ടത്, സാമൂഹിക പരിവർത്തനത്തിന് ഏറ്റവും ശക്തമായ ആയുധം വിദ്യാഭ്യാസം തന്നെയാണ്. മാർഗ്രറ്റ് മീഡിന്റെ വാക്കുകൾ ശ്രദ്ധേയമാണ്. വിദ്യാർത്ഥികളെ എങ്ങനെ ചിന്തിക്കണമെന്നല്ല, മറിച്ച് എങ്ങനെ ചിന്തിപ്പിക്കണമെന്നതാണ്. ഇന്ത്യയുടെ മഹാത്മാവായ ഗാന്ധിജി അറിവിനോടൊപ്പം കൂട്ടിച്ചേർക്കുന്നു 'ഏതൊരു പഠനത്തിന്റെയും അവശ്യഘടകങ്ങളാണ് അന്വേഷണ ത്വരതയും നിരന്തരമായി ചോദ്യം ചെയ്യാനുള്ള സന്നദ്ധതയും.

നാരായണഗുരു ഉപദേശിച്ചതുപോലെ നമുക്ക് വിദ്യകൊണ്ട് പ്രബുദ്ധരാകാം. നല്ലൊരു നാളെയെ അറിവും അക്ഷരവുംകൊണ്ട് വാർത്തെടുക്കാം. ■



തുടർമഴ 3

ഫാ. ലെനിൻ ഫെർണാണ്ടസ്



യോഹന്നാൻ 5:1 – 15
' ബേത്സഥായിലെ രോഗശാന്തി '
എന്ന സുവിശേഷഭാഗം
ആധാരമായ കഥ

# പാപി

മുപ്പത്തിയെട്ടുവർഷത്തെ കദനം നിറഞ്ഞ ദിനരാത്രങ്ങൾ. അജകവാടത്തിന് മുൻപിൽ കിടന്ന് മർദ്ദിതരോടും പീഡിതരോടുമൊപ്പമുള്ള വാസം അവനെ ആശയറ്റവനാക്കി. തെറിവാക്കുകളും വിലകുറഞ്ഞ തമാശകളുമായി അവർ അവരുടെ ജഢികാസക്തികൾക്കും വികാരാവേശങ്ങൾക്കും ലൗകീകപരിവേഷം നൽകി. ഒരു ദിവസം രണ്ടാം യാമത്തിന്റെ ആദ്യ മണിക്കൂറിൽ ഒന്നാം കൽമണ്ഡപത്തിൽ ചാരിനിന്നുകൊണ്ട് യേശു അവനോട് ചോദിച്ചു, "നിന്റെ പേരെന്താണ്?", "അബിയലോൺ" അവൻ മറുപടി പറഞ്ഞു. വീണ്ടും അവൻ കൂട്ടിച്ചേർത്തു, "എന്റെ പേര് എന്നെ ഓർമ്മിപ്പിച്ചതിന് നന്ദി, ഒന്നു ചോദിച്ചോട്ടെ നീ ആരാണ്?" അവന്റെ കൂടെ നിന്ന സുന്ദരനായ ഒരു ചെറുപ്പക്കാരനാണ് മറുപടി പറഞ്ഞത്. "കേട്ടിട്ടില്ലേ നിങ്ങൾ യേശു എന്ന ഗലീലിയയിലെ പുതിയ പ്രവാചകനെക്കുറിച്ച് ഇതാണ് നിർഭയനും കരുണയുടെ പുതിയ അവതാരവുമായ യേശു." നിർവികാരനായി പുഞ്ചിരിച്ചുകൊണ്ട് അബിയലോൺ പറഞ്ഞു, "ഹേ പ്രവാചകാ, നിന്റെ കരുണയുടെ സൗന്ദര്യം എന്നിലേക്കൊഴുക്കാമോ. എനിക്ക് വേണം സ്വാതന്ത്ര്യം മുപ്പത്തിയെട്ടു വർഷത്തെ ബന്ധനത്തിൽ നിന്നും കാഴ്ചയുടെ മറുപുറങ്ങൾ തേടി എനിക്ക് ജീവിതം ആസ്വദിക്കണം." യേശു അവനെ സൂക്ഷ്മമായി നോക്കി, അവന്റെ പരിവേദനങ്ങൾ ചെവിക്കൊണ്ടശേഷം കുനിഞ്ഞ് അവന്റെ കാലുകളെ സ്പർശിച്ചു. അവന്റെ കൈകളെ അവൻ തലോടി. അവന്റെ ശരീരമാസകലം പ്രകമ്പിതമായി. രക്തസഞ്ചാരം അസാധാരണമായി കൂടി. മടങ്ങിയും തിരിഞ്ഞും ഇരുന്ന നിർജ്ജീവ മാംസ പിണ്ഡങ്ങൾ ചലനാത്മകമായി. ഒടിഞ്ഞ അസ്ഥികൾ ഒരുമിച്ചുചേരുന്ന തീവ്ര വേദനയോടെ അവൻ നിലവിളിച്ചു. അഞ്ചു കൽമണ്ഡപങ്ങൾക്കും ചുറ്റും കിടന്ന രോഗികളും തീർത്ഥാടകരും ആകാംഷയോടെ അവനെ നോക്കി. സാവധാനം അവന്റെ വേദന ശമിച്ചു. വീണ്ടും ഒരിക്കൽക്കൂടി യേശു അവനെ സ്പർശിച്ചു, കരംകൊടുത്ത് അവനെ എഴുന്നേൽപ്പിച്ചു. തുള്ളിച്ചാടി ഒരു കൊച്ചുകുട്ടിയെ പോലെ അവൻ വികാര തീവ്രതയിലമർന്നു. കണ്ടുനിന്നവർക്ക് ഒന്നും വിശ്വസിക്കാനായില്ല. അവർ ദൈവനാമത്തെ പുകഴ്ത്തി.

യേശുവച്ചുനീട്ടിയ സ്വാതന്ത്ര്യത്തിന്റെ സമ്മാനം അവനെ കൂടുതൽ അധമനാക്കുകയായിരുന്നു. അവന്റെ കാലുകൾക്ക് ജീവൻ വച്ചപ്പോൾ അവൻ തേടിപോയത് അന്നോളം കിട്ടാതെപോയ ലൗകീക സുഖങ്ങളുടെ പിന്നാലെയായിരുന്നു. മദ്യവും മദിരാശിയും അവന്റെ മസ്തിഷ്കത്തെ വല്ലാതെ നിയന്ത്രിച്ചു. ഒന്നിനുപുറകേ ഒന്നായി അവൻ അബദ്ധങ്ങളുടെ സഞ്ചാരവലയത്തിൽപ്പെട്ടു. യേശു അനുഗ്രഹിച്ചവരെല്ലാം അവനെ അന്വേഷിച്ചപ്പോഴും പ്രഘോഷിച്ചപ്പോഴും അബിയലോൺ ദിശമാറി യാത്ര ചെയ്തു. യുദയാ മലമ്പ്രദേശത്തിന് സമീപമുള്ള മരുഭൂമിയിൽ അക്രമികളുടെ കൂടെ അവനും കൂടി. നിരന്തരം ചൂതാട്ടം, വീര്യം കൂടിയ പഴയ വീഞ്ഞിന്റെ മൂക്കറ്റമുള്ള കുടി, വേശ്യകളുമായുള്ള നിരന്തര സമ്പർക്കം, പിടിച്ചുപറി, കൊലപാതകം അങ്ങനെ ചെയ്യാത്ത തിന്മക



ളൊന്നും ഇല്ലാതായി. യഥാർത്ഥത്തിൽ ഇതിനുവേണ്ടിയായിരുന്നോ അവൻ മോചിതനായത്. ലോകത്തിന്റെ ലാവണ്യങ്ങളായിരുന്നില്ല മനുഷ്യപുത്രന്റെ പുണ്യങ്ങളായിരുന്നില്ലേ അവൻ തേടേണ്ടിയിരുന്നത്? ജറുസലേമിലെക്കുവരുന്ന തീർത്ഥാടകരേയും യാത്രികരേയും കടന്നാക്രമിച്ച് കൊടുവാളുകൊണ്ട് വെട്ടി അവൻ ഒരു ഭീകര സ്വത്വമായി. ഭ്രാന്തുപിടിച്ച വെൺപുലിയെപ്പോലെ ചോര അവനറപ്പില്ലാത്തതായി. കാത്തിരുന്നു പകവീട്ടുന്ന സർപ്പത്തെപ്പോലെ മരണത്തെ അവൻ ഭയപ്പെട്ടില്ല. ഒന്നുമാത്രം അവന്റെ ചിന്തകളിൽ തികട്ടിവന്നു, യേശു അവസാനമായി മന്ത്രിച്ച വാക്കുകൾ "കൂടുതൽ മോശമായതു സംഭവിക്കാതിരിക്കാൻ മേലിൽ പാപം ചെയ്യരുത്." അവൻ പിറുപിറുത്തു, ഞാൻ പാപം ചെയ്തു കഴിഞ്ഞു. എനിക്ക് മോശമായത് സംഭവിക്കാനിരിക്കുന്നു. ആയതിനാൽ എത്രയും പെട്ടെന്ന് എനിക്ക് കൂടുതൽ പാപം ചെയ്യണം.

ഒരു ദിവസം വെറിപിടിച്ച കാട്ടാനയെപ്പോലെ ഭ്രാന്തുപിടിച്ച് ജറുസലേമിന് സമീപമുള്ള പൈൻമരക്കാട്ടിൽ അങ്ങോട്ടുമിങ്ങോട്ടും പലതും ആലോചിച്ച് നടന്നപ്പോഴാണ്, നിഷ്കളങ്കയായ ഒരു കൊച്ചു സുന്ദരി അവന്റെ കണ്ണിൽപ്പെട്ടത്. അവളുടെ പേര് 'സിസേറ'. ഒരു യഹൂദ ശതാധിപനായ 'സാന്തോസി' ന്റെ മകൾ. എപ്പോഴും കലപില ശബ്ദവുമായി പ്രായഭേദമന്യേ നാട്ടുകാർക്കും സേവകർക്കും അത്യുൽസാഹം പകരുന്ന നന്മയുടെ സത്സ്വരൂപം. അപ്പനോടും സേവകരോടുമൊപ്പം പുറപ്പെട്ടതാണവൾ. പൈൻമരുക്കാടിന്റെ സൗന്ദര്യം അവളെ വല്ലാതെ മോഹിപ്പിച്ചു. ആകാശത്തോളം പൊന്തിനിൽക്കുന്ന ഒറ്റ മരത്തടിക്കൂട്ടം അതിമനോഹരമായിരുന്നു. ഓരോ മരത്തിന്റെയും ചുവട്ടിൽ പോയി നിന്ന് മുകളിലേക്ക് നോക്കി അവൾ നീട്ടി കൂകി, എന്നിട്ട് ഏതെങ്കിലും പക്ഷിയുടെ മറുപടിക്കായി അവൾ കാതോർത്തു. അങ്ങനെ കളിച്ചും മതിമറന്നു നിൽക്കുമ്പോഴാണ് അബിയലോൺ എന്ന ഭീകര സ്വത്വം അവളുടെ മുൻപിൽ പ്രത്യക്ഷപ്പെട്ടത്. അവന്റെ രൂപവും ഭാവവും കണ്ട പാവം പെൺകുട്ടിയുടെ നാവിൽ നിന്നും ഒരക്ഷരം പോലും പുറത്തുവന്നില്ല. അവൾ ആകെ പേടിച്ചു തളർന്നുപോയി. അപ്പുറത്തെവിടെയോ ഉള്ള അപ്പനേയും സേവകരേയും ഒന്നുറക്കെ വിളിക്കാൻ പോലും അവൾക്ക് കഴിഞ്ഞില്ല. അബിയലോൺ കുനിഞ്ഞവളെ വാരിയെടുത്ത് തോളിലിട്ട് മുൻപോട്ടുതന്നെ നടന്നു. അവൻ ചിരിക്കുന്നുണ്ടായിരുന്നു, ഒരു രാക്ഷസനെ കണക്കേ ആരെയും ഭയപ്പാടിലാക്കുന്ന അട്ടഹാസം. അവൻ പിറുപിറുത്തു, "പെണ്ണ്, ഇളം പെണ്ണ് ഇതുവരെ കിട്ടാത്ത സുഖം. ചോര ചൂടുള്ള ചോര, മധുരമുള്ള ചോര.

ഓരോ പാതകം ചെയ്യുമ്പോഴും ആ വാക്കുകൾ അവന്റെ ഉള്ളിൽ പ്രതിധ്വനിച്ചു, കൂടുതൽ മോശമായതു സംഭവിക്കാതിരിക്കാൻ പാപം ചെയ്യാതിരിക്കുക. എന്തുചെയ്യാം ഞാൻ പാപം ചെയ്തുകൊണ്ടേയിരിക്കുന്നു. ഇനി എനിക്ക് മോചനമില്ല. സർവശക്തിയുമെടുത്ത് സിസേറ അലറി കരഞ്ഞു, കാറ്റതു സംവഹിച്ച് ശതാധിപന്റെയും സേവകരുടെയും ചെവികളിലെത്തിച്ചു. ശരവേഗത്തിലവർ നാലുപാടും ചിതറി ഓടി. സിസേറ... സിസേറ... എന്നവർ അലറിവിളിച്ചു. അവസാനം അവളെ കണ്ടെത്തുമ്പോൾ മുഖമടിച്ചവൾ തറയിൽ അബോധാവസ്ഥയിൽ കിടപ്പുണ്ടായിരുന്നു. പൊട്ടിക്കരഞ്ഞുകൊണ്ട് സാന്തോസ് അവളെ വാരിയെടുത്തു. കണ്ണുകളിൽ രോഷാഗ്നിയുമായി അവൻ ആജ്ഞാപിച്ചു, വിടരുതവനെ. പിന്നെ അവിടെ ഒരു യുദ്ധമായിരുന്നു. അവസാനം കുന്തമുനകൊണ്ട് മുറിവേറ്റ അബിയലോൺ കീഴടങ്ങി.

പ്രമാണിയുടെ പ്രായപൂർത്തിയാകാത്ത മകളെ ലൈംഗിക പീഡനത്തിനിരയാക്കി എന്ന വലിയകുറ്റത്തിന് നൽകാവുന്ന പരമാവധി ശിക്ഷ അവനുലഭിച്ചു. കണ്ണുകൾ ചൂഴ്ന്നെടുക്കപ്പെട്ട് ഒരു സാബത്തുവർഷം ചങ്ങലയാൽ പൂട്ടപ്പെട്ട് കഠിനതടവ്.

നിർവികാരനായി അബിയലോൺ തടവറയിൽ നിലത്തിരുന്ന് യേശുവിന്റെ വാക്കുകൾ ഓർത്തുകൊണ്ടിരുന്നു, കൂടുതൽ മോശമായത് സംഭവിക്കാതിരിക്കാൻ മേലിൽ പാപം ചെയ്യരുത്. അവസാനം അതാ കൂടുതൽ മോശമായതുതന്നെ സംഭവിച്ചു. ■

അഗസ്റ്റിൻ കണിപ്പിള്ളി



# പ്രളയാനന്തര നവകേരള സൃഷ്ടിക്കായി

ദുരന്തങ്ങളുടെ പെരുമഴക്കാലത്തിന് ശമന ലക്ഷണങ്ങൾ കണ്ടുതുടങ്ങിയെങ്കിലും നിവാരണത്തിന് പതിറ്റാണ്ടുകൾ വേണ്ടിവരുന്ന ദുരന്ത ശേഷിപ്പുകൾ ഇപ്പോഴും ചികിത്സിച്ചു തുടങ്ങാത്ത മുറിവുകളായി തന്നെ അവശേഷിക്കുന്നു. ഈ വേദനയിലും പ്രളയകാല അതിജീവനകൂട്ടായ്മകൾ നൽകിയ അനുഭവങ്ങൾ തന്നെയാണ് ഇന്ന് ജീവൽപ്രേരകമായി നിൽക്കുന്നത്. ആ പ്രതീക്ഷകൾ സഫലമാക്കുന്നതിലാണ് പുനരുജ്ജീവനം സാധ്യമാകുന്നതെന്ന തിരിച്ചറിവാണ് കേരളത്തെ കർമ്മനിരതരാക്കേണ്ടത്.

പ്രളയ ദുരന്ത തീവ്രതയുടെ കാരണങ്ങളും കാരണക്കാരും സംബന്ധിച്ച തകർക്കങ്ങൾ ശാസ്ത്രീയമായ പഠനത്തിലും അന്വേഷണത്തിലും വ്യക്തമാക്കപ്പെടട്ടെയെന്ന് നമുക്ക് പറഞ്ഞുവയ്ക്കാം. അതിതീവ്രമായ തോരാമഴയ്ക്കൊപ്പം മുന്നറിയിപ്പുകളില്ലാതെ ഡാമുകൾ തുറന്നുവിട്ടതാണ് പ്രളയ ദുരന്തത്തെ തീവ്രമാക്കിയതെന്നാണ് ആരോപണം. എന്നാൽ ഇതുസംബന്ധിച്ച അന്വേഷണത്തിൽ തീർപ്പുവരുന്നതുവരെ കാത്തിരിക്കാൻ കഴിയുന്ന ദുരന്തമല്ല പ്രളയം വിതച്ചുപോയതെന്ന ബോധ്യമായിരിക്കണം ദുരന്ത നിവാരണ പ്രവർത്തനങ്ങളെ നയിക്കേണ്ടത്. ഇക്കാര്യത്തിൽ ഒരു പരിധിവരെയെന്നല്ല എന്നും എപ്പോഴും ഉത്തരവാദിത്വ പൂർണമായ ഇച്ഛാശക്തി കാണിക്കേണ്ടത് ഭരണനേതൃത്വം തന്നെയാണ്.

പ്രളയ ദുരന്ത ജീവരക്ഷാ പ്രവർത്തനങ്ങളിൽ കേരള ജനത കളങ്കമില്ലാത്ത പ്രവർത്തനമാണ് കാഴ്ചവച്ചത്. അക്കാര്യത്തിൽ മുൻപന്തിയിൽ കേരളത്തിലെ മത്സ്യത്തൊഴിലാളികൾ തന്നെയാണ്. കടലനുഭവങ്ങളുടെ ചങ്കുറപ്പും കടലോളം പോന്ന കാരുണ്യവും സ്വജീവനും ജീവൽപ്രശ്നങ്ങളും മറക്കുന്ന സ്നേഹവും അവരെ പ്രളയമേഖലയിലെ ജീവരക്ഷാപ്രവർത്തനങ്ങളിൽ സമാനതകളില്ലാത്ത പ്രവർത്തനത്തിന് ഉടമകളാക്കി. ലോകം അവരെ ഹീറോകൾ എന്നുവിശേഷിപ്പിച്ചപ്പോൾ കേരളം, മത്സ്യത്തൊഴിലാളികളെ സ്വന്തം സൈന്യമായി പ്രഖ്യാപിച്ചു. ഓഖി ദുരന്തത്തിൽ സ്വജീവരക്ഷകരായവർ ജലപ്രളയത്തിൽ സഹോദരരുടെ ജീവരക്ഷകരായി. പ്രശംസയും പ്രതിഫലവും ആഗ്രഹിക്കാതെ എൻജിൻ വള്ളങ്ങളുമായി പ്രളയമേഖലയിലേക്ക് അവർ എത്തിയില്ലായിരുന്നുവെ

ങ്കിൽ പ്രളയമരണ സംഖ്യ ഒരുപക്ഷേ പതിനായിരങ്ങൾ തികച്ചേനെ. കേരളത്തിൽ നിന്നുള്ള 2500 ലേറെ മത്സ്യത്തൊഴിലാളികളാണ് ജീവരക്ഷാപ്രവർത്തനത്തിൽ പങ്കെടുത്തത്. 65000 ത്തോളം ജീവനുകളെയാണ് ഇവർ ജീവിതത്തിലേക്ക് കൈപിടിച്ച് കയറ്റിയത്. ജീവരക്ഷാ പ്രവർത്തനത്തിലെ സഹകരണവും പങ്കാളിത്തവും കേരളീയരെ ഒരു പുത്തൻ സംസ്കാരത്തിനുടമകളാക്കി. പ്രളയക്കെടുതി അതിജീവനം കേരളീയർക്ക് സാധ്യമായിട്ടുണ്ടെങ്കിൽ ഏത് ആപൽഘട്ടങ്ങളിലും ഒന്നിച്ചുനിൽക്കാനുള്ള മലയാളികളുടെ വലിയ മനസ്സിന്റെ നന്മയാണ് അത് പ്രകടമാക്കുന്നത്. ആ നന്മ അണഞ്ഞുപോകാത്തിടത്തോളം കേരളം ദുരന്തങ്ങളെ അതിജീവിക്കുമെന്ന് തീർച്ച. എന്നാൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കിടയിലും ജാതിയും മതവും രാഷ്ട്രീയവും ഇടകലർത്താൻ ചില ദുഷ്ടശക്തികൾ ശ്രമിക്കാതിരുന്നില്ല. നവമാധ്യമങ്ങളിൽ ട്വീറ്റ് ചെയ്തവരും ജനം ടി.വി. ഉൾപ്പെടെ ചില ദൃശ്യമാധ്യമങ്ങളും ഈ ദുഷ്ടലാക്കിനുവേണ്ടി നിലകൊണ്ടവരാണെന്ന് കേരളം ഓർത്തുവയ്ക്കുമെന്ന് തീർച്ചയാണ്.

പ്രളയ ദുരന്തശേഷിപ്പുകളെ അതിജീവിക്കാനുള്ള ശ്രമങ്ങൾക്കാണിനി മുൻഗണന നൽകേണ്ടത്. ഇക്കാര്യത്തിൽ കാണുന്ന മഹാമനസ്കതയും സഹകരണവും കരുണയും പ്രതീക്ഷാ നിർഭരമാണ്. കേരളീയർ മാത്രമല്ല ലോകം ഒന്നടങ്കം മലയാൾമയെ ഉറ്റുനോക്കുകയാണ്. കേരളത്തോട് അവർക്ക് കരുതലുണ്ട്. അതിന് തെളിവാണ് അവിടങ്ങളിൽ നിന്ന് ഇങ്ങോട്ട് പ്രവഹിക്കുന്ന ധനസഹായങ്ങൾ. നവകേരളം കെട്ടിപ്പടുക്കാനുള്ള ശ്രമത്തിൽ അരയും തലയും മുറുക്കി സഹകരിക്കാനുള്ള മലയാളിയുടെ മനസ്സുണ്ടല്ലോ. അതാണ് അതിജീവനത്തിന്റെ അടിസ്ഥാനശിലയായി തീരുന്നത്. ഇതിൽ ഒരു മാറ്റം ഉണ്ടാകരുതേ എന്നാണ് പ്രാർത്ഥന.

കാരണം അനുഭവം അത്തരമൊരു പ്രാർത്ഥനയ്ക്കു പ്രേരകമാകുന്നുണ്ട്. ആയിരങ്ങളുടെ ജീവനും സ്വത്തും അപഹരിച്ച 2004 ലെ സുനാമിയും 300 ഓളം പേരുടെ ജീവഹാനിക്ക് നിമിത്തമായ 2017-ലെ ഓഖി ചുഴലിക്കാറ്റും സൃഷ്ടിച്ച ദുരന്തത്തിന്റെ ആശ്വാസ പ്രവർത്തനങ്ങൾ ഇനിയും അർത്ഥപൂർണതപോലും കൈവരിച്ചിട്ടില്ലെന്നറിയുമ്പോഴാണ് പ്രളയ ദുരിതാശ്വാസത്തെക്കുറിച്ച് ആശങ്ക ഉയരുന്നത്. ഓഖി തിരുവനന്തപുരത്തിന്റെ തീരമേഖലയെ ആകെ ദുരിതത്തിലാഴ്ത്തിയപ്പോഴും മലയാളി കൈയയച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾ ധനസഹായം നൽകി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിലേക്ക് വൻതുകകൾ ഒഴുകിയെത്തി. എന്നാൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഇന്നും പ്രതീക്ഷ മാത്രമാണ് മിച്ചമായിട്ടുള്ളത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച തുകയും പത്തിൽ ഒരു ഭാഗം പോലും ഇന്നുവരെ ഓഖിദുരിതബാധിതർക്കായി ചെലവഴിച്ചിട്ടില്ലെന്ന് ഓർക്കണം. ഇത്തരം ഒരു സാഹചര്യത്തിൽ അവഗണനയുടെ നടുവിൽ നിന്ന് പ്രളയമേഖലയിൽ രക്ഷാപ്രവർത്തനത്തിനിറങ്ങിയ മത്സ്യത്തൊഴിലാളികളുടെ മനസ്സാണ് എല്ലാവർക്കും ഉണ്ടാകേണ്ടത്. സ്വന്തം വിശപ്പും അവഗണനയും ജീവിതവും മറന്ന് മറ്റുള്ളവരുടെ വിശപ്പകറ്റാനും ജീവൻ സംരക്ഷിക്കാനും മത്സ്യത്തൊഴിലാളികൾ കാണിച്ച മഹാമനസ്കത അത് ഉത്തരവാദിത്വപ്പെട്ടവരുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. 322 പേരുടെ ജീവനപഹരിച്ച ദുരന്തമെന്നുമാത്രമുള്ള പേരിലല്ല, 2018 ആഗസ്റ്റിലെ പ്രളയം അറിയപ്പെടുക. മനുഷ്യനും മൃഗങ്ങളും കൃഷിയും കൃഷിയിടങ്ങളും ഉൾപ്പെടെ കേരളത്തിലെ 14 ജില്ലകളേയും ബാധിച്ച 20,000 കോടിയിലേറെ രൂപയുടെ നഷ്ടമുണ്ടാക്കിയ ഒരു മഹാവിപത്ത് എന്ന പേരിലാവും. അതിന്റെ അതിജീവനമാണ് കേരള ചരിത്രത്തെ മഹത്തരമാക്കേണ്ടത്.

അതിജീവനത്തോടൊപ്പം, പ്രകൃതി നൽകുന്ന ചില സൂചനകൾ കൂടി വിവേചിച്ചറിയാൻ മനുഷ്യന് കഴിയണം. പ്രകൃതിചൂഷണത്തിലും ജീവിതശൈലിയിലും മനുഷ്യർ പുലർത്തിപ്പോന്ന ധാരാളിത്തത്തിന്റെ പ്രകടമായ പ്രതിഫലനമായിട്ടുവേണം പ്രളയദുരന്തത്തെ കാണാനും വിലയിരുത്താനും. മലകൾ ഇടിച്ചുനിരത്തി, നദികൾ അണകെട്ടി തടഞ്ഞു. വൃക്ഷങ്ങൾ മുറിച്ചുവിറ്റു. പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ കണക്കിലെടുക്കാതെ മഹാസൗധങ്ങൾ പണിതു

**നവകേരള സൃഷ്ടിക്കായുള്ള ജനപങ്കാളിത്തം അത്ഭുതാവഹമാണ്. ഭാവനാപൂർണമായ ഒരു സൃഷ്ടിയാണ് ദുരന്തമേഖലയിൽ സംഭവിക്കേണ്ടത്. സങ്കല്പങ്ങളെ യാഥാർത്ഥ്യമാക്കുന്നിടത്താണ് ജനപങ്കാളിത്തം സഫലമാകുന്നത്**

യർത്തി കാറ്റിന്റെയും വെള്ളത്തിന്റെയും ഒഴുക്കു തടഞ്ഞുനിർത്തി പ്രകൃതിയുടെ മേൽ മനുഷ്യൻ സ്വാർത്ഥാധികാരം സ്ഥാപിച്ചു. ജീവിതശൈലിയിൽ മാറ്റംവരുത്തി. സമ്പാദ്യങ്ങളുടെ ഹുങ്കിൽ സഹോദരങ്ങളെ മറന്നു; മനുഷ്യനെ മറന്നു. ധാരാളിത്തത്തിൽ മതിമറന്നു. എല്ലാം സ്വന്തമായിരിക്കാൻ മതിൽകെട്ടുകൾ നിർമ്മിച്ചു. സഹിക്കാവുന്നതിലേറെയായപ്പോൾ പ്രകൃതി അസ്വസ്ഥമായി. ഫലമോ വൻ ദുരന്തം. ഈ ദുരന്തം നൽകുന്ന ഒരു പാഠമുണ്ട്. ദുരിതാശ്വാസക്യാമ്പുകളിൽ അയൽക്കാരനോടൊപ്പം ഉടുതുണിക്ക് മറുതുണിയില്ലാതെ കിടന്നപ്പോൾ മതിൽകെട്ടിയടച്ച സ്വന്തം വീട് പ്രളയത്തിൽപ്പെട്ട് ഒറ്റപ്പെട്ടപ്പോൾ, ജീവരക്ഷക്കുവേണ്ടി മറ്റുള്ളവരെ വിളിച്ചുകരഞ്ഞപ്പോൾ, ഒരു നേരത്തെ ഭക്ഷണത്തിനുവേണ്ടി കൈനീട്ടി നിന്നപ്പോൾ, മെഡിക്കൽ ക്യാമ്പിൽ ക്യൂ നിന്നപ്പോൾ നാം തിരിച്ചറിഞ്ഞില്ലേ ജീവിതത്തിന്റെ യാതനകൾ എന്തെല്ലാമെന്ന്. സർവ്വവും നഷ്ടപ്പെട്ടപ്പോൾ താനും ഒരു ദരിദ്രനാണെന്ന തിരിച്ചറിവ്. എല്ലാ ജീവജാലങ്ങൾക്കും അവകാശപ്പെട്ട പ്രകൃതിയെ സ്വാർത്ഥലാഭത്തിനുവേണ്ടി ചൂഷണം ചെയ്യാൻ പാടില്ലെന്ന തിരിച്ചറിവ്. ഈ ബോധ്യങ്ങളായിരിക്കണം നവകേരള സൃഷ്ടിയിൽ പാലിക്കപ്പെടേണ്ട തത്വശാസ്ത്രം. തനിക്കാവശ്യത്തിൽ കൂടുതലുള്ളത് ഇല്ലാത്തവന്റെ അവകാശം കൂടിയാണെന്ന തിരിച്ചറിവ് പുതിയൊരു സംസ്കാരവും കൂടി സൃഷ്ടിക്കാൻ ഇടയാക്കട്ടെ. ■

കഥ

സിസ്റ്റർ മേരി എസ്റ്റൽ സി.സി.ആർ



# തലോടൽ


സുഖസുഷുപ്തിയുടെ ആലസ്യത്തിൽ നിന്നും മോചിതനായ അലൻ വാതായനങ്ങൾ തുറന്നു. പ്രഭാതത്തിന്റെ സുഖമുള്ള തണുപ്പിൽ മതിമയങ്ങാറുള്ള ബാൽക്കണി നനഞ്ഞു കുതിർന്നിരുന്നു. ദൂരേക്ക് കണ്ണുകൾ പായിച്ച അലന് മുന്നിൽ കാണുന്നതൊന്നും വിശ്വസിക്കാൻ കഴിഞ്ഞില്ല. അന്തരീക്ഷം കരിമ്പടം പുതച്ച് ഭീകരരൂപം പൂണ്ടിരിക്കുന്നു. അസാധാരണമായതെന്തോ സംഭവിച്ചിരിക്കുന്നതുപോലെ.... പെട്ടെന്നാണ് ചുറ്റുവട്ടത്തെ നിലവിളിയും കോലാഹലങ്ങളും ശ്രദ്ധയിൽപ്പെട്ടതും. നിമിഷം പ്രതി ഉയർന്നുവരുന്ന പ്രളയജലം താണ്ഡവമാടാൻ തുടങ്ങിയിരിക്കുന്നു. അലൻ അകത്തേക്ക് ഓടി. സൂര്യകിരണ സ്പർശത്തിനായി കാത്തുകിടക്കുന്ന മമ്മിയെ അവൻ തട്ടിവിളിച്ചു, "മമ്മീ... നമ്മൾ മുങ്ങിമരിക്കാൻ പോകുന്നു." ഇവന്റെയൊരു തമാശ... മമ്മി പുതപ്പിനടിയിലേക്ക് വീണ്ടും ചുരുണ്ടു. പാദത്തോളമെത്തിയ ജലം മമ്മിയുടെ കണ്ണിലേക്ക് അലൻ കോരിയൊഴിച്ചു. തലമുടി വാരിയൊതുക്കി ചാടിയെഴുന്നേറ്റ മമ്മിക്ക് ശ്വാസം നിലച്ചുപോകുന്നതുപോലെ തോന്നി.... സംയമനം വീണ്ടെടുത്ത് മകനുമായി ഓടി മൂന്നാം നിലയെ അഭയം പ്രാപിച്ചു. ഒരിക്കലും വിചാരിച്ചില്ല ഭക്ഷണവും വെള്ളവും വസ്ത്രവുമില്ലാതെ പുറംലോകവുമായി യാതൊരു ബന്ധവുമില്ലാതെ പകൽ വെളിച്ചം കഴിഞ്ഞാൽ പിന്നെ മൂക്കോട് മൂക്കുകുത്തുന്ന കൂറ്റാകൂരിരുട്ടിൽ തപ്പിത്തടയേണ്ട രാവുകൾ പിന്നിടേണ്ടിവരുമെന്ന്. ഫോൺ കൈയിലെടുത്തപ്പോൾ വാട്സ്-ആപ്പിലൂടെ കേരള ജനതയുടെ കണ്ണീർ കടലിന്റെയും ഭീതിയുടെയും ഒരായിരം സന്ദേശങ്ങൾ ഒഴുകിയെത്തിക്കൊണ്ടിരിക്കുന്നു. എല്ലായിടങ്ങളിലും ഒരേ ആർത്തനാഥം. തലേദിവസം ചാർജ് ചെയ്യാതിരുന്നതിനാൽ എപ്പോഴും ആശ്രയിച്ചിരുന്ന ഫോണും നിശ്ചലമായിത്തുടങ്ങി. സെക്കന്റുകൾ മണിക്കൂറുകൾക്ക് വഴിമാറിക്കൊണ്ടിരുന്നു.

മുകളിൽ ആകാശം താഴെ ജലം - മദ്ധ്യേയുള്ള ജീവിതം. എല്ലാം അസ്തമയത്തോടടുത്തുവെന്ന ചിന്ത മനസ്സിനെ പരിഭ്രാന്തമാക്കി. ഇടയ്ക്ക് മകന്റെ രോദനം "മമ്മീ നമ്മെ രക്ഷപ്പെടുത്താൻ ആരും വരില്ലേ... ആരും നമ്മെ കാണുന്നില്ലേ... നാം വിളിച്ചിട്ട് ആരും കേൾക്കാത്തതെന്തേ? കച്ചിത്തുരുമ്പിന്റെ ഒരു പഴുതുപോലുമില്ലേ മമ്മീ നമുക്ക് രക്ഷപ്പെടാൻ. ഓ... വിശക്കുന്നു. ശരീരം തളരുന്നു. എന്തുചെയ്യും മമ്മീ... ആശ്വസിക്കാൻ വാക്കുകളില്ലാതെ നിന്നപ്പോൾ പെട്ടെന്നോർത്തുപോയി ആ നാലാം സ്ഥലം. മകനെ ആശ്വസിപ്പിക്കാൻ അമ്മയും അമ്മയെ ആശ്വസിപ്പിക്കാൻ മകനും വാക്കുകളില്ലാതിരുന്ന ആ നാലാം സ്ഥലത്തിന്റെ നൊമ്പരം.

മമ്മിയല്ലേ പറഞ്ഞത് ദൈവം സ്നേഹമുള്ള പിതാവാണെന്ന്. ആ പിതാവെന്തിനാ മക്കളോടിങ്ങനെ?..... അലന്റെ ചോദ്യം വിശ്വാസത്തിന്റെ ആഴങ്ങളിൽ സ്പർശിക്കുക തന്നെ ചെയ്തു.

"മോനെ... ദൈവം സ്നേഹം തന്നെയാണ്. കരുണാമയനാണ്. പക്ഷേ മക്കളായ നമ്മളോ? നല്ല ചെടികളോടൊപ്പം കളയും വളരാൻ അനുവദിക്കുന്ന പിതാവായ ദൈവം ഒരുപക്ഷേ മക്കളായ നമ്മളുടെ ചെയ്തികളിൽ പൊറുതിമുട്ടിയില്ലായെന്ന് ആരുകണ്ടു."

മമ്മീ എനിക്ക് പേടിയാകുന്നു. മോൻ വിഷമിക്കേണ്ട. ദൈവം നമ്മളെ രക്ഷിക്കും. അവിടുത്തെ ആശ്രയിക്കുന്നവരെ അവിടുന്ന് ഒരിക്കലും കൈവിടില്ല. ഒറ്റപ്പെട്ട വീടായിരുന്നതിനാലും ആർക്കും എത്തി



പ്പെടാൻ സാധിക്കാത്തതിനാലും സഹായം ലഭിക്കാൻ പഴുതുകളില്ല. എങ്കിലും തന്നിൽ വിശ്വസിക്കുന്ന വർക്ക് അവിടുന്ന് രക്ഷയായി ഉണ്ടെന്ന് ഉറക്കെ വിശ്വസിച്ച് മകനെ ചേർത്തണച്ചുകിടന്ന രാത്രിയുടെ അന്ത്യയാമത്തിൽ എപ്പോഴോ ഒന്നു മയങ്ങി.

അതാ ഒരു ക്രൂശിത രൂപം - വേദനയാൽ പിടയുന്ന രംഗം. ആണികളിൽ ആഞ്ഞടിക്കുന്ന ദൃശ്യം - ചാട്ടവാറിന്റെ സ്വരം - മുൾക്കിരീടത്തിൽ ആഴ്ത്തിയിറക്കുന്ന ദൃശ്യം.... "മോളേ ഞാൻ സ്നേഹിക്കുന്ന എന്റെ മക്കൾ എന്നെ ഇന്നും എന്തിനാണിങ്ങനെ ക്രൂശിക്കുന്നത്. ആത്മാക്കൾക്കായി എന്റെ ഹൃദയം ദാഹിക്കുന്നു."

"നാഥാ... അങ്ങയെ ഞങ്ങൾ എങ്ങനെയാണിപ്പോഴും ക്രൂശിക്കുന്നത്."

'മകളെ ഞാൻ ദാനമായി നൽകിയ പ്രകൃതി ചൂഷണം ചെയ്യുമ്പോഴും, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും മാധ്യമങ്ങളുടെയും തെറ്റായ ഉപയോഗം വർധിക്കുമ്പോഴും മാതാപിതാക്കളും മക്കളും സഹോദരങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ പവിത്രത നഷ്ടപ്പെടുമ്പോൾ ഞാൻ തെരഞ്ഞെടുത്തവരുടെ അപചയങ്ങളിൽ ആഹ്ലാദിക്കുമ്പോൾ എന്റെ ജനത്തിന് നീതി നിഷേധിക്കപ്പെടുമ്പോൾ. നന്മയും തിന്മയും വേർതിരിച്ചറിയാതെയുള്ള പരക്കംപാച്ചിലിൽ, തിന്മ കൊടികുത്തിവാഴുന്ന മേഖലകളിലൊക്കെ എന്നെ വീണ്ടും വീണ്ടും ക്രൂശിക്കുകയാണ്. 'സ്നേഹ നാഥാ.. എന്നാലും അങ്ങയെ സ്നേഹിക്കുന്ന നല്ലൊരു ശതമാനം മക്കൾ ഇനിയുമില്ലേ' 'ശരിതന്നെ. അതുകൊണ്ടുതന്നെ എന്റെ പിതാവായ ദൈവം ഇടതുകരത്താലൊരു താഡനം നൽകിയത്. പിതാവിനറിയാം ആത്മീയ നന്മയുള്ളവരും ഇക്കൂട്ടത്തിൽ വേദനിക്കുന്നുണ്ടെന്ന്. ഒന്നുനശിച്ചാലേ മറ്റൊന്നിന് വളമാകൂ. അനാഥരുടെ, നിരാലംബരുടെ, നിരപരാധികളുടെ വേദനയും കണ്ണീരും പിതാവ് കാണുന്നു. ജീവിതം വെട്ടിപ്പിടിക്കാനുള്ള ഈ നശ്വര, ജഢിക, വ്യർത്ഥ മോഹങ്ങളുടെ കാഠിന്യം കുറച്ച് ഈശ്വരചിന്തയിൽ വളരാൻവേണ്ടിയാണ് ഈ ചെറിയ സ്നേഹശിക്ഷണം.

പുറത്തൊരു ആരവം കേട്ടാണ് ഞെട്ടിയുണർന്നത്. വീടിന് മുകളിൽ വട്ടമിട്ട് പറക്കുന്ന ഹെലികോപ്റ്റർ. "മോനെ എഴുന്നേറ്റെ... നമുക്ക് ഉറക്കെ വിളിക്കാം..." അലന്റെ കരച്ചിലും അമ്മയുടെ ആർത്തനാദവും അംഗവിക്ഷേപങ്ങളും കണ്ട ഹെലികോപ്റ്ററിന്റെ പൈലറ്റ് രണ്ടുപേരെയും വളരെ സാഹസികമായി രക്ഷിച്ച് സുരക്ഷിത സ്ഥാനത്തെത്തിച്ചു. "തല്ലുന്ന കരംകൊണ്ടുതന്നെ തലോടുന്ന വാത്സല്യനിധിയായ പിതാവ് ആ കൈവെള്ളയിൽ ഓരോ മക്കളേയും സംരക്ഷിച്ചുകൊള്ളും. കാറ്റിനെയു കടലിനെയും ശാന്തമാക്കിയ, ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ടെന്ന് വാഗ്ദാനം നൽകിയ ദൈവം നമ്മെ എത്രവലിയ തകർച്ചയിലും മാറോട് ചേർത്തുകൊള്ളും, ആ അമ്മ ആത്മഗതം ചെയ്തു. ■

ജൂലിയറ്റ് അഗസ്റ്റിൻ

# ഒരു അദ്ധ്യാപികയുടെ അനുഭവപാഠങ്ങൾ

അധ്യാപന ജീവിതത്തിൽ 24 വർഷങ്ങൾ പിന്നിടുമ്പോൾ ഓർത്തെടുക്കാനും ഓർമ്മയിൽ സൂക്ഷിക്കാനും കിട്ടിയ ഒട്ടേറെ അനുഭവ സമ്പത്തുമായി ഈ യാത്ര തുടരുകയാണ്.

ഒന്നാം ക്ലാസിലെ കുട്ടികളോടൊപ്പമുള്ള അധ്യായന കാലമാണ് ഏറെ ഹൃദ്യം. കുഞ്ഞുങ്ങളിൽ നിന്നും ധാരാളം കാര്യങ്ങൾ പഠിക്കാൻ കഴിഞ്ഞു. അവരുടെ നിഷ്കളങ്കമായ പെരുമാറ്റം, ഗ്രാമ്യഭാഷയിലുള്ള അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കാൻ മറയില്ലാത്ത മറുപടി, എന്നിവ എനിക്കേറെ പ്രിയപ്പെട്ടതായിരുന്നു. മാറിവന്ന വിദ്യാഭ്യാസ രീതിയിലുള്ള അധ്യായന ജീവിതമാണ് ഭൂരിഭാഗവും. ശിശു കേന്ദ്രീകൃത വിദ്യാഭ്യാസ സമ്പ്രദായം (ഡിപിഇപി) ഏറെ വിമർശനങ്ങൾക്ക് വിധേയമായിട്ടുണ്ടെങ്കിലും ഇതുൾക്കൊണ്ട അധ്യാപകർ ഈ രീതി അതിന്റെ പൂർണ വിജയത്തിലെത്തിക്കാൻ നന്നേ പരിശ്രമിക്കേണ്ടിവന്നു. അതിൽ വളരെ ഏറെ സന്തോഷവും ഉണ്ട്. പുതിയ അധ്യാപന സമീപനം ഉൾക്കൊള്ളുന്നതിൽ കുട്ടികൾക്കുണ്ടായ ബുദ്ധിമുട്ട് എന്നിലെ അധ്യാപികയിൽ ആശങ്ക ഉളവാക്കിയോ എന്നിറിയില്ല. എങ്കിലും നവീന ആശയങ്ങൾ കൈമാറുന്നതിനും കുട്ടികളുമായി സംവദിക്കുന്നതിനും ലഭിച്ച അവസരങ്ങളെല്ലാം എന്നെയും എന്റെ ചിന്തകളെയും പരിഷ്കരിച്ച പാട്യലോകത്തിലേക്ക് നയിക്കുവാൻ സഹായകമായി.

ക്ലാസ് റൂം പ്രവർത്തനങ്ങളുടെ ഭാഗമായി 'റ' എന്ന അക്ഷരം കുട്ടികളെ പഠിപ്പിക്കുന്ന അവസരത്തിൽ 'റ' വരുന്ന പദങ്ങൾ പറയുവാൻ ആവശ്യപ്പെട്ടപ്പോൾ 'പാറം' എന്നു (ബിഥുൻ) പറഞ്ഞത് ഇന്നും എന്റെ മനസ്സിലുണ്ട്. കുട്ടി ഉദ്ദേശിച്ചത് 'ഫോറം' എന്നാണ്. രക്ഷിതാക്കൾ പറഞ്ഞത് കേട്ടാണ് അവനും പാറം എന്നു പഠിച്ചത്. ഈ പദത്തെ രണ്ടുതരത്തിൽ പറയാമെന്ന് ഞാൻ അവന് മനസ്സിലാക്കി കൊടുത്തു. 'പാറം' ഇതിൽ നിന്നും 'അം' മാറ്റിയാൽ പാറ എന്ന പദം കിട്ടുമെന്നും പാറം അല്ല ഫോറം ആണെന്നും കുട്ടിയെ ബോധ്യപ്പെടുത്തി. ആ പുതിയ അറിവ് മനസ്സിൽ ഉണ്ടാക്കിയ ചലനങ്ങൾ പിന്നീടുള്ള ക്ലാസുകളിൽ എന്നെ അത്ഭുതപ്പെടുത്തി. മിടുക്കനായ ഒരു കുട്ടിയെ അവനിൽ എനിക്ക് കാണാൻ കഴിഞ്ഞു. ഒരു കുഞ്ഞിന് പ്രത്യേകമായ പരിഗണനയും ശ്രദ്ധയും നൽകിയാൽ അവന് ജീവിത വിജയം നേടാൻ സാധിക്കുമെന്ന് എനിക്ക് ബോധ്യമായി.

പ്രഥമ അധ്യാപികയും അധ്യാപകരും തമ്മിലുള്ള ഹൃദയ ബന്ധം ഞാൻ ഏറ്റവും കൂടുതൽ അനുഭവിച്ചറിഞ്ഞത് പൂഴിക്കുന്ന് സെന്റ് ആന്റണീസ് എൽപിഎസിൽ വച്ചാണ്. സുമം ബ്രിട്ടോ എന്ന ഹെഡ്മിസ്ട്രസിന്റെ സ്നേഹം തുളുമ്പുന്ന സുന്ദര മുഖം ഇന്നും എന്റെ മനസ്സിൽ ഒളിമങ്ങാതെ പ്രതിഫലിക്കുന്നു. തന്നെപ്പോലെ തന്നെ തന്റെ അധ്യാപകരെയും നോക്കി കാണുന്നതും സഹോദരതുല്യമായ അടുപ്പവും, അനുകമ്പയും സുമം ടീച്ചറിലൂടെ ഞാൻ അനുഭവിച്ചറിഞ്ഞു. സഹപ്രവർത്തകരെ സമഭാവനയോടും സദ്ഭാവനയോടും കൂടി കാണുവാനും എല്ലാപേരുമായി സമരസപ്പെട്ടു. പോകുവാനും സൻമനസ്സുകാട്ടിയ ഒരു മാതൃക അധ്യാപികയായിരുന്നു സുമം ടീച്ചർ. ടീച്ചറിന്റെ നേതൃത്വത്തിൽ പൂഴിക്കുന്ന് സ്കൂൾ അതിന്റെ സുവർണകാല പ്രഭാവമാണ് പ്രതിഫലിപ്പിച്ചത്.

അനഷ് എന്ന ഒന്നാം ക്ലാസ് വിദ്യാർത്ഥി ഇന്നും എന്റെ ഓർമ്മച്ചെപ്പിൽ സൂക്ഷിക്കുന്ന മറ്റൊരു മിടുക്കനാണ്. ശാരീരിക വൈകല്യമുള്ള ആ കുട്ടിയെ ആയാസകരമായിട്ടുള്ള പ്രവർത്തികളിൽ നിന്ന് മാറ്റി നിർത്താൻ എന്റെ ഉള്ളിലെ അധ്യാപിക ശ്രമിച്ചപ്പോൾ ഒരു വലിയ അനുഭവവും ബോധ്യവും ആ കുട്ടി എനിക്ക് നൽകുകയായിരുന്നു. വൈകല്യമുള്ള കുഞ്ഞുങ്ങളെ മാറ്റിനിർത്താൻ പാടില്ല എന്ന വലിയ പാഠം ആ കുട്ടി എന്നെ പഠിപ്പിച്ചു. സ്പോർട്സ് മീറ്റിലും മറ്റ് സ്കൂൾ പ്രവർത്തനങ്ങളിലും ഏറ്റവും മുൻപന്തിയിൽ വരുവാൻ അവൻ കാണിച്ച ആവേശവും ഇച്ഛാശക്തിയും ഇന്നും എന്റെ ഉള്ളിൽ വിസ്മൃതമാകാതെ നിൽക്കുകയാണ്.

സേവനം ചെയ്ത സ്കൂളുകളിൽ ഭൂരിഭാഗം രക്ഷിതാക്കളുമായി ഒരു നല്ല ബന്ധം സ്ഥാപിക്കുവാൻ സാധിച്ചത് ഒരു വലിയ അനുഗ്രഹമായി ഞാൻ കാണുന്നു. കുഞ്ഞുങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും അവരുടെ സാമൂഹ്യ-കുടുംബ പശ്ചാത്തലങ്ങൾ മനസ്സിലാക്കുന്നതിനും രക്ഷിതാക്കളുമായുള്ള ബന്ധം എന്നെ ഏറെ സഹായിച്ചു.

വേർപാട് എപ്പോഴും വേദനാജനകമാണ്. പ്രത്യേകിച്ച് ഇഷ്ടപ്പെട്ടവർ നഷ്ടപ്പെടുമ്പോൾ ഉണ്ടാകുന്ന മനസ്സിന്റെ നഷ്ടം ആരോടുപറയാൻ. ഈ അധ്യാപന ജീവിതത്തിൽ മനസ്സിനെ അസ്വസ്ഥമാക്കുകയും അലോസരപ്പെടുത്തുകയും ചെയ്തത് വിടരും മുൻപ് കൊഴിഞ്ഞുപോയ മിടുക്കരായ രണ്ടു കുഞ്ഞുങ്ങളെയാണ്. അർബുദത്തെ തുടർന്ന് അനീഷയും മറ്റൊരു അസുഖത്തെ തുടർന്ന് ശില്പയും കാലയവനികയ്ക്കുള്ളിൽ മറഞ്ഞത് ഇന്നും ഒരു ഹൃദയനൊമ്പരമായി നിലകൊള്ളുന്നു.

രണ്ടുപതിറ്റാണ്ടു പിന്നിടുന്ന ഈ അധ്യാപനം കൊണ്ട് എന്തുനേടി എന്ന ചോദ്യത്തിന് ഒരു ഉത്തരമേയുള്ളൂ, 'ധന്യമാണ് ഈ ജീവിതം. ഒരുപാട് ശിഷ്യഗണങ്ങളുടെ സ്നേഹവും ആദരവും നേടുവാൻ സാധിച്ചു. ഒത്തിരി കുടുംബങ്ങളിലെ സുഖദുഃഖങ്ങൾ പങ്കുവയ്ക്കാൻ സാധിച്ചു. ധാരാളം നല്ല അധ്യാപകരോടൊപ്പം പ്രവർത്തിക്കാൻ സാധിച്ചു. ശാസിച്ചും ശിക്ഷിച്ചും ഒരു കുട്ടിയെയും നന്നാക്കാൻ സാധിക്കില്ല എന്ന നല്ലപാഠം എന്റെ പഠിതാക്കളിൽ നിന്നും പഠിക്കാൻ സാധിച്ചു. ഇതിൽ കൂടുതൽ ഒരു അധ്യാപികയ്ക്ക് എന്താണ് നേടുവാനുള്ളത്. തുടർന്നുള്ള അധ്യാപന ജീവിതത്തിൽ നമ്മുടെ കുഞ്ഞുങ്ങൾക്കുവേണ്ടിയും സമൂഹത്തിനുവേണ്ടിയും കൂടുതൽ ഊർജ്ജസ്വലമായി പ്രവർത്തിക്കാനുള്ള ഓജസ്സും തേജസ്സും ദൈവം നൽകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. അധ്യാപകദിനത്തിന്റെ മംഗളങ്ങൾ എല്ലാ അധ്യാപകർക്കും ഹൃദയപൂർവ്വം നേരുന്നു. ■



## അടിസ്ഥാന ക്രൈസ്തവ സമൂഹം

ഫാ. മൈക്കിൾ തോമസ്
ബിസിസി എക്സി. സെക്രട്ടറി

# മിഷൻ കോൺഗ്രസ് - ബി.സി.സി. കൺവെൻഷൻ ഒന്നാം വാർഷികം

കേരള ലത്തീൻ സഭയുടെയും സമുദായത്തിന്റേയും ചരിത്രത്തിന്റെ നിർണ്ണായക ഭാഗമായി ത്തീർന്നിരിക്കുന്ന 2017 ഒക്ടോബറിൽ നടന്ന മിഷൻ കോൺഗ്രസ് - ബി.സി.സി. കൺവെൻഷന്റെ ഒന്നാം വാർഷികം ആഘോഷിക്കാനൊരുങ്ങുകയാണല്ലോ നാം. നമ്മുടെ അതിരൂപതയിൽ 1990 കളോടുകൂടി തുടക്കം കുറിച്ച ബി.സി.സി. കൂട്ടായ്മ പ്രവർത്തനങ്ങളുടെ രജത ജൂബിലി പിന്നിട്ടിരിക്കുന്ന വേളയിലും നവംബർ - ഡിസംബർ മാസങ്ങളിൽ ആഗതമാകുന്ന നവനേതൃത്വത്തിന്റെ തെരഞ്ഞെടുപ്പിനായ് ഒരുങ്ങുന്ന പശ്ചാത്തലത്തിലും അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ സ്ഥാപിതമായതിന്റെ ലക്ഷ്യം ഒന്നു കൂടി അനുസ്മരിക്കുന്നത് ഏറെ ഉചിതമായിരിക്കുമെന്നു തോന്നുന്നു.

എല്ലാം പങ്കിടുകയും എല്ലാവരുടെയും ആവശ്യങ്ങൾ നിവർത്തിക്കപ്പെടുകയും ചെയ്യുന്ന ഒരു ആദർശ സമൂഹത്തിന്റെ സൃഷ്ടിയാണ് ലക്ഷ്യം വയ്ക്കുന്നത്.

ഉത്ഥിതനായ യേശുവിന് സാക്ഷ്യം നൽകാൻ ഇടവക സമൂഹത്തെ പ്രാപ്തമാക്കുക.

സഭയുടെ അന്തഃസത്ത കൂട്ടായമയാണെന്നും ഈ കൂട്ടായ്മ ബന്ധങ്ങളിലൂടെയാണ് അനുഭവപ്പെടുന്നതെന്നും ഇടവക ജനങ്ങളെ ബോധ്യപ്പെടുത്തുക.

യേശു നിർവ്വഹിച്ച വൈവിദ്ധ്യമാർന്ന അടിമത്തത്തിൽ നിന്നുള്ള വിമോചന പ്രക്രിയ ഇന്നിന്റെ സാഹചര്യത്തിൽ നിർവ്വഹിക്കുവാൻ വിശ്വാസികളെ പ്രാപ്തരാക്കുവാൻ വേണ്ടി. യേശുവിന്റെ വിമോചന പ്രക്രിയ ഇന്നത്തെ സാഹചര്യത്തിൽ സാധ്യമാകുന്നത് പ്രധാനമായും ശുശ്രൂഷാസമിതികളുടെ പ്രവർത്തനങ്ങളിലൂടെയാണ്.

ശുശ്രൂഷകളുടെ പ്രസക്തി ജനങ്ങളെ ബോധ്യപ്പെടുത്തി അവരെ ശുശ്രൂഷസമിതികളിൽ സജീവ അംഗങ്ങളാക്കി മാറ്റുക.

ഇടവക സമൂഹത്തിന്റെ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് ഇടവകയുടെ കരുത്തുകൾ, കുറവുകൾ, സാധ്യതകൾ, വെല്ലുവിളികൾ എന്നിവ കണ്ടെത്തി സർവ്വോന്മുഖമായ വളർച്ചയെ ലക്ഷ്യം വച്ചുകൊണ്ട് കർമ്മ പദ്ധതികൾ തയ്യാറാക്കുക. സമയബന്ധിതമായ പദ്ധതി നടത്തിപ്പിനായി യൂണിറ്റ്/ഇടവക അംഗങ്ങളെ പ്രാപ്തരാക്കുക.

ഇടവകയിൽ ആരാലും അറിയപ്പെടാതെയും എല്ലാവരാലും അവഗണിക്കപ്പെട്ട് കഴിയുന്ന ഏറ്റവും "അവസാനത്തെ, നഷ്ടപ്പെട്ട, ദുർബല" വിഭാഗത്തെ/അംഗങ്ങളെ കണ്ടെത്തി അവരുടെ അഭിപ്രായം പ്രകടിപ്പിക്കാൻ വേദിയൊരുക്കുക. അവർക്ക് പ്രത്യേക പരിഗണന നൽകുക.

മേൽ പ്രസ്താവിച്ച ദൗത്യങ്ങൾ ബി.സി.സി. യൂണിറ്റുകളിൽ, ഇടവകയിൽ എന്തുമാത്രം കൈവരിക്കപ്പെടുന്നു എന്ന് സത്യസന്ധമായി വിലയിരുത്തുകയും അതിനനുസൃതമായി ഇടവക കൗൺസിൽ അംഗങ്ങളെയും ഭാരവാഹികളെയും ശുശ്രൂഷാ പ്രവർത്തകരെയും ബോധ്യപ്പെടുത്തി സജ്ജരാക്കി നമ്മുടെ ബി.സി.സി. യൂണിറ്റുകളെ സജീവവും ഫലദായകവുമായി മാറ്റാൻ ശ്രമിക്കാം.



തിരുവനന്തപുരം അതിരൂപതാ ബി.സി.സി. കമ്മിഷന്റെ ആഭിമുഖ്യത്തിൽ കണ്ണാന്തുറ ഇടവകയിൽ നടന്ന ഹോംമിഷൻ പ്രവർത്തനത്തിന്റെ ഉദ്ഘാടനം ദീപം കൈമാറി ബിഷപ്പ് ഡോ. ക്രിസ്തുദാസ് നിർവഹിക്കുന്നു



തിരുവനന്തപുരം അതിരൂപതാ ബി.സി.സി. കമ്മിഷന്റെ ആഭിമുഖ്യത്തിൽ മുട്ടടയിൽ നടന്ന ഹോംമിഷനിൽ പങ്കെടുത്ത സന്യാസിനികൾ മോൺ. ജെയിംസ് കുലാസ്, ഇടവകയിലെ വൈദികർ എന്നിവരോടൊപ്പം

# വാർത്തകൾ

## ദൈവവചന നിറവിൽ പൂത്തുറ ഇടവക

**അഞ്ചുതെങ്ങ്:** ഇടവക മധ്യസ്ഥന്റെ തിരുനാളിന് വാൾപോസ്റ്റുകൾ ഇല്ല. പകരം ഇടവകാർത്തിക്കുള്ളിലെ മുഴുവൻ മതിലുകളിലും ദൈവവചനം. പൂത്തുറ സെന്റ് റോക്സ് ഇടവകയാണ് ഈ നവീന ആശയം ആവിഷ്കരിച്ചു നടപ്പാക്കിയത്.

ഇടവക ദൈവാലയത്തിന്റെ മതിലുകൾ മാത്രമല്ല. റോഡുകളുടെയും ഇടവകാംഗങ്ങളുടെ വീടുകളുടെയും മതിലുകളും ദൈവവചനാങ്കിതമായി. ഇടവകാംഗങ്ങളിൽ ദൈവവചനാഭിമുഖ്യം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇടവകാംഗങ്ങൾ ദൈവവചന പ്രചരണ ദൗത്യം ഏറ്റെടുത്തത്. ഇടവക മധ്യസ്ഥന്റെ തിരുന്നാൾ വ്യത്യസ്തതകൾ നിറഞ്ഞതാകണമെന്ന ഇടവക വികാരി ഫാ. ജോസ് ഫ്രാങ്കളിന്റെ അഭിപ്രായം ഇടവക ജനങ്ങൾക്ക് ആവേശമായി. പൂത്തുറ ഇടവകയ്ക്കുള്ളിൽ മാത്രം ഈ ആശയം ഒതുങ്ങിനിന്നില്ല. സമീപ ഇടവകകളുടെ അഭ്യർത്ഥന പ്രകാരം അവിടെയും മതിലുകളിൽ ദൈവവചനം എഴുതി. പൂത്തുറ ഇടവക മാതൃകയായി.

## പരുത്തിക്കുഴിയിൽ കൊടിമരം സ്ഥാപിച്ചു

**തിരുവനന്തപുരം:** പരുത്തികുഴി സെന്റ് ജോസഫ് ഇടവകയിൽ കെ.എൽ.സി.എയുടെ കൊടിമരം സ്ഥാപിച്ചു. രൂപത പ്രസിഡന്റ് ആന്റണി ആൽബർട്ടിന്റെ സാനിധ്യത്തിൽ ഫെറോന ഡയറക്ടർ ഫാ. ബീഡ് മനോജ് അമാദോ കൊടി ഉയർത്തി. ഫെറോന ട്രെഷറർ ഷിമ്മി ജോസ്, യൂണിറ്റ് പ്രസിഡന്റ് അനി ജോസ് എന്നിവർ സന്നിഹിതരായിരുന്നു.




*പ്രളയ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് റ്റി.എസ്.എസ്.എസിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ലത്തീൻ അതിരൂപത സമാഹരിച്ച ഭക്ഷ്യവസ്തുക്കളും നിത്യോപയോഗ സാധനങ്ങളുമായി സന്നദ്ധപ്രവർത്തകർ യാത്രതിരിക്കുന്നു.*

## ക്യാൻസർ രോഗികൾക്ക് സഹായം വിതരണം ചെയ്തു

**തിരുവനന്തപുരം:** സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തിരുവനന്തപുരം ലാറ്റിൻ സെൻട്രൽ കൗൺസിലിന്റെ 46-ാം വാർഷികം പാളയം, സെന്റ് ജോസഫ് കത്തീഡ്രൽ ഹാളിൽ വച്ച് ആഘോഷിച്ചു. പ്രസിഡന്റ് ആർ.സഖറിയാസിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനം കെ.ആർ.എൽ.സി.സി കോ-ഓർഡിനേറ്റർ മോൺ. ജെയിംസ് കുലാസ് ഉദ്ഘാടനം ചെയ്തു.

എന്റെ ഹൃദയത്തിലെ നിന്റെ വേദനയാണ് അനുകമ്പയെന്നും ഈ അനുകമ്പയാണ് കാരുണ്യ പ്രവർത്തനമായി ഓരോ വിൽസെൻഷ്യൽ പ്രവർത്തകനും സ്വീകരിക്കേണ്ടതെന്നും ഉദ്ഘാടകൻ പറഞ്ഞു.

സമ്മേളനത്തിൽ മോൺ. ഡോ. നിക്കോളാസ് കെ.ആർ.എൽ.സി.സി. കോ-ഓർഡിനേറ്റർ മൈക്കിൽ ഡിക്രൂസ് എന്നിവർ ആശംസയർപ്പിച്ചു. മുൻ നാഷണൽ പ്രോജക്ട് ഓഫീസർ ബേബി തെക്കനെ ആദരിച്ചു. സെക്രട്ടറി ഡി. ഫ്രാൻസിസ് വാർഷിക റിപ്പോർട്ടും, ചന്ദ്രൻ കണക്കും അവതരിപ്പിച്ചു. സമ്മേളനത്തോടനുബന്ധിച്ച് വിവിധ കോൺഫറൻസുകളിൽ നിന്നും തെരഞ്ഞെടുത്ത 34 കാൻസർ രോഗികൾക്ക് ഓഖി ദുരന്തത്തിൽപ്പെട്ടവരിൽ നിന്നും തെരഞ്ഞെടുത്ത അഞ്ച് കുടുംബങ്ങൾക്കും ധനസഹായം വിതരണം ചെയ്തു.



*റവ. മോൺ. ജെയിംസ് കുലാസ് വാർഷിക സമ്മേളനം ഉദ്ഘാടനം നിർവ്വഹിക്കുന്നു. റവ. മോൺ. ഡോ. നിക്കോളാസ്, ബ്രദർ. ആർ.സഖറിയാസ്, ബ്ര. ബേബി തെക്കൻ, ബ്ര. മൈക്കിൾ ഡിക്രൂസ് തുടങ്ങിയവർ സമീപം.*

## ലാമ്പ് കോഴ്സ് പത്താം ബാച്ച് പുറത്തിറങ്ങി

**തിരുവനന്തപുരം:** കെ.സി.വൈ.എമ്മിന്റെയും കേന്ദ്ര യൂത്ത് അഫയേഴ്സ് ആന്റ് സ്പോർട്സ് നെഹ്റു യുവകേന്ദ്രയുടെയും സംയുക്താഭിമുഖ്യത്തിൽ ലാമ്പ് കോഴ്സ് പത്താം ബാച്ച് പുറത്തിറങ്ങി. 2018 ഫെബ്രുവരിയിലാരംഭിച്ച ഈ കോഴ്സിന്റെ സമാപന ചടങ്ങിൽ തിരുവനന്തപുരം ലത്തീൻ അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. കോഴ്സ് പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

ലാമ്പ് കോഴ്സിന്റെ അടുത്ത ബാച്ചിന് 2018 ഒക്ടോബർ 12 ന് തുടക്കം കുറിക്കും. കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ സെപ്തംബർ 15 നുമുൻപ് രൂപതാ യുവജന ശുശ്രൂഷാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## കുടുംബങ്ങൾ ഐക്യത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു: ഫ്രാൻസിസ് മാർപാപ്പ

**വത്തിക്കാൻ:** വിവാഹമോചനവും വേർപിരിയലും സാധാരണമാണെങ്കിലും കുടുംബങ്ങൾ ഐക്യത്തിലേക്കാണ് വിളിക്കപ്പെട്ടിരിക്കുന്നത് എന്ന ഫ്രാൻസിസ് മാർപാപ്പ. ജീവിതത്തിലെ പ്രതിസന്ധികളിലും പ്രയാസങ്ങളിലും ആളുകൾ ഓർമ്മിക്കേണ്ടത് ഐക്യത്തിൽ ജീവിക്കുന്ന ദമ്പതികളെയാണ്. വിശ്വസ്തതയോടെ ജീവിക്കുന്ന ദമ്പതികളെയാണ്.പൊതുദർശന വേളയിൽ സംസാരിക്കുകയായിരുന്നു പാപ്പ.

### അറിയിപ്പ്

ജീവനും വെളിച്ചവും മാസികയുടെ വിരസംഖ്യ പുതുക്കേണ്ട സമയമാണിത്. ഇതുവരെ പുതുക്കാത്തവർ എത്രയും വേണം വരിസംഖ്യ നൽകി 'ജീവനും വെളിച്ച'ത്തിന്റെ പ്രവർത്തനങ്ങളോട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

– പത്രാധിപർ



*ലാമ്പ് കോഴ്സിന്റെ പത്താം ബാച്ച് അംഗങ്ങൾ ബിഷപ്പ് ഡോ. ക്രിസ്തുദാസ് കെ.സി.വൈ.എം ഡയറക്ടർ ഫാ. ലെനിൻ ഫെർണാണ്ടസ് എന്നിവരോടൊപ്പം.*

## കാരുണ്യപൂർവ്വം പദ്ധതി കുടുംബ സംഗമം നടന്നു

**തിരുവനന്തപുരം:** അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യത്തിന്റെ മെത്രാഭിഷേക രജത ജൂബിലിയോടനുബന്ധിച്ച് തുടക്കംകുറിച്ച കാരുണ്യപൂർവ്വം പദ്ധതിയുടെ കുടുംബസംഗമം നടന്നു. പദ്ധതിയിൽ അംഗങ്ങളായവരുടെ മക്കളിൽ പഠനമികവ് തെളിയിച്ച 20 കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകിക്കൊണ്ട് സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് കുടുംബസംഗമം ഉദ്ഘാടനം ചെയ്തു. ദാരിദ്ര്യം അനുഭവിച്ച് ജീവിച്ചുവളർന്നവരാണ് പിൻകാലങ്ങളിൽ മഹാന്മാരായി മാറിയിട്ടുള്ളവരിൽ പലരുമെന്നും ദാരിദ്ര്യം ഒരു വെല്ലുവിളിയായി ഏറ്റെടുത്ത് ജീവിതവിജയം നേടാൻ ഏവരും ശ്രമിക്കണമെന്നും ഉദ്ഘാടന പ്രസംഗത്തിൽ ബിഷപ്പ് ക്രിസ്തുദാസ് പറഞ്ഞു. സാമൂഹ്യ ശുശ്രൂഷാ ഡയറക്ടർ ഫാ. ലെനിൻരാജ് അധ്യക്ഷത വഹിച്ച ചടങ്ങിൽ റ്റി.എസ്.എസ്.എസ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തോമസ് തെക്കേൽ പ്രസംഗിച്ചു.

പാവപ്പെട്ട കുടുംബങ്ങളെ സ്വന്തം കാലിൽ നിൽക്കാൻ പര്യാപ്തമാക്കുന്ന സഹായപദ്ധതിയാണ് റ്റി.എസ്.എസ്.എസിന്റെ കീഴിൽ നടപ്പാക്കുന്ന കാരുണ്യപൂർവ്വം പദ്ധതി.



*പുല്ലുവിള ഫെറോന മതബോധന വാർഷികം കരുംകുളം പാരിഷ് ഹാളിൽ അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. ഉദ്ഘാടനം ചെയ്യുന്നു. ഫാ. മുത്തപ്പൻ അപ്പോലി സമീപം*



# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ

ആണ്ടുവട്ടം 23-ാം ഞായർ (സെപ്തംബർ 9)


നീർച്ചാലുകൾ

ഡോ.ഡൈസൻ വൈ.


# അസാധ്യമായത് സാധ്യമാക്കുന്ന ദൈവം

യേശ. 35: 4-7a | യാക്കോ. 2: 1-5 | മാർക്കോ. 7: 31-37



ഒരു മനുഷ്യായുസിൽ ഒരു വ്യക്തിക്ക് ചെയ്യാവുന്ന ഏറ്റവും വലിയ സുകൃതം മറ്റു വ്യക്തികളെ യേശുവിന്റെ പക്കലേക്ക് കൊണ്ടു വരികയെന്നതാണ്.


അസാദ്ധ്യമായത് സാദ്ധ്യമാകുന്നത് ദൈവം കൂടെ ഉള്ളപ്പോഴാണ്. ദൈവം കൂടെ ഉള്ളപ്പോൾ ചെകിടന് കേഴ്വിയും, ഊമന് സംഭാഷണ ശക്തിയും മരുഭൂമിയിൽ വറ്റാത്ത ഉറവകളും ഉണ്ടാകുമെന്ന സത്യം ആദ്യവായന വെളിപ്പെടുത്തുന്നു. ദൈവം കൂടെ ഇല്ലെങ്കിൽ സമൂഹത്തിൽ ഉടലെടുക്കാവുന്ന പക്ഷപാതത്തെയും, വിവേചനത്തെയും രണ്ടാം വായന ചൂണ്ടികാണിക്കുന്നു. സമാനതകളില്ലാത്ത നാശത്തിലേക്ക് കേരളത്തെ തള്ളിവിട്ട പ്രളയ കെടുതിയിൽ ഒന്നിച്ച് ഒരു ക്യാമ്പിൽ വസിക്കുമ്പോഴും കീഴ് ജാതിക്കാരാൽ പാകം ചെയ്ത അന്നം ഉണ്ണാൻ മടി കാണിച്ച മേലാളരിൽ ഉണ്ടായിരുന്നത് ദൈവത്തിന്റെ ആത്മാവല്ല വിവേചനത്തിന്റെ പക്ഷപാതത്തിന്റെ ദുഷ്ടാത്മാവായിരുന്നു. ദൈവം കൂടെ ഇല്ലെങ്കിൽ മനുഷ്യകുലം നാശത്തിലേക്ക് നീങ്ങും. സുവിശേഷത്തിൽ ദൈവം കൂടെ ഉള്ളതിനാൽ ബധിരന് കേഴ്ക്കാനും, സംസാരത്തിലെ തടസം മാറി സ്ഫുടമായി സംസാരിക്കാനും സാധിക്കുന്നു. ദൈവം കൂടെ ഉള്ളപ്പോൾ സാദ്ധ്യമാകുന്ന മൂന്നു കാര്യങ്ങളാണ് ചിന്താവിഷയം.

## ഏറ്റവും വലിയ സുകൃതം

ഒരു മനുഷ്യായുസിൽ ഒരു വ്യക്തിക്ക് ചെയ്യാവുന്ന ഏറ്റവും വലിയ സുകൃതം മറ്റു വ്യക്തികളെ യേശുവിന്റെ പക്കലേക്ക് കൊണ്ടു വരികയെന്നതാണ്. യേശുവിന്റെ പക്കൽ കുഞ്ഞുങ്ങളെ കൊണ്ടുവന്ന അമ്മമാർ ജീവിതത്തിൽ വലിയ സുകൃതം ചെയ്തവരാണ്. നാലു സുഹൃത്തുക്കൾ ഒരു തളർവാതരോഗിയെ മേൽക്കൂര പൊളിച്ച് യേശുവിന്റെ അടുക്കൽ എത്തിച്ചു. അനന്തര ഫലമോ ശരീരത്തിന് തളർവാത രോഗത്തിൽ നിന്നു മുക്തിയും മനസ്സിന് ആനന്ദവും, സൗഖ്യവും, കൃപയും ആത്മാവിന് പാപമോചനവും രക്ഷയും. യേശുവിന്റെ പക്കൽ പത്രോസിനെ കൊണ്ടുവരുന്ന അന്ത്രയോസും, ബധിരനും സംസാരത്തിനു തടസമുണ്ടായിരുന്ന രോഗിയെ കൊണ്ടുവന്ന സുഹൃത്തുകളും സുകൃതം ചെയ്ത വ്യക്തികളാണ്. അനേകായിരങ്ങളെ യേശുവിന്റെ പക്കൽ കൊണ്ടുവന്ന ഫ്രാൻസിസ് സേവ്യറും, വി.അഗസ്റ്റിനും, വി.ജോൺ ഡി ബോസ്കോയും, വി.ജോൺ ഡി ബ്രിട്ടോയും ജീവിതത്തിൽ വലിയ സുകൃതം ചെയ്തു ദൈവത്തിന്റെ പ്രിയപ്പെട്ടവരായി! ജീവിതകാലത്ത് ഒരാളെയെങ്കിലും യേശുവിന്റെ സന്നിധിയിൽ കൊണ്ടുവന്ന് വലിയ സുകൃതം ചെയ്യാനാകണം!

## ഏറ്റവും വലിയ സ്പർശം

യേശു കാനായിൽ വച്ച് വെള്ളത്തെ സ്പർശിച്ചപ്പോൾ വീഞ്ഞായി. സെഹിയോൻ ഊട്ടുശാലയിൽ യേശു അപ്പത്തെ



സ്പർശിച്ചപ്പോൾ തിരുശരീരമായി. വീഞ്ഞിനെ തൊട്ടപ്പോൾ തിരുരക്തമായി! യേശുവിന്റെ സ്പർഷം അഞ്ചിനെ അയ്യായിരമാക്കുന്നു. ദൈവം ആദിയിൽ മനുഷ്യനെ മെനഞ്ഞത് തന്റെ സ്നേഹസ്പർശം കൊണ്ടാണ്. അന്ധനെ തൊട്ടപ്പോൾ കാഴ്ചയുളളവനായി. ചെകിടനെ സ്പർശിച്ചപ്പോൾ കേഴ്‌വിയുളളവനായി. ജഡത്തെ തൊട്ടപ്പോൾ ജീവനുളള മനുഷ്യനായി. ഉപേക്ഷിക്കപ്പെട്ട നിലയിലായിരുന്ന ഫിഡിലിന്റെ തന്ത്രികൾ കൂട്ടികെട്ടി അതിനെ മീട്ടാൻ തുടങ്ങിയപ്പോൾ സ്വർഗ്ഗീയ ഗീതംപോലെ എല്ലാവരെയും ആകർഷിച്ചു. വിലയില്ലാതെ, പൊടിപിടിച്ചു കിടന്ന ഫിഡിലിന് ചിന്തക്കതീതമായ വിലയുണ്ടായതിന് കാരണം ഗുരുവിന്റെ സ്പർശമാണ്! സുവിശേഷത്തിൽ ഗുരു സ്പർശനമേറ്റപ്പോൾ അടഞ്ഞ ചെവി തുറന്നു. സംസാരിക്കാനുളള തടസം മാറി. യേശുവിന്റെ സ്പർശമാണ് ഈ ലോകത്തിലെ ഏറ്റവും വലിയ രക്ഷയുടെ സ്പർശം. കാരണം യേശു ദൈവമാണ്.

## ഏറ്റവും വലിയ അനുഭവം

ഏറ്റവും വലിയ അനുഭവത്തിന് കേഴ്‌വി കർമ്മമാകണം. പ്രവൃത്തിയിൽ എത്താത്തിടത്തോളം എല്ലാ കേഴ്‌വിയും പാതിവഴിയിൽ എത്തുമുമ്പേ നിലച്ചു പോയെന്നു വരാം! ഹൗറയിൽ കേട്ട നിസഹായകന്റെ ശബ്ദം കർമ്മമായി മാറിയപ്പോൾ മദർ തെരേസ തന്റെ പ്രേഷിത പ്രവർത്തനം ആരംഭിച്ചു. അഗസ്റ്റിന്റെ ഉളളിൽ മുഴങ്ങിയ വചനം എടുത്തു വായിക്കുക, അത് അവൻ കർമ്മമാക്കി ബൈബിൾ എടുത്ത് വായിച്ചു. അങ്ങനെ പകലിന് യോജിച്ച ഫലം അവൻ പുറപ്പെടുവിക്കാൻ തുടങ്ങി. ചെവി ഉളളവൻ കേൾക്കട്ടെയെന്ന് യേശു നാഥൻ പറയുന്നത് കേൾവിയെ കർമ്മമാക്കാനാണ്. കേട്ട വചനം ഹൃദയത്തെ ജ്വലിപ്പിക്കുമ്പോഴാണ് കർമ്മമായി മാംസം ധരിക്കുന്നതും, രൂപാന്തരപ്പെടുന്നതും. എമ്മാവുസിലെ ശിഷ്യന്മാരുടെ ഹൃദയം ജ്വലിച്ചത് വചനത്തിന്റെ ശ്രവണത്തിലൂടെയാണ്. നല്ല കേൾവിയുടെ അന്തരീക്ഷം രൂപപ്പെട്ടാൽ മനുഷ്യൻ നന്മ നിറഞ്ഞവനാകും. ദൈവത്തിൽ നിന്ന് കേട്ട മറിയം നന്മ നിറഞ്ഞവളായി. കേൾക്കപ്പെടാൻ ചെവികളും, മനസും, ആത്മാവും തുറക്കപ്പെടണം. ഒരു എഫാത്ത അനുഭവം ഉണ്ടാകണം!

യേശു തന്റെ വിരലുകൾ രോഗിയുടെ ചെവിയിൽ ഇടുകയും, ഔഷധ ഗുണമുളള തുപ്പൽ അവന്റെ നാവിൽ തൊടുകയും ചെയ്യുന്നതു വഴി അവൻ യേശുവുമായി വ്യക്തിപരമായ ബന്ധം സ്ഥാപിക്കുന്നു. യേശുവുമായുളള വ്യക്തിപരമായ ബന്ധമാണ് ആ മനുഷ്യനെ വിശ്വാസത്തിൽ സമ്പന്നനാക്കിയത്. വിശ്വസമെന്നാൽ ദൈവവുമായുളള ഒരുവന്റെ വ്യക്തിപരമായ കണ്ടുമുട്ടലാണ്. യേശുവുമായുളള വ്യക്തിപരമായ കണ്ടുമുട്ടൽ അടഞ്ഞുപോയ അവന്റെ ആത്മാവിനെ തുറന്നു. അങ്ങനെ ആത്മീയമായ എഫാത്തക്ക് അവൻ അർഹനായി.

യേശു തോമസിന് വ്യക്തിപരമായി കണ്ടുമുട്ടുവാൻ അവസരം കൊടുത്തപ്പോൾ അവിശ്വാസിയായ അവൻ വിശ്വാസിയായി മാറി. സാവൂളിന് വ്യക്തിപരമായി യേശുവിനെ ദർശിക്കാൻ അവസരം കൊടുത്തപ്പോൾ പൗലോസായി മാറി. വ്യക്തിപരമായി യേശുവിനെ കണ്ടുമുട്ടിയ ശിഷ്യന്മാർ അപ്പസ്തോലന്മാരായി. വചനമായ യേശുവിനെ വ്യക്തിപരമായി കണ്ടുമുട്ടിയ ഫ്രാൻസിസ് സേവ്യർ വിശുദ്ധ ഫ്രാൻസീസ് സേവ്യറായി. വ്യക്തിപരമായ കണ്ടുമുട്ടൽ അടഞ്ഞ ആത്മാവിനെ തുറക്കുന്നു. എമ്മാവൂസിലെ ശിഷ്യന്മാരുടെ അടഞ്ഞ ആത്മാവിൽ എഫാത്താ അനുഭവം ഉണ്ടാകുന്നത് യേശുവിനെ വ്യക്തിപരമായി കണ്ടുമുട്ടിയപ്പോഴാണ്. വ്യക്തിപരമായ കണ്ടുമുട്ടൽ ആത്മീയ 'എഫാത്ത' സൃഷ്ടിക്കുന്നു.

കൂട്ടത്തിൽ നിന്ന് വേർതിരിച്ച് യേശു അവന് പ്രത്യേക സ്നേഹവും, പരിചരണവും, കരുതലും നല്കി. പഴയ ജീവിതത്തിൽ നിന്നും വ്യക്തികളിൽ നിന്നും വേർപെടുത്തി പുതിയ ജീവിതത്തിലേക്ക്, ദൈവത്തിന്റെ രാജ്യത്തിലേക്ക് പ്രവേശനം യേശു സാദ്ധ്യമാക്കുക വഴി അവൻ യേശുവിന് പ്രിയപ്പെട്ടവനാണെന്ന് ബോദ്ധ്യം നല്കി, യേശുവിന്റെ കരുതലിനും, പരിചരണത്തിനും അർഹനാണെന്ന ബോധ്യം നല്കാനാണ് യേശു അവനെ കൂട്ടത്തിൽ നിന്നും മാറ്റിനിറുത്തിയത് തൽഫലമായി അടഞ്ഞുപോയ അവന്റെ മനസ്സ് തുറന്നു. അങ്ങനെ മാനസിക എഫാത്ത അവൻ കരസ്ഥമാക്കി.

ആത്മാവിലും മനസിലും എഫാത്ത അനുഭവം ഉണ്ടാകുമ്പോൾ സ്വഭാവികമായും ശാരീരികമായി എഫാത്ത അനുഭവത്തിലേക്ക് നയിക്കപ്പെടും. അതുകൊണ്ടാണ് ഇതുവരെ കേൾക്കാത്തവന്റെ ചെവി തുറക്കപ്പെടുന്നു. ഇതുവരെ സംസാരത്തിൽ തടസമുണ്ടായവന് സ്ഫുടമായി സംസാരിക്കാനുളള സംസാരശക്തി ലഭിക്കുന്നു. ദൈവം കൂടെ ഉളളപ്പോൾ അസാദ്ധ്യമായത് സാദ്ധ്യമാവുന്നു! ■

നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

# ശരിയും തെറ്റും പറഞ്ഞവൻ

ഏശ. 50 : 5-9a | യാക്കോ. 2 : 14-18 | മാർക്കോ. 8: 27-35



പ്രവൃത്തി ഇല്ലാത്ത വിശ്വാസം നിരർത്ഥകം. ഭക്ഷണവും വസ്ത്രവും വേണ്ടവന് അതുകൊടുക്കാതെ സമാധാനം ആശംസിച്ചാൽ മതിയോയെന്ന് യാക്കോബ് ശ്ലീഹ ചോദിക്കുന്നു. കേസറിയ ഫിലിപ്പി എന്ന അതിർത്തി ദേശത്തുവച്ച് താനാരാണെന്ന് വെളിപ്പെടുത്താൻ ക്രിസ്തു തുനിയുന്നു. ക്രിസ്തുവല്ല, ശിഷ്യന്മാർത്തന്നെയാണ് വെളിപ്പെടുത്തുന്നത്.

കാർത്ത്യദാസനെക്കുറിച്ചുള്ള മൂന്നാം ഗീതമാണ് ഏശയ്യായിൽ വായിക്കുക. ഈ ദാസൻ ആരാണെന്ന് ഏശയ്യ പറയുന്നില്ല. എന്നാൽ യേശുവിന്റെ സഹനങ്ങളെക്കുറിച്ചാണെന്ന് നമുക്ക് വ്യക്തമാകും. ഏശയ്യായിലെ ദാസന്റെപോലെയുള്ള വിധിതന്നെയാണ് യേശുവിനും വരുവാനിരിക്കുന്നത്. കേസറിയാ ഫിലിപ്പിയിലേക്കുള്ള യാത്രയും തുടർന്ന് ജറുസലേമിന്റെ കവാടത്തിലേക്കുള്ള യാത്രയും യേശുവിന്റെ പീഢാനുഭവ യാത്രയുടെ അനുസ്മരണമാണ്. ശിഷ്യന്മാരോടൊപ്പമാണ് യാത്ര. കുരിശിലേക്കുള്ള ദൗത്യത്തിൽ അവരുമുണ്ട്.

ഈ യാത്രയിൽ യേശു അവരുടെ കാഴ്ച തിരികെ നല്കി. തന്റെ ശിഷ്യന്മാരുടെ നയനങ്ങളെ യേശു തുറക്കുകയാണ്. താൻ ആരാണെന്ന വെളിപ്പെടുത്തലിൽ.

പ്രവൃത്തി ഇല്ലാത്ത വിശ്വാസം നിരർത്ഥകം. ഭക്ഷണവും വസ്ത്രവും വേണ്ടവന് അതുകൊടുക്കാതെ സമാധാനം ആശംസിച്ചാൽ മതിയോയെന്ന് യാക്കോബ് ശ്ലീഹ ചോദിക്കുന്നു. കേസറിയ ഫിലിപ്പി എന്ന അതിർത്തിദേശത്തുവച്ച് താനാരാണെന്ന് വെളിപ്പെടുത്താൻ ക്രിസ്തു തുനിയുന്നു. ക്രിസ്തുവല്ല, ശിഷ്യന്മാർത്തന്നെയാണ് വെളിപ്പെടുത്തുന്നത്. വിജാതീയ ദൈവങ്ങളുടെ സ്ഥലത്തുനിന്നുകൊണ്ടാണ് ഈ വെല്ലുവിളി ഏറ്റെടുക്കുന്നത്. ബത്സയ്ദായ്ക്ക് ഏകദേശം 25 മൈൽ വടക്കാണ് കേസറിയ ഫിലിപ്പി. ഹേറോദോസ് ഫിലിപ്പിന്റെ കൊട്ടാരം! ഗ്രീക്കുദേവനായ പാൻ! ഹെർമാൻ മലയുടെ ചരിവിൽ തലസ്ഥാനം. സീസർ ദൈവമാണെന്ന് ആരാധിക്കപ്പെടുന്ന സ്ഥലത്തുവച്ചാണ് യേശുവിന്റെ ദൈവികതയുടെ വെളിപ്പെടുത്തൽ നടക്കുന്നത്.

സ്നാപകയോഹന്നാൻ, ഏലിയ, പ്രവാചകരിൽ ഒരാൾ എന്നിങ്ങനെ മൂന്ന് ഉത്തരങ്ങളാണ് യേശുവിന്, ഞാൻ ആരാണെന്ന ചോദ്യത്തിന് ലഭിക്കുന്നത്. ജനക്കൂട്ടത്തിന്റെ ഈ ഉത്തരത്തിൽ യേശുവിന്റെ ദൈവികത വെളിപ്പെട്ടില്ല. ശിഷ്യന്മാരോടുള്ള ചോദ്യത്തിൽ 'നീ മിശിഹായാണ്' എന്ന് പത്രോസ് പ്രഖ്യാപിച്ചു. ദൈവത്താൽ അഭിഷിക്തനായവൻ എന്നാണ് മിശിഹായുടെ അർത്ഥം. മിശിഹാത്വത്തെക്കുറിച്ച് വ്യാജവ്യാഖ്യാനങ്ങൾ ഉണ്ടാകാതിരിക്കാനും അതിനുള്ള സമയമാകാത്തിനാലും ഇത് ജനത്തോട് വെളിപ്പെടുത്തരുതെന്ന് യേശു ആവശ്യപ്പെട്ടു.

പീഢാനുഭവപ്രവചനം ഗലീലിയിൽനിന്ന് ജറുസലേമിലേക്കുള്ള യേശുവിന്റെ നീക്കത്തെ സൂചിപ്പിക്കുന്നു. ഗലീലിയുടെ തട്ടകമൊഴിഞ്ഞ് കുരിശേറുവാനുള്ള ദൗത്യം സഹിക്കുന്നത്? മനുഷ്യപുത്രനാണ് (അറമായ ഭാഷയിൽ ബാർ- നാഷ). തിരസ്കാരം എന്ന വാക്ക് സങ്കീർത്തനം 18: 22 നെ അനുസ്മരിപ്പിക്കുന്നു. സഹനം കഴിഞ്ഞ് ഉത്ഥാനത്തെപ്പറ്റിയും യേശു സൂചന നല്കുന്നു. ഇതുകേട്ട പത്രോസ് അവനെ മാറ്റി നിർത്തി തടസ്സം പറഞ്ഞു. പത്രോസ് ഒരു അധികാരിയെപ്പോലെ സംസാരിക്കുന്നു. യേശു മിശിഹായാണെന്ന് പറഞ്ഞ പത്രോസിന് മിശിഹായെക്കുറിച്ചുള്ള സങ്കല്പം വ്യത്യസ്തമാണെന്ന് തെളിഞ്ഞു. പത്രോസിന്റെ ക്രിസ്തു കുരിശിൽ മരിക്കില്ല, അവൻ രാജാവാകേണ്ടവനാണ്. അതുകൊണ്ടാണ് ഒരു വെള്ളിടിപോലെ 'സാത്താനെ...' എന്ന് വിളിക്കപ്പെടാൻ ഇടയായത്. 'ya shaitan' ഇത് ഗ്രാമീണ അറബി പ്രയോഗമാണ്. പോ, എന്റെ മുമ്പിൽനിന്ന് എന്ന് പറയുന്നതുപോലെ. യേശു ആരാണെന്ന് ശരിയായിപ്പറഞ്ഞ പത്രോസ് ഇവിടെ തെറ്റിച്ചു പറഞ്ഞു.

**ചാരുകസേര ക്രിസ്ത്യാനികൾ**

സോളമന്റെ മരണശേഷം പിതാവു വച്ച ഭാരമേറിയ നുകം. ജോലിയുടെ കാഠിന്യം കുറച്ചുതരാൻ ഇസ്രായേൽ ജനത പുത്രനായ റഹോബാമിനോട് അപേക്ഷിച്ചു. അവന്റെ പരിഹാസ ദ്യോതകമായ വാക്കുകൾ ഇതായിരുന്നു. " എന്റെ ചെറുവിരൽ എന്റെ പിതാവിന്റെ അരക്കെട്ടിനെക്കാൾ മുഴു

പ്പുള്ളതാണ്" പിതാവിന്റെ ചാട്ടക്കുപകരം മുൾച്ചാട്ട! ആധിപത്യം അതിന്റെ അതിരുകൾ ഭേദിച്ച് മുന്നേറുന്നു. അതുകൊണ്ടാണ് ജനം രാജാവിനെ ഉപേക്ഷിച്ച് രാജ്യം പിളർത്തിയത്. ജറോബാമിനെ രാജാവാക്കിയത്. അവനാകട്ടെ ബഥേലിലും ദാനിലും സ്വർണക്കാളക്കുട്ടികളെ പ്രതിഷ്ഠിച്ചു. വലഞ്ഞത് ജനം മാത്രം. സഭകൾ ഇന്ന് പിളർന്നുമാറുന്നതിലും ജനം ഉപേക്ഷിച്ചുപോകുന്നതിലും തിരുത്തലുകളില്ലാത്ത നമ്മുടെ മർക്കടമുഷ്ടിയും കാരണമല്ലേ?

ഫരിസേയരും നിയമജ്ഞരും മനുഷ്യരുടെമേൽ എടുക്കാനാവാത്ത ഭാരം ചുമത്തിയിരിക്കുന്നുവെന്ന് ക്രിസ്തു കണ്ടു. ചുമൽ തകർക്കുന്ന ചുമടിനെ ക്രിസ്തു എളുപ്പമുള്ളതും ആനന്ദപ്രദവുമാക്കി. എന്റെ നുകം വഹിക്കാൻ എളുപ്പവും ഭാരം ലഘുവുമാണ്. യഥാർത്ഥ ഭക്ഷണവും യഥാർത്ഥ പാനീയവും തന്റെ ശരീരരക്തങ്ങളാണെന്ന് ക്രിസ്തു പറയുന്നു. മന്ന ഭക്ഷിച്ചവർ മരിച്ചു. തന്റെ ഭക്ഷണം ജീവനുള്ള അപ്പമാണ്. ഇത് തർക്കത്തിലേക്കാണ് ചെന്നെത്തുക. ജഡത്തിൽ കുടുങ്ങുന്ന മനുഷ്യർ ജഡമോഹത്തിന്റെ അപ്പത്തെക്കുറിച്ച് മാത്രമേ ചിന്തിക്കൂ. തിന്മയിലേക്ക് ചാഞ്ഞിരിക്കുന്ന ദുർഭഗനായ മനുഷ്യനാണ് താനെന്ന് സെന്റ് പോൾ വിലപിക്കുന്നു.

സ്വയം പരിത്യജിച്ച് കുരിശുമെടുത്ത് അനുഗമിക്കുവാനാണ് ക്രിസ്തു പറയുന്നത്. യേശുവിന്റെ ഉപ്പില്ലെങ്കിൽ നാം രുചിയില്ലാത്തവരായിരിക്കും. ഉപ്പ് ഉറിയിൽ സൂക്ഷിക്കാനുള്ളതല്ല. അത് ഭക്ഷണത്തിൽ ചേർക്കപ്പെടണം. കുരിശ് മാറ്റിവച്ച് ക്രിസ്തുവിനെ നേടാനാകില്ല. ലൗകികസഭയ്ക്ക് സുവിശേഷം നല്കാനാവില്ല. സഭ ലൗകികമാകുമ്പോൾ അത് ബലഹീനസഭയാകും. ലൗകിക സഭ മെലിയും അത് ആക്രമിക്കപ്പെടുകയും കീഴടക്കപ്പെടുകയും ചെയ്യും. കുരിശിന്റെ സന്ദേശം വഹിക്കാനുള്ള കരുത്തുണ്ടാവുകയില്ല. കുരിശിന്റെ ഇടർച്ച വഹിക്കാനുള്ള ശക്തി ഉണ്ടാവുകയില്ല. നെഞ്ചുറപ്പോടെ, ധീരതയോടെ വിശ്വാസം കൈമാറാൻ എല്ലാ ക്രിസ്ത്യാനികൾക്കും കടമയുണ്ട്. സഭയുടെ ശ്ലൈഹികധൈര്യം നഷ്ടപ്പെട്ടാൽ പിന്നെ അതു ചലിക്കാത്ത, നിശ്ചലമായ, സഭയാകും. നന്നായി സംഘടനാപാടവമുള്ള സഭ, സുന്ദരം, എല്ലാം സുന്ദരം! എന്നാൽ സന്താനപുഷ്ടയില്ല (Church without fecundity). കേരളത്തിന്റെ പ്രളയമുഖത്ത് ഒരുപോലെ ചലിച്ച സഭാമക്കൾ സഭയെ സമ്പന്നമാക്കി. അരികുകളിലേക്ക് പോകാൻ ഓരോ വിശ്വാസിയേയും നാം നയിക്കണം. മടിയുടെ ആൾരൂപങ്ങളായി 'ചാരുകസേര ക്രിസ്ത്യാനികൾ' (arm chair christians) ആകാതിരിക്കാൻ മുൻകരുതൽ വേണമെന്ന് ഫ്രാൻസിസ് മാർപാപ്പ ഉപദേശിക്കുന്നുണ്ട്. ■

## നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

ആണ്ടുവട്ടം 26-ാം ഞായർ (സെപ്തംബർ 30)

# എന്തിനാടാ ചക്കരെ നീ അച്ചൻ പട്ടത്തിന് പോയത്?

സംഖ്യ 11: 25-29 | യാക്കോ. 5:1-6 | മാർക്കോ. 9: 38-43. 45. 47-48



വ്യത്യസ്തമായ അവതരണശൈലി കൊണ്ടും പ്രമേയം കൊണ്ടും ശ്രദ്ധിക്കപ്പെട്ട ഒരു ഷോർട്ട്ഫിലിമാണ് എന്റെ ഹൃദയത്തിന്റെ വടക്കുകിഴക്കേ അറ്റത്ത് എന്നത്. അതിലെ നായിക കഥാപാത്രം ഒരു യുവപുരോഹിതനോട് ചോദിക്കുന്ന ഒരു ചോദ്യം സോഷ്യൽ മീഡിയയിൽ ഒരുപാട് ചർച്ച ചെയ്യപ്പെട്ടതാണ്. ചോദ്യം ഇങ്ങനെയായിരുന്നു: എന്തിനാടാ ചക്കരെ നീ അച്ചൻപട്ടത്തിന് പോയത്?

സത്യം പറഞ്ഞാൽ ഈ ഒരു ചോദ്യം ഓരോ പുരോഹിതരും മാത്രമല്ല, ഓരോ ക്രിസ്തു ശിഷ്യരും തങ്ങളോടുതന്നെ ചോദിക്കേണ്ട ഒരു കാലത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ക്രിസ്തുവിന്റെ ചില ശിഷ്യർക്ക് കാലിടറുന്ന സംഭവങ്ങൾ മാധ്യമങ്ങളിൽ പ്രധാനവാർത്തയാകുമ്പോൾ എന്തുകൊണ്ട് അങ്ങനെയൊക്കെ സംഭവിക്കുന്നതെന്ന് ഓരോ ക്രിസ്തുശിഷ്യനും ഗൗരവപൂർവ്വം ചിന്തിക്കേണ്ടിയിരിക്കുന്നു.

യേശുവിനെ അനുഗമിക്കുന്നവരുടെ ലക്ഷ്യം ദൈവരാജ്യം സ്ഥാപിക്കുക എന്നതാണ്. ഒരുവൻ പ്രാധാന്യം കൊടുക്കേണ്ടത് യേശുവിന്റെ വചനങ്ങൾക്കും യേശുവിനും തന്നെയാണ്. ഒരേ ലക്ഷ്യമുള്ളവർക്ക് പരസ്പരം സഹകരിക്കാനും അംഗീകരിക്കാനും കഴിയണം. അവർ എന്റെ പക്ഷത്താണോ ഞങ്ങളുടെ പക്ഷത്താണോ എന്നല്ല ചിന്തിക്കേണ്ടത് യേശുവിന്റെ പക്ഷത്താണോ എന്നാണ്. അവനോട് ചേർന്നു

നിൽക്കുക എന്നതാണ് പ്രധാനം. നാലുതരത്തിലുള്ള അഹന്ത ദൂരെയെറിയാതെ ആർക്കും ക്രിസ്തു പക്ഷത്തു നിൽക്കുവാൻ ആവില്ല.

### 1. അറിവിന്റെ അഹന്ത

തത്വശാസ്ത്രവും ദൈവശാസ്ത്രവുമൊക്കെ പഠിച്ചതുകൊണ്ടും, ഉന്നത യൂണിവേഴ്സിറ്റികളിൽ നിന്നും ബിരുദാനന്തരബിരുദം നേടിയതുകൊണ്ടും ആരും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കില്ലെന്ന് ക്രിസ്തുതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. യേശു പറഞ്ഞു, വിജ്ഞാനികളിൽ നിന്നും വിവേകികളിൽ നിന്നും മറച്ച് ശിശുക്കൾക്ക് ഇത് വെളിപ്പെടുത്തിയിരിക്കുന്നു (മത്താ 11: 25).

### 2. പാരമ്പര്യത്തിന്റെ അഹന്ത

യഹൂദാപാരമ്പര്യവും ക്നാനായ പാരമ്പര്യവും മാർതോമാ പാരമ്പര്യവും കണക്കിലെടുത്തല്ല ദൈവം ഒരുവനെ തന്റെ സ്വർഗ്ഗഭാഗ്യത്തിൽ ചേർക്കാൻ ഇരിക്കുന്നതെന്നുതന്നെയാണ് ക്രിസ്തുമൊഴി. പാരമ്പര്യത്തിൽ പ്രത്യേകിച്ച് മോശയുടെ പാരമ്പര്യത്തിൽ അഹങ്കരിച്ചിരിക്കുന്നവർക്ക് തക്ക മറുപടിപോലും ക്രിസ്തു നൽകുന്നതായ് നാം സുവിശേഷത്തിൽ കാണുന്നു. യേശു പറഞ്ഞു; ഈ കല്ലുകളിൾ നിന്ന് അബ്രഹാത്തിന്റെ സന്തതികളേ പുറപ്പെടുവിക്കാൻ ദൈവത്തിന് കഴിയും (മത്താ 3:9).

### 3. അധികാരത്തിന്റെ അഹന്ത

അധികാരത്തിനുവേണ്ടി സ്വരം ഉയർത്തിയവരെ ക്രിസ്തു നിരാശപ്പെടുത്തുക തന്നെ ചെയ്തിട്ടുണ്ട്. സെബദീ പുത്രന്മാരുടെ മാതാവ് തന്റെ മക്കളെ യേശുവിന്റെ രാജ്യത്ത് പ്രധാന സ്ഥലത്ത് ഇരുത്തണമെന്ന അപേക്ഷയുമായി എത്തുന്നത് വചനത്തിൽ കാണുന്നുണ്ടല്ലോ. അധികാരം അഭിമാന പ്രശ്നമായി കാണുന്നവർ അന്നും ഇന്നും ഏറെയാണ്. തങ്ങളിൽ ആരാണ് വലിയവൻ എന്ന ചർച്ചയിൽ പോലും പങ്കെടുക്കാൻ ക്രിസ്തു മനസ്സു കാണിച്ചിട്ടില്ല. അധികാരം നൽകാമെന്ന സാത്താന്റെ പ്രലോഭനത്തെ ക്രിസ്തു എത്ര ധീരതയോടെയാണ് വേണ്ട എന്ന് പറഞ്ഞ് നേരിട്ടത്.

അധികാരത്തിന്റെ അഹന്ത നീക്കം ചെയ്യാനായിരുന്നു അവന്റെ കാൽ കഴുകൾ ശുശ്രൂഷ. അവന്റെ സ്നേഹിതരും ശിഷ്യരുമാകാൻ ആഗ്രഹിക്കുന്നവർ അധികാരത്തിനു വേണ്ടി കടിപിടികൂടാതെ ശുശ്രൂഷയുടെ ബാലപാഠങ്ങൾ അഭ്യസിക്കണമെന്നാണ് ക്രിസ്തുവിന്റെ ആഗ്രഹവും സ്വപ്നവും. അവൻ പറഞ്ഞു: ഒന്നാമനാകാൻ ആഗ്രഹിക്കുന്നവർ എല്ലാവരുടെയും ദാസനായിരിക്കണം (മത്താ 20 :27)

### 4. വിശുദ്ധിയുടെ അഹന്ത

നിൽക്കുന്നവർ വീഴാതിരിക്കട്ടെ എന്ന് ക്രിസ്തു സ്നേഹിതൻ പങ്കുവെയ്ക്കുന്നത് ഈ പശ്ചാത്തലത്തിൽ വായിക്കേണ്ടതുതന്നെയാണ്. വിശുദ്ധി എന്ന പുണ്യം ദൈവികദാനമായിരിക്കെ അതൊക്കെ സ്വന്തമാക്കിയെന്ന അഹന്തയോടെ ജീവിക്കുന്നവർ ക്രിസ്തുവിന്റെ പ്രകാശം സ്വീകരിക്കാത്തവർ തന്നെയാണ്, വിശുദ്ധിയുടെ അഹന്ത നടിച്ചവരോട് ഈശോ പറഞ്ഞു; നിന്റെ നാമത്തിൽ പഠിപ്പിക്കുകയും, രോഗശാന്തി കൊടുക്കുകയും ചെയ്തിട്ടുണ്ട്. അപ്പോൾ അവൻ പറയും നിങ്ങൾ എവിടെനിന്നാണെന്ന് ഞാൻ അറിയുന്നില്ല ( ലൂക്ക 13 :27)

### മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായ് കരുതുക

ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ മറ്റുള്ളവരെ സ്നേഹിക്കുവിനെന്ന ക്രിസ്തുവിന്റെ ക്ലാസിക് മൊഴിയിൽ മറ്റുള്ളവരെ പരിഗണിക്കുന്നവരാണ് യഥാർത്ഥത്തിൽ എന്റെ സ്നേഹിതരാകൂ എന്ന ശ്രുതി തന്നെയാണ് നിറഞ്ഞുനിൽക്കുന്നത്. അവൻ മറ്റുള്ളവരെ പരിഗണിച്ചതുപോലെ നീയും മറ്റുള്ളവരെ പരിഗണിക്കണമെന്നാണ് അവന്റെ ആഗ്രഹം, അത് തന്നെയാണ് ഇന്നത്തെ സുവിശേഷത്തിന്റെ പൊരുളും. അവൻ പങ്കുവെച്ച പല വിവരണത്തിലും പരിഗണനയുടെ വഴികളിലൂടെ സ്വർഗ്ഗം സ്വന്തമാക്കാം എന്ന സൂചനയാണ് വിളംബരം ചെയ്തിരിക്കുന്നത്.

കടം ഇളവുകൊടുക്കാൻ ആവശ്യപ്പെട്ടുവരുന്നവനെ പരിഗണിക്കുന്നവന്റെ സംഭവവും ഇളവ് കിട്ടിയവൻ തനിക്ക് പണം തിരികെ നൽകാത്തവനെ പരിഗണിക്കാതെ പെരുമാറുന്നതുമെല്ലാം ക്രിസ്തു പങ്കുവെയ്ക്കുന്നത് മറ്റുള്ളവരെ ശ്രേഷ്ഠരായി കരുതുന്നവർക്ക് മാത്രമെ അവന്റെ കൂടാരത്തിൽ ഇടമുണ്ടാകൂ എന്ന് പഠിപ്പിക്കാൻ വേണ്ടിതന്നെയാണ്.

മറ്റുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠരായി കരുതുന്ന ഒരു പാപ്പ ഇന്ന് ക്രിസ്ത്യാനികൾക്ക് അഭിമാനമാവുന്നുണ്ട്. 88 ശതമാനം ഇസ്ലാം മതസ്ഥരും 9 ശതമാനം ഹൈന്ദവമതസ്ഥരും 3 ശതമാനം മാത്രം ക്രൈസ്തവരുമുള്ള ബംഗ്ലാദേശിലേക്ക് എന്തിനാണ് പാപ്പ സന്ദർശനം നടത്തുന്നതെന്ന് ആരായുന്നവരോട് ഒരു ചെറുപുഞ്ചിരിയോടെ ആ ഇടയശ്രേഷ്ഠൻ പറയുന്ന മറുപടി ക്രിസ്തു ശിഷ്യന്റെ മറുപടി തന്നെയാണ്. മറ്റുള്ളവരെ തങ്ങളേക്കാൾ ശ്രേഷ്ഠരായി കാണാനും കരുതാനും അവർക്കായ് അദ്ധ്വാനിക്കാനുമാണ് എന്റെ ഗുരു എന്നെ പഠിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ബംഗ്ലാദേശിലേക്ക് പോകാതിരിക്കാൻ എനിക്കാവില്ല.

ഇറ്റലിയിലെ ബോളോഞയ്ക്കടുത്ത് സാന്ത കാർക്കസനിയുടെ ചീഫ് എക്സിക്യൂട്ടീവ് മാനേജർ സതേഫ്നോ ദൊമേനിക്കാലിയും സംഘവും ചേർന്ന് ഒന്നരക്കോടി രൂപ വില വരുന്ന കാറാണ് ലംബോർഗിനി ഹുറക്കാൻ (Lamborghini Huracan PWD) എന്ന കാർ പാപ്പക്ക് സമ്മാനമായി നൽകി. പാപ്പയാകട്ടെ അത് നന്ദിയോടെ സ്വീകരിച്ച് ആശീർവദിച്ച് തന്റെ മുദ്ര അതിൻമേൽ ചാർത്തി ലേലത്തിനായി ഏൽപ്പിച്ചു. എന്തിനാണ് പാപ്പ കിട്ടിയ കാർ ലേലത്തിനു വയ്ക്കുന്നതെന്ന് ആരായുന്നവരോടും പാപ്പയ്ക്ക് പറയാൻ ഒന്നേ ഉണ്ടായിരുന്നുള്ളൂ. മറ്റുള്ളവരേ തന്നെക്കാൾ ശ്രേഷ്ഠരായി കരുതുക. ലേലത്തിൽ വിറ്റുകിട്ടിയ തുക യുദ്ധത്തിന്റെയും മഴക്കെടുതികളുടെയും ദുരിതമനുഭവിക്കുന്നവർക്ക് വേണ്ടി പാപ്പ ചെലവഴിച്ചു എന്നറിയുമ്പോൾ ക്രിസ്തുവിന്റെ പ്രിയസുഹൃത്തായി പാപ്പ മാറി എന്നതല്ലാതെ മറ്റെന്താണ് നമുക്ക് മനസ്സിലാകുന്നത്. പൗലോസ് അപ്പോസ്തോലന്റെ ക്രിസ്തുസ്നേഹത്തിന്റെ നീളവും വീതിയും ആഴവും നമുക്ക് കണ്ടെത്താനാകട്ടെ. അവന്റെ ശിഷ്യരാവുന്നതിൽ അഭിമാനിക്കാം നമുക്ക്. എന്തിന് ഈശോയുടെ ശിഷ്യരായി എന്ന ചോദ്യത്തിന് ജീവിതം കൊണ്ട് നമുക്ക് ഉത്തരം പറഞ്ഞു തുടങ്ങാം. ■

# അജപാലനം



ഫാ. ലോറൻസ് കുലാസ്
അജപാലന ശുശ്രൂഷാ ഡയറക്ടർ

# കുമ്പസാരത്തിനൊരുക്കമായി...

ദൈവത്തിന്റെ കരുണയും സ്നേഹവും മനുഷ്യന് അനുഭവവേദ്യമാക്കാൻ വേണ്ടി യേശു സ്ഥാപിച്ച കൂദാശയാണ് കുമ്പസാരം. ജോൺപോൾ രണ്ടാമൻ പാപ്പ പറയുന്നതുപോലെ "പാപബോധമില്ലാത്ത തലമുറയാണിത്". ഇത് തന്നെയാണ് ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയ പാപം. പാപ ബോധം ഉണ്ടാകാൻ നമ്മെ സഹായിക്കുന്ന ഒരു മഹത്തായ കൂദാശയാണ് കുമ്പസാരം.



നന്നായി ഒരുങ്ങി കുമ്പസാരിക്കാൻ കഴിഞ്ഞാൽ പുതിയ വ്യക്തിയായി മാറാൻ കഴിയുമെന്ന് തീർത്ത് പറയാനാകും. നല്ല കുമ്പസാരത്തിനായി എങ്ങനെ ഒരുങ്ങാമെന്ന് ഈ ചെറു വിവരണത്തിലൂടെ മനസ്സിലാക്കാൻ ശ്രമിക്കാം. തിരുസഭ നല്ല കുമ്പസാരം നടത്താൻ വേണ്ടി 5 കാര്യങ്ങൾ പഠിപ്പിക്കുന്നുണ്ട്.

1. പാപങ്ങളെല്ലാം ക്രമമായി ഓർക്കുന്നത്
2. പാപങ്ങളെക്കുറിച്ച് പശ്ചാത്തപിക്കുന്നത്
3. മേലിൽ പാപം ചെയ്യുകയില്ലെന്ന് പ്രതിജ്ഞ ചെയ്യുന്നത്
4. ചെയ്തുപോയ മാരക പാപങ്ങളെ വൈദീകനെ അറിയിക്കുന്നത്
5. വൈദീകൻ കല്പിക്കുന്ന പ്രായശ്ചിത്തം നിറവേറ്റുന്നത്

## പാപങ്ങളെല്ലാം ക്രമമായി ഓർക്കുന്നത്

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖയിൽ കുമ്പസാരത്തെ അനുരഞ്ജന കൂദാശ എന്നാണ് വിശേഷിപ്പിക്കുന്നത്. അതിന്റെ അർത്ഥം കുമ്പസാരത്തിലൂടെ ഒരു വ്യക്തി ദൈവവുമായിട്ടും തന്നോടുതന്നെയും സമൂഹത്തോടും വ്യക്തികളോടും അനുരഞ്ജനത്തിലാകുന്നു എന്നതാണ്. പാപക്കറ മുഴുവൻ കഴുകി ശുദ്ധീകരിക്കാൻ കർത്താവ് തന്നെ ഒരുക്കിയിരിക്കുന്ന സംവിധാനമാണ് കുമ്പസാരം എന്ന കൂദാശ. പാപങ്ങളെല്ലാം ക്രമമായി ഓർക്കാൻ ശ്രമിക്കുമ്പോൾ നാലുവിധത്തിലുള്ള പാപങ്ങൾ ഉണ്ടെന്ന് മനസ്സിലാക്കുക.

1. വിചാരത്താൽ: അഹങ്കാരം, അസൂയ, പ്രതികാര ചിന്ത എന്നീ പാപങ്ങൾ വിചാരം വഴിചെയ്യുന്ന പാപത്തിന് ഉദാഹരണങ്ങളാണ്.
2. വാക്കാൽ: പരദൂഷണം, പരനിന്ദ, ഏഷണി ഇവയെല്ലാം സംസാരം വഴിയായി ചെയ്യുന്ന പാപങ്ങളാണ്.
3. പ്രവൃത്തിയാൽ: ദുഷ്ടത, അനീതി, വഞ്ചന, പരദ്രോഹം ഇവയെല്ലാം പ്രവൃത്തികൾ മൂലം ചെയ്യുന്ന പാപങ്ങളാണ്.
4. ഉപേക്ഷയാൽ: അലസത, സ്വാർത്ഥത, വിധേയത്വമില്ലായ്മ ഇവയെല്ലാം ഉപേക്ഷമൂലം ചെയ്യുന്ന പാപങ്ങളാണ്.

മേൽപ്പറഞ്ഞ നാലുവിധത്തിലുള്ള പാപങ്ങളെ രണ്ടായി തിരിക്കാം: മാരകപാപം, ലഘുപാപം. മാരകപാപം ദൈവകല്പനയുടെ ഗൗരവമായ ലംഘനവും പരസ്പര സ്നേഹത്തിന് വിരുദ്ധവുമാണ്. കൊലപാതകം, വ്യഭിചാരം, കള്ള സാക്ഷ്യം എന്നിവ ഉദാഹരണങ്ങളാണ്. ലഘുപാപങ്ങൾ ചെയ്യുന്ന വ്യക്തി പരിശുദ്ധാത്മാവിന്റെ പ്രഥമ ഫലമായ സ്നേഹത്തെ നശിപ്പിക്കാൻ ശ്രമിക്കുന്നു.

## പാപങ്ങളെക്കുറിച്ച് പശ്ചാത്തപിക്കുക

യഥാർത്ഥ പശ്ചാത്താപം എന്നത് ഹൃദയപരിവർത്തനമാണ്. പശ്ചാത്താപം ഉണ്ടാകുമ്പോൾ കാരുണ്യവാനായ ദൈവത്തിന് ആ വ്യക്തിയോട് അലിവു തോന്നും. ദൈവസ്നേഹത്തിൽ നിന്നകന്ന് സ്വർഗ്ഗത്തെ നഷ്ടപ്പെടുത്തി നരകത്തിന് അർഹനായി/അർഹയായി തീരുമ്പോഴാണ് യഥാർത്ഥ പശ്ചാത്താപം ഉണ്ടാകുന്നത്.

(തുടരും)

# വചനജ്വാല

2018 ഒക്ടോബർ മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്

# ബി.സി.സി.യിലൂടെ ഒരേ വീക്ഷണവും സംവിധാനവുമുള്ള പങ്കാളിത്ത സഭയിലേക്ക്

*പ്രിയ ബഹുമാനപ്പെട്ട മോൺസിഞ്ഞോർ/അച്ചാ/സിസ്റ്റർ/ബി.സി.സി കോർഡിനേറ്റർ/യൂണിറ്റു ഭാരവാഹികളെ, സ്നേഹിതരേ,*

*കേരള ലത്തീൻ സഭയുടെയും സമുദായത്തിന്റെയും ചരിത്രത്താളുകളിലും പൊതു സമൂഹത്തിന്റെയും ശ്രദ്ധ പിടിച്ചുപറ്റിയ വലിയൊരു സംഭവമായിരുന്നു 2017 ഒക്ടോബർ 6, 7, 8 തീയതികളിൽ വല്ലാർപാടത്തുവച്ചു നടത്തിയ മിഷൻ കോൺഗ്രസ്-ബി.സി.സി കൺവെൻഷൻ. ഈ മഹാസംഭവത്തിന്റെ ഒന്നാം വാർഷികത്തിന്റെ ഭാഗമായി കേരള ലത്തീൻ സഭയിലെ 12 രൂപതകളിലെയും എല്ലാ ബി.സി.സി കൂട്ടായ്മകളും ഒക്ടോബർ മാസം 7-ാം തീയതി ഞായറാഴ്ച സമ്മേളിക്കുകയും മാതാവിന്റെ വിമലഹൃദയത്തോട് കഴിഞ്ഞവർഷം നടത്തിയ പ്രതിഷ്ഠ നവീകരിക്കുകയും ചെയ്യണമെന്ന് കേരള ലത്തീൻ കത്തോലിക്ക മെത്രാൻ സമിതി നിർദ്ദേശിച്ചിരിക്കുന്നു. അതിനാൽ ബഹുമാനപ്പെട്ട എല്ലാ വികാരിയച്ചൻമാരും ബിസിസി കോർഡിനേറ്റർമാരും സിസ്റ്റർ ആനിമേറ്റർമാരും ഒക്ടോബർമാസത്തെ യൂണിറ്റ് യോഗങ്ങൾ 7-ാം തീയതി ഞായറാഴ്ച നടത്തുവാൻ വേണ്ട ക്രമീകരണം ചെയ്യണമെന്ന് അറിയിക്കുന്നു. അന്നേ ദിവസം ഉപയോഗിക്കുവാനായി കെ.ആർ.എൽ.സി.സി ബി.സി.സി കമ്മിഷനും അതിരൂപതാ ബിസിസി കമ്മീഷനുംസംയുക്തമായി തയ്യാറാക്കിയ യോഗ ക്രമസഹായി പ്രയോജനപ്പെടുത്തേണ്ടതാണ്.*



### 1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം

### 2. സ്വാഗതം: കുടുംബനാഥൻ/നാഥ

### 3. ആമുഖം

2017 ഒക്ടോബർ മാസം 6,7,8 തീയതികളിൽ മിഷൻ കോൺഗ്രസിനായും ബി.സി.സി കൺവെൻഷനായും കേരള ലത്തീൻസഭയെ ഒരുമിച്ചുകൂട്ടിയതിനെ ഓർത്തു ദൈവത്തിന് നന്ദി പറയാം. അതിന്റെ തുടർപരിപാടികളായി നാം നടത്തിക്കൊണ്ടിരിക്കുന്ന എല്ലാ സംരംഭങ്ങളെയും ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിക്കാം. ഒരേ വീക്ഷണവും സംവിധാനവുമുള്ള പങ്കാളിത്തസഭയായി മാറാനുള്ള നമ്മുടെ പരിശ്രമങ്ങൾ കൂടുതൽ ഫലവത്താകാൻ വേണ്ട നടപടികൾ കൈക്കൊള്ളാം. മിഷൻ കോൺഗ്രസിന്റെയും ബി.സി.സി കൺവെൻഷന്റെയും വാർഷികമായി ആചരിക്കുന്ന ഇന്ന്, അന്നുണ്ടായ തീരുമാനങ്ങൾ നടപ്പിലാക്കി ഒരു സഭാസമൂഹമായും സമുദായമായും മുന്നോട്ടുപോകുവാൻ കൃത്യമായ തീരുമാനങ്ങൾ എല്ലാ ഇടവകകളിലും ബി.സി.സി.കൾ വഴി ഉണ്ടാകുവാൻ

പ്രത്യേകം പ്രാർത്ഥിക്കാം.

ബി.സി.സി.കളെ വിവിധ ശുശ്രൂഷകളിലൂടെ കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് നമ്മുടെ ഇടവകകളിലെ പങ്കാളിത്ത പ്രവർത്തനങ്ങൾ സജീവമാക്കാം. നമ്മുടെ ഭവനങ്ങളെയും ബി.സി.സി.കളെയും അതിലൂടെ കേരള ലത്തീൻസഭയെയും പരിശുദ്ധ കന്യകാമാതാവിന്റെ വിമലഹൃദയത്തിന് പ്രതിഷ്ഠിച്ചുകൊണ്ട് നാം വല്ലാർപാടത്തുനടത്തിയ പ്രതിഷ്ഠ നവീകരിക്കാം. തിരുക്കുടുംബത്തിന്റെ മാതൃകയിലും നല്ല അയൽപക്ക ബന്ധങ്ങളിലും സമഗ്രവളർച്ചയ്ക്കായി നമുക്ക് ഒരുമിച്ച് മുന്നേറാം. പങ്കാളിത്തശുശ്രൂഷകളിലും കൂട്ടായ്മ പ്രവർത്തനങ്ങളിലും വന്നുപോയ വീഴ്ചകളെ ഓർത്തു മനസ്തപിച്ച് ഏറ്റുപറഞ്ഞ് ബിസിസി കൂട്ടായ്മയോഗത്തിന് നമുക്ക് ഒരുങ്ങാം.

## 4. യേശുവിനെ ക്ഷണിക്കൽ

കൂട്ടായ്മയുടെയും കൂട്ടുത്തരവാദിത്തത്തിന്റെയും ശുശ്രൂഷകളുടെയും ഉറവിടവും പ്രചോദനവുമായ യേശുവിനെ നമ്മുടെ കൂട്ടായ്മയിലേക്ക് നമുക്ക് ക്ഷണിക്കാം.

## 5. വചനഗീതി

## 6. ദൈവവചന പാരായണം

(എഫേ. 4:11-16)

നാം ശ്രവിച്ച വചനത്തെക്കുറിച്ച്, വചനം നൽകുന്ന സന്ദേശത്തെക്കുറിച്ച് അല്പസമയം നിശബ്ദമായി പ്രാർത്ഥനാപൂർവ്വം നമുക്ക് ധ്യാനിക്കാം.

## 7. വചനവിചിന്തനം

ഇന്നു നാം ശ്രവിച്ച വചനത്തിൽ നിന്നും നാം മനസ്സിലാക്കേണ്ട ആദ്യ പാഠം നമുക്ക് വരം നൽകിയിരിക്കുന്നത് ദൈവമാണ്. പല ശുശ്രൂഷകൾക്കായി നാം പ്രയോജനപ്പെടുത്തുന്ന വരം ദൈവത്തിന്റെ ദാനമാണെന്നും നമ്മുടെ മേന്മയോ കഴിവോ കൊണ്ടല്ല എന്നും മനസ്സിലാക്കണം. ദൈവം ദാനമായി നൽകിയിരിക്കുന്ന വരങ്ങളെ തിരിച്ചറിയുകയും അംഗീകരിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്. പൗലോസ് അപ്പസ്തോലന്റെ വാക്കുകളിൽ ഈ ദാനങ്ങൾ നൽകിയിരിക്കുന്നത് താഴെ പറയുന്ന ദൗത്യം നിർവഹിക്കുവാനാണ്.

1. വിശുദ്ധിയിൽ വളരാൻ
2. ശുശ്രൂഷയുടെ ജോലി ചെയ്യാൻ പ്രധാനമായും ശുശ്രൂഷാ സമിതികളിലെ അംഗങ്ങളായിക്കൊണ്ട്.
3. ക്രിസ്തുവിന്റെ മൗതികശരീരമായ സഭയെ, രൂപതയെ ഫെറോനയെ, ഇടവകയെ, ബിസിസി യൂണിറ്റുകളെ പണിതുയർത്തുവാൻ.
4. വിശ്വാസത്തിൽ ശക്തിപ്പെട്ട് ദൈവപുത്രനായ യേശുവിനെ അറിയാനും അനുഭവിക്കാനും പങ്കുവയ്ക്കാനും.
5. പക്വതയാർന്ന മനുഷ്യരായി വളർന്നുകൊണ്ട് കൂട്ടായ്മയെ ശക്തിപ്പെടുത്താൻ.
6. തെറ്റായ പ്രബോധനങ്ങളിൽ അകപ്പെടാതിരിക്കാൻ.

മേൽ സൂചിപ്പിച്ച ദൗത്യങ്ങൾ നിർവഹിക്കുവാൻ നമ്മുടെ അതിരൂപതയിലും കേരളത്തിലെ ലത്തീൻ സഭയിലും നിലവിലുള്ള പ്രധാന സംവിധാനങ്ങളും വേദികളുമാണ് ബി.സി.സി. കൂട്ടായ്മകൾ.

ശുശ്രൂഷാ സമിതികൾ, ഇടവക കൗൺസിൽ, ഇടവക ധനകാര്യസമിതി, തർക്കപരിഹാര സമിതി, അതിരൂപതാ ഫെറോനാ പാസ്റ്ററൽ കൗൺസിലുകൾ. ഈ സമിതികളും സംവിധാനങ്ങളും എപ്രകാരം പ്രവർത്തിക്കുന്നു എന്ന് നാം വിലയിരുത്തേണ്ടിയിരിക്കുന്നു. ഇത്തരം വിലയിരുത്തലുകൾ ആരെയും ചെറുതാക്കാനോ, തേജോവധം ചെയ്യുവാനോ നിരുത്സാഹപ്പെടുത്തുവാനോ ആകരുത്. പ്രത്യുത ഏറ്റെടുത്തിരിക്കുന്ന ദൗത്യം എന്താണെന്നും അവ എപ്രകാരം നിർവഹിക്കുന്നുവെന്ന് ഓർമ്മപ്പെടുത്തുവാനും ആത്മപരിശോധന ചെയ്തുകൊണ്ട് കൂടതൽ താല്പര്യത്തോടും ഊർജ്ജസ്വലതയോടും കൂടി പ്രവർത്തിക്കുവാനും ഉതകുന്നതായിരിക്കണം. അത് ഏറ്റവും ഫലപ്രദമായി നിർവഹിക്കപ്പെടേണ്ടത് ഏറ്റവും താഴേ തട്ടിലുള്ള ബി.സി.സി. യൂണിറ്റുകളിൽ നിന്നും ആരംഭം കുറിച്ചുകൊണ്ടായിരിക്കണം. കാരണം ചെറിയ കാര്യങ്ങളിൽ വിശ്വസ്തർ വലിയ കാര്യങ്ങളിലും വിശ്വസ്തരായിരിക്കും. ഇതിന് ഉപകരിക്കുന്നതായിരിക്കട്ടെ ഇന്നത്തെ നമ്മുടെ ചർച്ചകൾ.

## 8. മാതാവിന്റെ വിമലഹൃദയ പ്രതിഷ്ഠയുടെ നവീകരണം

(യൂണിറ്റ് ലീഡർ ചൊല്ലിക്കൊടുക്കുന്നു. മെഴുകുതിരി കത്തിച്ചുപിടിച്ചുകൊണ്ട് ബിസിസി അംഗങ്ങൾ എഴുന്നേറ്റുനിന്ന് ഏറ്റുചൊല്ലുന്നു.

പരിശുദ്ധ മറിയമേ, നിനക്കായി എന്നെ മുഴുവനായും എന്റെ ശരീരവും ആത്മാവും എനിക്ക് അവകാശപ്പെട്ട സർവ്വതും എന്നിലെ ആന്തരീകവും ഭൗതികവുമായ സർവ്വതും എന്റെ എല്ലാ നന്മപ്രവൃത്തികളുടെ ഫലവും നിന്നിൽ ഞാൻ ഭരമേൽപ്പിക്കുന്നു. എന്നെയും, എനിക്കുള്ള സർവതും എന്താണോ നിനക്കു പ്രീതികരമാകുന്നത്, അതാക്കി എന്നെ മാറ്റണമേ. ഏറ്റവും ശ്രേഷ്ഠമായി ദൈവത്തെ മഹത്വപ്പെടുത്തുവാൻ നിന്റെ അമലോത്ഭവവും കരുണാർദ്രവുമായ തൃക്കരങ്ങളിൽ ഒരു ഉത്തമ ഉപകരണമായിത്തീരാൻ എന്നെ അനുഗ്രഹിക്കണമേ. പാപത്തിൽ ഞാൻ വീണുപോകുമ്പോൾ, എന്നെ കൈപിടിച്ച് യേശുവിന്റെ സവിധേ എത്തിക്കണമേ. കുന്തത്താൽ തുളയ്ക്കപ്പെട്ട യേശുവിന്റെ തിരുമുറിവിൽ നിന്നും ഒഴുകിയ തിരുരക്തവും ജലവുംകൊണ്ട് എന്നെ കഴുകണമേ. സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ഈ നീരുറവയിൽ എനിക്കുള്ള വിശ്വാസം ഒരിക്കലും നഷ്ടപ്പെട്ടു പോകാതെ കാത്തുസൂക്ഷിക്കുവാൻ എനിക്ക് കൃപയരുളേണമേ.

എപ്പോഴും ദൈവത്തിന്റെ തിരുവിഷ്ടം നിറവേറ്റുന്ന അമലോത്ഭവയായ മാതാവേ, എന്നെ പൂർണമായും സമർപ്പണം ചെയ്യുവാൻ യേശുവുമായി എന്നെ ഐക്യപ്പെടുത്തണമേ. സ്വർഗസ്ഥനായ പിതാവിന്റെ അരൂപിയാൽ ലോകത്തെ രക്ഷിക്കാൻ വേണ്ടി ജീവാർപ്പണം ചെയ്ത യേശുവിന്റെ സമ്പൂർണ്ണ സമർപ്പണവുമായി എന്നെയും നിന്നോടൊപ്പം ചേർത്തരുളേണമേ.

പരിശുദ്ധയായ മറിയമേ, രക്ഷകന്റെ അമ്മേ, നിന്റെ അധീനതയിൽ, നിനക്ക് അവകാശപ്പെട്ടതായി ഞങ്ങളുടെ ഇടവകയെ പൂർണ്ണമായും സമർപ്പിക്കുന്നു. ഈ ഇടവകയിലെ

എല്ലാവരേയും നിനക്ക് പ്രീതികരമാകുന്ന ജീവിതം നയിക്കുന്നവരാക്കി മാറ്റേണമേ. ഏറ്റം ശ്രേഷ്ഠമായി ദൈവത്തെ മഹത്വപ്പെടുത്തുവാൻ നിന്റെ അമലോത്ഭവവും കരുണാർദ്രവുമായ തൃക്കരങ്ങളിൽ ഒരു ഉത്തമ ഉപകരണമായിത്തീരാൻ ഞങ്ങളെ എല്ലാവരേയും അനുഗ്രഹിക്കണമേ. ആമേൻ. നന്മനിറഞ്ഞ മറിയമേ...

## 9. ചർച്ച

1. മിഷൻകോൺഗ്രസിനും ബി.സി.സി കൺവെൻഷനും ശേഷം നമ്മുടെ ഇടവകയിലുണ്ടായ പ്രവർത്തനങ്ങൾ വിലയിരുത്തുക.

2. ആറു ശുശ്രൂഷാ പ്രതിനിധികളും തങ്ങളുടെ ശുശ്രൂഷകളെക്കുറിച്ച് ചർച്ചചെയ്യുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്യുന്ന രീതി എപ്രകാരം ബി.സി.സി യോഗങ്ങളെ ശക്തിപ്പെടുത്തുന്നു?

3. നമ്മുടെ ഇടവകയിൽ പങ്കാളിത്തം ഉറപ്പാക്കുവാനായി ആരംഭിച്ചിരിക്കുന്ന വിവിധ സമിതികളായ പാരിഷ് പാസ്റ്ററൽ കൗൺസിൽ, ഫൈനാൻസ് കൗൺസിൽ, 6 ശുശ്രൂഷാ സമിതികൾ എന്നിവ കൃത്യമായി കൂടുകയും ബിസിസികളിൽ നിന്നുള്ള ആശയങ്ങൾ ഉൾക്കൊണ്ട് വിവിധ കർമ്മപരിപാടികൾ രൂപീകരിച്ച് അവ ബിസിസികളിലൂടെ പ്രാവർത്തികമാക്കുകയും ചെയ്യാറുണ്ടോ?

## 10. റിപ്പോർട്ട്

## 11. ഹാജർ

## 12. പൊതു അറിയിപ്പ്

## 13. വിശ്വാസികളുടെ പ്രാർത്ഥന

വിദ്യാഭ്യാസ പ്രക്രിയയുടെ ശരിയായ ലക്ഷ്യങ്ങൾ മനസിലാക്കി വ്യക്തികളുടെ സമഗ്രമായ വികസനത്തിലൂടെ നമ്മുടെ സമുദായത്തിന്റെയും സഭയുടെയും വളർച്ചക്കു വേണ്ടി ഒരുമയോടെ പ്രയത്നിക്കുവാനും അതിനായ് നമ്മുടെ അറിവ്, ആരോഗ്യം, സമയം, സമ്പത്ത് എന്നിവ താല്പര്യപൂർവ്വം പങ്കുവയ്ക്കുവാനുള്ള കൃപയ്ക്കുവേണ്ടി പ്രാർത്ഥിക്കാം.

ലീഡർ: നമ്മുടെ സ്രഷ്ടാവും പരിപാലകനുമായ നല്ല ദൈവം തന്റെ പ്രിയപുത്രനെ ലോകരക്ഷകനായി അയച്ചതിനെ ഓർത്ത് നമുക്ക് അവിടുത്തേക്ക് നന്ദി അർപ്പിക്കാം. അപ്പോസ്തോലന്മാരെ അയച്ചുകൊണ്ട് ലോകം മുഴുവനും സുവിശേഷപ്രഘോഷണം നടത്തുവാനുള്ള ദൗത്യം ക്രിസ്തുനാഥൻ അവരെ ഭരമേല്പിച്ചുവല്ലോ. ജ്ഞാനസ്നാനം സ്വീകരിച്ച് സാർവത്രികസഭയുടെ കണ്ണികളായ ഓരോ ലത്തീൻ ക്രൈസ്തവനും സുവിശേഷ പ്രഘോഷണകർമ്മത്തിൽ തീക്ഷ്ണതയോടെ പങ്കുചേരാനും പങ്കാളിത്തസഭാസംവിധാനത്തിൽ പൂർണമായും പങ്കുകാരനാകാനും ആവശ്യമായ കൃപാവരങ്ങൾ നൽകണമേയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

1. സുവിശേഷം നൽകുന്ന സന്തോഷത്തിൽ സഭയെ നയിക്കുന്ന പരിശുദ്ധപിതാവിനെയും എല്ലാ മെത്രാന്മാരെയും വൈദികരെയും സന്യസ്തരെയും സമൃദ്ധമായി അനുഗ്രഹിക്കണമേ. പ്രേഷിതചൈതന്യത്താൽ നിറഞ്ഞു സഭാ പ്രവർത്തനങ്ങളെ സുവിശേഷാധിഷ്ഠിതമാക്കുവാനും ക്രിസ്തുനാഥന്റെ പ്രഭയാൽ ലോകത്തെ പ്രകാശപൂർണമാക്കുവാനും ആവശ്യമായ കൃപാവരങ്ങൾ അവർക്ക് നൽകിയനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. കേരള ലത്തീൻ സഭയിലെ 12 രൂപതകളെയും അവയ്ക്ക് നേതൃത്വം കൊടുക്കുന്നവരെയും കനിഞ്ഞ് അനുഗ്രഹിക്കണമേ! ഒരേ വീക്ഷണവും സംവിധാനവുമുള്ള പങ്കാളിത്തസഭ എന്ന ലക്ഷ്യത്തോടെ മുന്നേറുന്ന രൂപതാംഗങ്ങൾ ഓരോ പ്രദേശത്തും വിശുദ്ധിയിലും വിശ്വാസത്തിലും അഭിവൃദ്ധി പ്രാപിച്ചുകൊണ്ട് ക്രിസ്തുനാഥന് സാക്ഷികളാകുവാൻ വരമേകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. കേരള ലത്തീൻ സഭയിലെ എല്ലാ ഇടവകകളെയും ഉപഇടവകകളെയും അങ്ങയുടെ കരങ്ങളിൽ സമർപ്പിക്കുന്നു. പങ്കാളിത്തസ്വഭാവമുള്ള പ്രവർത്തനങ്ങളാലും പരസ്പരം കരുതലും കാവലുമാകുന്ന കർമ്മപരിപാടികളാലും സഭാപ്രവർത്തനങ്ങളിൽ സജീവമായി വ്യാപരിക്കുവാനും വിശ്വാസജീവിതം ശക്തിപ്പെടുത്തുവാനും എല്ലാ ഇടവകാംഗങ്ങളെയും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. കേരള ലത്തീൻസഭയിലെ 13165 ബിസിസികളെയും അങ്ങയുടെ കരങ്ങളിൽ സമർപ്പിക്കുന്നു. ആദിമസഭയുടെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് അജപാലനം, സാമൂഹികം, വിദ്യാഭ്യാസം, കുടുംബം, അല്മായർ, യുവജനം തുടങ്ങിയ ആറു ശുശ്രൂഷ പ്രവർത്തനങ്ങളിലൂടെ ബിസിസികളും അതുവഴി ഇടവകകളും സഭാസമൂഹങ്ങളും സജീവമാകുവാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

പങ്കാളിത്തസഭാ സംവിധാനം സുവിശേഷ പ്രഘോഷണത്തിനും സാക്ഷ്യത്തിനും എന്ന ചിന്തയുടെ അടിസ്ഥാനത്തിൽ ഞങ്ങളുടെ ഇടവകകളിൽ ആരംഭിച്ചിരിക്കുന്ന വിവിധ ശുശ്രൂഷാ സമിതികളെ അനുഗ്രഹിക്കണമേ! വിശ്വാസത്തിലും വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും അടിയുറച്ച് വികസിക്കുന്ന ഒരു ജനസമൂഹമായി മാറ്റുവാൻ ഞങ്ങൾ ആരംഭിച്ചിരിക്കുന്ന എല്ലാ പ്രവർത്തനങ്ങളെയും അനുഗ്രഹിക്കുകയും താഴെതട്ടിൽ അവ എത്തിക്കാനുള്ള ഞങ്ങളുടെ പരിശ്രമങ്ങളെ വിജയിപ്പിക്കുകയും ചെയ്യണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## 14. ഉപസംഹാരം

ലീഡർ: സർവശക്തനും നിത്യനുമായ ദൈവമേ! അങ്ങ് ഞങ്ങളുടെ കൂട്ടായ്മ പ്രവർത്തനങ്ങളിലും സുവിശേഷപ്രഘോഷണജീവിതത്തിലും ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളെ ഓർത്തു നന്ദി പറയുന്നു. സഭാപ്രവർത്തനങ്ങളിലൂടെ ദൈവരാജ്യനിർമ്മാണ പ്രക്രിയയിൽ ഞങ്ങളെ പൂർണമായും സമർപ്പിക്കുന്നു. ദൈവസ്നേഹത്തിലാഴപ്പെട്ടുകൊണ്ട് പരസ്നേഹ പ്രവർത്തനങ്ങളിൽ വ്യാപരിക്കാനുള്ള ഞങ്ങളുടെ എല്ലാ പ്രയത്നങ്ങളെയും കരുണാപൂർവ്വം കാത്തുകൊള്ളണമേ! കർത്താവായ യേശുക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളേണമേ, ആമേൻ!

## 15. സമാപനഗാനം

## 16. സ്നേഹവിരുന്ന്.

## 17. നന്ദി




# ജ്ഞാനസ്നാനം സ്വീകരിക്കാൻ...

*'അച്ചാ, ആദ്യകുർബ്ബാന സ്വീകരിച്ച എന്റെ മകൾ ഇതുവരെ ജ്ഞാനസ്നാനം സ്വീകരിച്ചിട്ടില്ല; ഇനി എന്തു ചെയ്യും?"*

തിരുവനന്തപുരം അതിരൂപതയിലെ ഒരു ഇടവക വികാരിയാണ് ഞാൻ. ആദ്യകുർബ്ബാന സ്വീകരിച്ച് ഒരാഴ്ച കഴിഞ്ഞ ഒരു പെൺകുട്ടിയുടെ അമ്മ ക്ഷമാപണത്തോടെ പറഞ്ഞു: "അച്ചാ, ആദ്യകുർബ്ബാന സ്വീകരിച്ച എന്റെ മകൾ ഇതുവരെ ജ്ഞാനസ്നാനം സ്വീകരിച്ചിട്ടില്ല. ഇനി എന്തു ചെയ്യും?" ഇടവകയിലെ മതബോധന ക്ലാസ്സുകളിലും ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ദിവ്യബലിയിൽ കൃത്യമായി പങ്കെടുക്കുന്ന കുട്ടിയായിരുന്നു അവൾ. ഈ പ്രശ്നം എങ്ങനെയാണ് പരിഹരിക്കേണ്ടത്?

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള നിയമം (CIC) 849, പൗരസ്ത്യ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CCEO) 675 § 2 എന്നിവയനുസരിച്ച് കൂദാശകളിലേയ്ക്കുള്ള കവാടം ജ്ഞാനസ്നാനമാണ്. അതായത്, ജ്ഞാനസ്നാനം സ്വീകരിച്ച വ്യക്തിക്കുമത്രമേ മറ്റു കൂദാശകൾ സ്വീകരിക്കാൻ കഴിയൂ.

ദിവ്യബലിയിലും ഇടവകയിലെ മറ്റു ശുശ്രൂഷകളിലും സജീവമായി പങ്കെടുക്കുന്നവർ സമയാസമയങ്ങളിൽ സ്വീകരിക്കേണ്ട കൂദാശകൾ സ്വീകരിച്ചിട്ടുണ്ടാകുമെന്ന് കരുതുന്നത് സ്വാഭാവികമാണ്. അതുപോലെതന്നെ ദിവ്യബലിയിൽപ്പോലും പങ്കെടുക്കാതെ ജീവിക്കുന്ന ക്രൈസ്തവ കത്തോലിക്കാ കുടുംബങ്ങളിലെ അംഗങ്ങൾ സമയാസമയങ്ങളിൽ സ്വീകരിക്കേണ്ട കൂദാശകൾ സ്വീകരിച്ചിട്ടുണ്ടോ എന്ന സംശയവും സ്വാഭാവികമാണ്. അതുകൊണ്ട് മറ്റു കൂദാശകളുടെ സ്വീകരണത്തിനായി ഒരുങ്ങുന്ന വ്യക്തി ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുണ്ടെന്ന് അയാളെ ഒരുക്കുന്നവർ ഉറപ്പുവരുത്തേണ്ടതാണ്. ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുണ്ടോ എന്നോ, സഭ അംഗീകരിക്കുന്ന ജ്ഞാനസ്നാനംതന്നെയാണോ സ്വീകരിച്ചത് എന്നോ സംശയമുണ്ടായാൽ (CIC) 869 § 1 പ്രകാരമുള്ള നടപടി കൈക്കൊള്ളണം. പ്രസ്തുത നടപടിക്ക് രണ്ട് ഘട്ടങ്ങളുണ്ട്; 1) നിലനില്ക്കുന്ന സംശയങ്ങൾ ദൂരീകരിക്കാൻ ഗൗരവമായ അന്വേഷണം നടത്തണം; 2) അന്വേഷണശേഷവും സംശയം നിലനില്ക്കുന്നുവെങ്കിൽ നിബന്ധനയോടുകൂടി (Conditional) ജ്ഞാനസ്നാനം നല്കണം.

ആയതിനാൽ, ജ്ഞാനസ്നാനം ഒഴികെയുള്ള കൂദാശകൾ ആദ്യമായി സ്വീകരിക്കാനൊരുങ്ങുന്ന വ്യക്തി ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാൻ ഒരുക്കസമയത്തുതന്നെ, ജ്ഞാനസ്നാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടുക. സർട്ടിഫിക്കറ്റ് ലഭ്യമല്ലായെങ്കിൽ, (CIC) 876, CCEO 691 എന്നിവപ്രകാരം ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ളതായി സംശയാതീതമായ സാക്ഷ്യപ്പെടുത്തലിലൂടെ ഉറപ്പാക്കുക.



ഇനി താങ്കളുടെ സംശയത്തിലേക്കുവരുന്നു. ഇടവകയിലെ എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കി ആദ്യകുർബ്ബാന സ്വീകരിച്ച ഒരു പെൺകുട്ടി യഥാർഥത്തിൽ ജ്ഞാനസ്നാനം സ്വീകരിച്ചിട്ടില്ല എന്നതാണ് പ്രശ്നം. പ്രസ്തുത പ്രശ്നപരിഹാരത്തിന് മുകളിൽ സൂചിപ്പിച്ച (CIC) 869 § 1 പ്രകാരമുള്ള നടപടി കൈക്കൊള്ളുക. മേലിൽ ജ്ഞാനസ്നാനമൊഴികെയുള്ള കൂദാശകൾ ആദ്യമായി സ്വീകരിക്കുവാനൊരുങ്ങുന്നവർ CIC 849, 876; CCEO 675 § 2, 691 എന്നിവപ്രകാരം ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ■




# സെന്റ് മേരീസ് എൽപിജിഎസ്, പുല്ലുവിള

കരുംകുളം വില്ലേജിൽ പുല്ലുവിള ദേശത്ത് അക്ഷരവെളിച്ചം പകരാനായി 1915 ൽ സ്ഥാപിതമായ സ്കൂളാണ് സെന്റ് മേരീസ് എൽപിജിഎസ്. അന്നത്തെ മാനേജരായ ശ്രീ. വവ്വീഞ്ഞ് വാധ്യാർ അവർകളിൽ നിന്ന് ബഹു. ഫാ. ബോർജിയ പീറ്റർ, സെന്റ് ജേക്കബ് ഇടവക പള്ളിക്കായി പ്രസ്തുത സ്കൂൾ എഴുതിവാങ്ങി.

സാക്ഷരതയിൽ പിന്നോക്കമായിരുന്ന തീരദേശത്തെ പെൺകുട്ടികളെ മുഖ്യധാരയിൽ കൊണ്ടുവരാൻ വേണ്ടിയാണ് ഈ സ്കൂൾ ആരംഭിച്ചത്. ആദ്യകാലത്ത് പെൺകുട്ടികൾക്ക് മാത്രമായിരുന്നു പ്രവേശനം നൽകിയിരുന്നത്. ക്രമേണ ആൺകുട്ടികൾക്കും പ്രവേശനം നൽകി. 103 വർഷം പഴക്കമുള്ള ഈ സ്കൂളിൽ 99 ശതമാനവും പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളാണ് പഠിക്കുന്നത്.

ആദ്യം ഓലമേഞ്ഞ കെട്ടിടത്തിലായിരുന്നു പഠനം നടത്തിയിരുന്നത്. 2004 ൽ ഉണ്ടായ സുനാമിയെ തുടർന്ന് സർക്കാർ അനുവദിച്ച സുനാമി ഫണ്ടും മാനേജ്മെന്റിൽ നിന്നുള്ള ധനസഹായവും ഉപയോഗിച്ച് 2009 ൽ ഇന്ന് കാണുന്ന മൂന്നുനില കെട്ടിടം നിർമ്മിച്ചു. അതിന് പൂർണനേതൃത്വം നൽകിയത് അന്നത്തെ ഇടവക വികാരിയായിരുന്ന റവ. ഫാ. ഡോ. നിക്കോളാസ്.ടി ആണ്.

കാലാകാലങ്ങളിൽ വരുന്ന മാനേജർമാരുടെ പിന്തുണയോകൂടി സ്കൂൾ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നു. ഈ സ്കൂൾ വർഷം കുട്ടികളുടെ എണ്ണത്തിൽ വർധനവുണ്ടായി. പ്രധാനാധ്യാപിക ജൂഡി ആന്റണിയുടെ നേതൃത്വത്തിൽ അഞ്ച് അധ്യാപകർ ഈ സ്കൂളിൽ ജോലി ചെയ്യുന്നു. വലുപ്പച്ചെറുപ്പമില്ലാതെ എല്ലാവരും ഒരു ടീം ആയി അച്ചടക്കത്തിലും സ്വഭാവരൂപീകരണത്തിലും ശ്രദ്ധപതിപ്പിക്കുന്നു. കുട്ടികൾക്ക് കൃഷിയോട് താൽപ്പര്യം ജനിപ്പിക്കാൻ ഒരു ജൈവപച്ചക്കറിത്തോട്ടവും, പൂന്തോട്ടവും വച്ചുപിടിപ്പിച്ചു. കുട്ടികളിലെ സർഗാത്മകശേഷി വികസിപ്പിക്കാനായി ഡ്രോയിംഗ്, സംഗീതം, നൃത്തം, പാഴ് വസ്തുക്കൾ കൊണ്ടുള്ള നിർമ്മാണം എന്നിവ പഠിപ്പിക്കുന്നു. 2017-18 ലെ ഉപജില്ലാ ബാലകലോത്സവത്തിൽ ഈ സ്കൂളിലെ ഒരു ഗ്രൂപ്പിന് എ ഗ്രേഡ് ലഭിക്കുകയുണ്ടായി. ഈ വർഷം ഞങ്ങൾക്ക് മികച്ച ഒരു ബാൻഡ് ട്രൂപ്പുണ്ട്. മലയാള മനോരമ നല്ലപാഠം ക്ലബിന്റെ പ്രവർത്തനഫലമായി ധാരാളം ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിവരുന്നു. നാളത്തെ വാഗ്ദാനമായ പൗരന്മാരെ അറിവിലും സ്നേഹത്തിലും സാഹോദര്യത്തിലും വാർത്തെടുക്കുന്ന ദൗത്യമാണ് മികച്ച അധ്യയനം എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.













## കളിവീട്

ഉണ്ടൊരു കൊച്ചു കളിപ്പന്തൽ
കുഞ്ഞുങ്ങൾക്ക് കളിപ്പാനായ്
ചക്കരകൊണ്ട് തൂണെല്ലാം
കൽക്കണ്ടത്താൽ തറയെല്ലാം
നല്ല കരിമ്പാൽ മേൽക്കൂര
മുറ്റം മുഴുവൻ പഞ്ചാര
ചാരത്തുണ്ടൊരു കൊച്ചരുവി
ചാടിത്തുള്ളും തേനരുവി

– **അനു, II A**

## പൂത്തുമ്പി

പൂവുകൾ തോറും പാറി നടക്കും
വർണ്ണച്ചിറകുള്ള തുമ്പീ
എന്നോടൊപ്പം കൂടാമോ?
പൂക്കൾ തേടി പോകാമോ?
മാനംമുട്ടെ പറക്കാമോ?
പാറി പാറി പോകാമോ?
വർണ്ണ ചിറകുള്ള തുമ്പീ

– **സനൽ, II A**

## കണ്ടക്ടർ

കാക്കിക്കാരൻ കണ്ടക്ടർ
കാലുറയിട്ടൊരു കണ്ടക്ടർ
ചരടുപിടിക്കും കണ്ടക്ടർ
ചാടിക്കയറും കണ്ടക്ടർ
കാശു പിരിക്കും കണ്ടക്ടർ
പേശി നടക്കും കണ്ടക്ടർ
ടിക്കറ്റ് കൊടുക്കും കണ്ടക്ടർ
ചില്ലറ നൽകും കണ്ടക്ടർ
അമ്പട നമ്മുടെ കണ്ടക്ടർ
പൊണ്ണത്തടിയൻ കണ്ടക്ടർ.

– **സാമുവൽ, II A**

## Bridles

I am a fruit
I am round
I am orange in colour - Orange

I am a bird
I can talk
I am green in colour - Parrot

I am a Vegetable
I am small
I am hot
I am green and red colour - Chilly

**- Tijo, Std II**

നേർക്കാഴ്ച

ജെ.സി



# സമാനതകളില്ലാത്ത രക്ഷാപ്രവർത്തനം നടത്തിയ മത്സ്യത്തൊഴിലാളികൾ

Kerala floods: Fishermen set a new model
in rescue mission

- Times of India

ഒരു വർഷത്തിനുള്ളിൽ രണ്ട് ദുരന്തങ്ങൾ നേരിട്ട കേരളത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ നിർണായക പങ്കുവഹിക്കാനായത് മത്സ്യത്തൊഴിലാളികൾക്കാണെന്ന് തെളിഞ്ഞിരിക്കുന്നു. ഓഖി ദുരന്തവേളയിലും കാണാതായ തങ്ങളുടെ സഹോദരങ്ങളെ തേടി ഉൾക്കടലിൽ പോകാൻ സന്നദ്ധമായ മത്സ്യത്തൊഴിലാളികൾ സർക്കാർ സംവിധാനങ്ങൾ പരാജയപ്പെട്ടിടത്ത് തങ്ങളുടെ കാര്യക്ഷമത പ്രകടമാക്കി. ദുരന്തം അനുഭവിച്ചവന് മാത്രമേ ദുരിതത്തിൽ പെട്ടവരുടെ വേദനയുടെ തീവ്രത അറിയൂ. ഈ സത്യം വെളിവാക്കുന്നതാണ് ഈ നൂറ്റാണ്ടിൽ കേരളം കണ്ട ഏറ്റവും വലിയ പ്രളയത്തിന്റെ മുമ്പിൽ ദുരിതാശ്വാസ ദൗത്യം ഏറ്റെടുക്കാൻ മത്സ്യത്തൊഴിലാളികൾ കാട്ടിയ സന്നദ്ധത. മത്സ്യത്തൊഴിലാളികളുടെ ധൈര്യവും കടലിലെ പരിചയവും രക്ഷാപ്രവർത്തനം വേഗത്തിലാക്കി. രാപകൽ വ്യത്യാസമില്ലാതെയാണ് രക്ഷാപ്രവർത്തനം നടത്തിയത്.

ഒരാഴ്ചക്കാലം തങ്ങളുടെ ഉപജീവനമായ മീൻപിടുത്തം ഉപേക്ഷിച്ചുകൊണ്ടാണ് ഈ രക്ഷാദൗത്യം അവർ ഏറ്റെടുത്തത്. 600 ലധികം ഔട്ട് ബോർഡ് മോട്ടോർ ഘടിപ്പിച്ച നാടൻ വള്ളങ്ങൾ ഈ ദൗത്യത്തിനായി ആദ്യഘട്ടത്തിൽ തന്നെ മുന്നോട്ടുവന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിലെ മത്സ്യത്തൊഴിലാളികളായിരുന്നു ഇവരിലധികവും. യാതൊരു പ്രതിഫലവും പ്രതീക്ഷിക്കാതെയാണ് അവർ മുന്നോട്ടുവന്നത്. തങ്ങളുടെ വള്ളങ്ങൾ നിശ്ചിതസ്ഥലത്ത് എത്തിക്കാനുള്ള ലോറികളുടെ സൗകര്യം മാത്രമേ, അവർ ആവശ്യപ്പെട്ടുള്ളൂ. പത്തനംതിട്ട, കുട്ടനാട്, പന്തളം, ചെങ്ങന്നൂർ പ്രദേശങ്ങളിലാണ് ഇവർ പ്രധാനമായും എത്തിയത്. 50,000 ത്തോളം പേരെ രക്ഷിച്ചുവെന്നാണ് ഒരു ഏകദേശ കണക്ക്. ഹെലികോപ്റ്റർ ഉപയോഗിച്ച് രക്ഷിക്കാനാവാത്തവിധം വീടുകളിൽ കുടുങ്ങിക്കിടന്നവരെ മത്സ്യത്തൊഴിലാളികൾ സാഹസികമായി രക്ഷപ്പെടുത്തി. വെള്ളം പൊങ്ങിയ ചെറിയ റോഡുകളിലൂടെയും പാടങ്ങളിലൂടെയും ഇവർ തേടിച്ചെന്ന് യന്ത്രവൽക്കൃത വള്ളങ്ങൾ വീടുകളോട് അടുപ്പിച്ച് നീന്തിച്ചെന്നാണ് വീട്ടിൽ കുടുങ്ങിയവരെ രക്ഷിച്ചത്. ശക്തമായ ഒഴുക്കുമൂലം റബർ ബോട്ടുകൾക്കും മറ്റും പോകാൻ പറ്റാത്ത സ്ഥലത്താണ് ഇവർ ഒഴുക്ക് മുറിച്ചെത്തിയത്. കുടിവെള്ളം, ഭക്ഷണ സാധനങ്ങൾ, വസ്ത്രങ്ങൾ എന്നിവ എത്തിക്കാനും അവർ മുന്നിൽനിന്നു.

മത്സ്യത്തൊഴിലാളികളുടെ പ്രവർത്തനം മാതൃകാപരവും ആശ്വാസകരവുമാണെന്നും, ധീരത കാട്ടിയവരെ സർക്കാർ ആദരിക്കുമെന്നും മുഖ്യമന്ത്രി പറയുകയുണ്ടായി. നല്ലകാര്യം തന്നെ. എന്നാൽ നമ്മുടെ ദുരിതനിവാരണ സംവിധാനങ്ങളായ കോസ്റ്റ്ഗാർഡ്, കോസ്റ്റൽ പോലീസ്, മറൈൻ എൻഫോഴ്സ്മെന്റ് എന്നീ മേഖലകളിൽ തീരസമൂഹത്തിന് യാതൊരു പരിഗണനയും പ്രാതിനിധ്യവും ഇല്ല. നമ്മുടെ സംവിധാനങ്ങൾ അടിമുടി മാറണം. വരുംനാളുകളിൽ ധീരമായ നിലപാടുകൾ എടുത്ത് സർക്കാരിനെക്കൊണ്ട് ഇക്കാര്യത്തിൽ തീരുമാനമെടുപ്പിക്കാനുള്ള നീക്കങ്ങളാണ് നമ്മിൽ നിന്ന് ഇനി ഉണ്ടാകേണ്ടത്. ■


കൊച്ചുവേളാങ്കണ്ണി തീർത്ഥാടനം
പള്ളിത്തുറ പരിശുദ്ധ വേളാങ്കണ്ണി ആരോഗ്യമാതാവിന്റെ
തിരുനാൾ
മഹാമഹം
ആഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 8 വരെ
സെപ്റ്റംബർ 7ന് ഭക്തിനിർഭരമായ
ചപ്രപ്രദക്ഷിണം
സെപ്റ്റംബർ 8ന്
പൊന്തിഫിക്കൽ ദിവ്യബലി
ഭക്തജനങ്ങൾക്ക് പരിശുദ്ധ മാതാവിന്റെ സവിധത്തിലേക്ക് സ്വാഗതം
Graphics 9645188531

Total Page 44
Pub. Date : 01.09.2018
RNI Registered NO. 36056/81 REG NO. KL/TV(S)266/2018-2020. WPP NO. KL/TV(S)WPP/171/2018-2020 JEEVANUM VELICHAVUM Rs. 25.00


# ചരിത്ര പ്രസിദ്ധ ദേശീയ മരിയൻ തീർത്ഥാടന കേന്ദ്രവും ബസിലിക്കയുമായ വല്ലാർപാടം പള്ളിയിൽ

# പരിശുദ്ധ വല്ലാർപാടത്തമ്മയുടെ തിരുനാൾ

## 2018 സെപ്തംബർ 16 മുതൽ 24 വരെ



**പരിശുദ്ധ വല്ലാർപാടത്തമ്മയുടെ തിരുനാൾ സെപ്തംബർ 16 മുതൽ 24 വരെ**

16 ഞായറാഴ്ച വൈകിട്ട് 5.30ന്: കൊടികയറ്റം, പൊന്തിഫിക്കൽ സമൂഹ ദിവ്യബലി
മുഖ്യകാർമ്മികൻ: മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ (വരാപ്പുഴ മെത്രാപ്പോലീത്ത)
23 ഞായർ വൈകിട്ട് 5.30ന്: പൊന്തിഫിക്കൽ ദിവ്യബലി
മുഖ്യകാർമ്മികൻ: ബിഷപ് ഡോ. ജോസഫ് കാരിക്കശ്ശേരി (കോട്ടപ്പുറം മെത്രാൻ)
24–ന് തിങ്കളാഴ്ച രാവിലെ 9.30ന് തിരുനാൾ പൊന്തിഫിക്കൽ സമൂഹ ദിവ്യബലി, പ്രസംഗം
മുഖ്യകാർമ്മികൻ: ആർച്ച്ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ (ആർച്ച്ബിഷപ് എമരിത്തൂസ്, വരാപ്പുഴ അതിരൂപത)

**എട്ടാമിടം സെപ്തംബർ 30 മുതൽ ഒക്ടോബർ 1 വരെ**

മോൺ. ജോസഫ് തണ്ണിക്കോട്ട് (വികാരി/റെക്ടർ) ഫാ. ആന്റണി ഷൈൻ കാട്ടുപറമ്പിൽ (ചെയർമാൻ, വല്ലാർപാടം കൺവെൻഷൻ)
ഫാ. ടിജൊ തോമസ് കോലോത്തുംവീട്ടിൽ, ഫാ. ബെൻസൺ ജോർജ്ജ് ആലപ്പാട്ട്, ഫാ. എബിൻ ജോസ് വാര്യത്ത് (സഹവികാരിമാർ)

**NATIONAL SHRINE BASILICA OF OUR LADY OF VALLARPADOM** (Archdiocese of Verapoly)
Vallarpadom, Cochin 682 504, Ph: 0484 2363952


Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at St.Joseph's Press, Tvm 0471-2327671, for Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto